പത്രാധിപർ,

License No. 136/3-5-27.

സരസകവി മൂലൂർ എസ്സ് പത്മനാഭപ്പണിക്കർ

# പ്രബുദ്ധസിംഹളൻ.

# THE PRABUDHA SIMHALAN.

മനുഷ്യാണാംമനുഷ്യത്വം – ജാതിർഗ്ഗോത്വംഗവാംയഥാ
ന ബ്രാഹ്മണാദിരസ്യൈവം - ഹാതത്വംവേത്തികോപിന

(ബ്രഹ്മശ്രീ, ശ്രീനാരായണ പരമഹംസർ)

പുസ്തകം ൧. } ൧൧൦൩ കന്നി } ലക്കം ൪

## മംഗളങ്ങൾ

വിപ്രലബ്ധലോകമാംതമസ്സുകന്ദമേൽക്കുമേൽ
ചിൽപ്രകാശമിദ്ധരയ്ക്കുവായ്ക്കുവാൻനിദാനമായ്
ഈ‘പ്രബുദ്ധസിംഹളൻ,ജയിക്കുമാറുസിദ്ധനാ-
മപ്രമേയവൈഭവൻതഥാഗതൻതുണയ്ക്കണം.

മഹാകവി. ഉള്ളൂർ

പ്രസിദ്ധനാം“സരസകവി”പ്പണിക്കർതൻ
പ്രസന്നവാക്പ്രഹിതഹിതോപദേശവും
പ്രവർത്തകക്രിയല്പമൊരൈക്യബോധവും
“പ്രബുദ്ധസിംഹള,,നവളക്ക്മംഗളം.

മഹാകവി വള്ളത്തോൾ

പ്രബുദ്ധഃ സിംഹളഃകശ്ചി—ന്നിദ്രാണാൻദ്ദൂരതോപരേ
തഥാപിദൈവാദഭൂത്—തൽപ്രബോധയിതാഭവാൻ

മഹോപാദ്ധ്യായൻ എൻ. പി: പണിക്കർ. ചങ്ങനാശ്ശേരി.

മാനേജർ—ഇ. കെ. കുഞ്ഞുരാമൻ.

# വിഷയപരമ്പാടി

൧ ധർമ്മപാഠം

മഹാകവി എൻ. കുമാരനാശാൻ

൨ തുഞ്ചത്തെഴുത്തച്ഛൻ

൩ കൊയ്ത്തിറങ്ങിയപാടം- [മഞ്ജരി]

കോമത്തു. കുഞ്ഞുരാമൻ.

൪ നേഷൻ; അല്ലെങ്കിൽ ജനത

വിദ്വാൻ എം. കെ. ശംകരൻ

൫ നാസ്തിക്യം

പന്തളം എൻ. പരമേശ്വരൻ [നമ്പ്യാതിരി.

൬ ശ്രീകുമാരചരമം

മഹോപാദ്ധ്യായൻ എൻ. പി. (പണിക്കർ. ചങ്ങനാശേരി.

൭ ഗന്ധർവ്വൻ കുഞ്ഞു-ഒരു കഥ

പി. പി. എൻ.

൮ ശ്രീധരസ്വാമി ചരിത്രം

ഇ. കെ. കുഞ്ഞൂരാമൻ.

൯ ഛായാപല്ലവങ്ങൾ

എസ്. പി. പി.

൧൦ പരേതനായ രാമകൃഷ്ണപിള്ള അവർകളുടെ [കത്തുകൾ

എസ്. പി. പണിക്കർ.

൧൧ ശ്രീനാരായണഗുരുസ്വാമികളുടെ അവ [സരോക്തി ശകലങ്ങൾ

൧൨ ഭാഷാന്തരീകരണീയം

൧൩ ഗ്രന്ഥനിരൂപണവീഥി

൧൪ സ്വാമിതിരുനാൾ മംഗളം

പി. ലീലാബായി.

൧൫ വാർത്താവല്ലരി

൧൬ കൈരളീമുരളി

കവിരാമായണവാദപ്രതിവാദം തുടർച്ച്

൧൭ ഭാഷാന്തരങ്ങൾ etc

# മാന്യവരിക്കാൎക്ക്.

## പ്രത്യേകവിജ്ഞാപനം

ഉത്തമന്മാരെന്നു ഞങ്ങൾക്കു തോന്നിയിട്ടുള്ള പരിചിതന്മാരും അപരിചിതന്മാരുമായ, പലമാന്യന്മാൎക്കും അപേക്ഷയും ഗ്രാഹ്യവും അനുസരിച്ചും അല്ലാതെയും ഞങ്ങൾ മാസിക അയച്ചുകഴിഞ്ഞിരിക്കുന്നു.

ആറാംമാസത്തെമൂല്യസംഖ്യ എങ്കിലും ഞങ്ങൾക്കു മുൻകൂറായി കിട്ടണമെന്നഅപേക്ഷയുണ്ട്. വി. പി. ഏൎപ്പാടു, വരിക്കാൎക്കും ഞങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ടും നഷ്ടവും ഉണ്ടാക്കുന്നതാണ്. ആകയാൽ ഞങ്ങൾതല്ക്കാലം പത്തനംതിട്ട പത്തനാപുരം, കൊല്ലം മുതലായ സ്ഥലങ്ങളിൽ പണപ്പിരിവിനായി ഇലന്തൂർ പരിയാരം പൈങ്കൽ കൊച്ചുകുഞ്ഞു എന്ന ആളിനേയും ചെങ്ങന്നൂർ, മാവേലിക്കര തിരുവല്ല മുതലായ സ്ഥലങ്ങളിൽ പണപ്പിരിവിനായി സി. കെ. ഗോവിന്ദൻ എന്ന ആളിനേയും ഞങ്ങളുടെ ഒപ്പോടുകൂടിയ രസീതും കൊടുത്തയച്ചുകൊള്ളുന്നു. കാലവിളംബം വരുത്താതെ ഓരോരുത്തരും വരിപ്പണം പിരിവുകാരെ ഏല്പിച്ചു രസീതുവാങ്ങിക്കൊള്ളണമെന്നും അല്ലാത്തുള്ളവർ മണിഓർഡറായി അയച്ചുതരണമെന്നും സൗഹാൎദ്ദപുരസ്സരം എല്ലാവരോടും അപേക്ഷിക്കുന്നു.

പ്രബുദ്ധസിംഹളൻ മാനേജർ.

THE

# Prabudha Simhalan.

# പ്രബുദ്ധസിംഹളൻ.

പുസ്തകം ൧. § ൧൧൦൩ കന്നി § ലക്കം ൪.

## ധർമ്മപാഠം

എന്തുപറവൂ എന്തോർപ്പൂ-ജാതി-ഹന്ത! വിഡംബനംരാജൻ!!
ക്രോധിച്ചുജന്തുപോരാട്ടം-സ്വന്ത-നാദത്തിൻമാറ്റൊലിയോട്ടം!!
വല്ലിതന്നഗ്രത്തിൽനിന്നോ-ദ്വിജൻ-ചൊല്ലുകമേഘത്തിൽനിന്നോ!!
യാഗാഗ്നിപോലെശമീതൻ-ഖണ്ഡയോഗത്തിൽനിന്നോജനിപ്പൂ!!
അജ്ജാതി,രക്തത്തിലുണ്ടോ-അസ്ഥിമജ്ജയിത്തുകളിലുണ്ടോ?!
ചണ്ഡാലിതൻമെയ്,ദ്വിജന്റെ-ബീജ-പിണ്ഡത്തിനൂഷരമാണോ?!!
പുണ്ഡ്രമോപൂണനൂൽതാനോ-ശിഖാഷണ്ഡമോജന്മജമാണോ!!
അക്ഷരബ്രഹ്മംദ്വിജന്മാർ-സ്വയംശിക്ഷകൂടാതറിയുന്നോ?!!
എല്ലാക്രിമികളുംപോലെ-ജനി-ച്ചില്ലാതാംമർത്ത്യരെയെല്ലാം!
കല്യമാംകർമ്മനിയതി—കര—പല്ലവംതാൻചെയ്കയല്ലേ?
മുട്ടയായും പുഴവായും—നിറം—പെട്ടചിറകുകളാർന്നു
ചട്ടററവിണ്ണിൽപ്പറന്നു—മലർ—മട്ടുണ്ണുംപൂമ്പാറ്റയായും!
പോകുന്നിതുമാറിമാറി—പ്പല—പാകത്തിലേകബീജംതാൻ
നാമ്പുംകരുമൊട്ടുംവണ്ണം—പൂണ്ട—ക്രുമ്പുംമലരുംസുമംതാൻ
നെല്ലിൻചുവട്ടിൽമുളയ്ക്കും—കാട്ടു—പുല്ലല്ലസാധുപുലയൻ
ശങ്കവേണ്ടൊന്നായ് പുലർന്നാൽ-അതും-പൊൻകതിർപൂണുംചെടിതാൻ

മഹാകവി കുമാരനാശാൻ.

# തുഞ്ചത്തെഴുത്തച്ഛൻ

കാളിദാസപ്രഭൃതികളായ സംസ്കൃത മഹാകവികളുടേയും തുഞ്ചത്തെഴുത്തച്ഛൻമുതലായമലയാളമഹാകവികളുടേയും ജീവചരിത്രങ്ങൾ തേടിപ്പിടിക്കുവാൻ അധുനാതനന്മാരായ ചരിത്രാന്വേഷകന്മാർ ചെയ്തുവരുന്ന ശ്രമം 'ആററിൽക്കളഞ്ഞിട്ടു അറയിൽതപ്പുന്നതുപോലെ, യുള്ള ഒരുവ്യർത്ഥശ്രമമായിട്ടാണു നാംകാണുന്നതു. സ്വാർത്ഥപരന്മാരായ ചില ബുദ്ധിശാലികൾ അവരുടെ വാഗ്ദേവീവിലാസവും സങ്കല്പശക്തിയും അനുസരിച്ചു മഹാകവികളുടെ ചരിത്രങ്ങളേ ചില കഥകളുടെ സമ്പ്രദായത്തിൽ കെട്ടിച്ചമയ്ക്കുകയും ഗതാനുഗതികത്വത്തിനു പണ്ടേ പേരെടുത്തിട്ടുള്ള നമ്മുടെ ആളുകൾ അക്കഥകളെയെല്ലാം അങ്ങു വിശ്വസിച്ചു നിന്നുകൊടുക്കുകയും ചെയ്തതിനാലാണു ആന പിടിച്ചാലിളകാത്ത, അബദ്ധകഥകളും ചരിത്രങ്ങളും നമ്മുടെ നാട്ടിൽ ഇപ്പോൾ പരന്നുകഴിഞ്ഞിരിക്കുന്നതു. പണ്ടുപണ്ടേ പൊന്നും ചിങ്ങമാസത്തിൽ സംവത്സരംതോറും നമ്മാൽ ഘോഷിക്കപ്പെട്ടുവരുന്നതും കേരളീയ ജനതയേ ആബാലവൃദ്ധം ഇളക്കിമറിക്കുന്നതുമായ 'തിരുവോണ,ത്തിൻെറ ആഗമകാരണം തന്നേ എത്ര ഭൂരഭിന്നമായ രീതിയിലാണു മലയാളികൾ പ്രസ്താവിച്ചുകേൾക്കുന്നതു. 'മവേലിനാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ, എന്നിപ്രകാരം നമ്മുടെ മുത്തശ്ശിമാർ തുടങ്ങി ഉണ്ണിക്കിടാങ്ങൾവരെയുള്ള സമസ്തകേരളീയരും മറന്നുപോകാതെ കരളലിഞ്ഞു പാടത്തക്കവണ്ണം സകലജനരഞ്ജനയോടുകൂടി 'രാജ്യംഭരിച്ചിരുന്നമഹാബലി, ചക്രവർത്തിയേ വാമന ബ്രാഹ്മണൻ ചതിച്ചുനാടു കൈവശമാക്കിയ ശേഷം മഹാബലിയെ പാതാളപര്യന്തം പതിപ്പിച്ചകഥ, പുരാണപ്രസിദ്ധമാണല്ലോ. ഒരാണ്ടിൽ ഒരു ദിവസം മാത്രം കേരളം സന്ദർശിച്ചുപോകാൻ തനിക്കനുവാദം ലഭിക്കണമെന്നു മഹാബലി വാമനനോടർത്ഥിക്കുകയും അദ്ദേഹം അതനുവദിക്കുകയും ചെയ്തതിനാൽ 'മഹാബലി, പ്രതിവത്സരം തിരുവോണത്തുന്നാൾ കേരളത്തിൽ വരുന്നു എന്നാണു ഒരു പക്ഷക്കാരുടെ അഭിപ്രായം.

'ഓണേനിശായാമൊരുഭാജനത്തി
ലൂണിനുവേണ്ടുന്നൊരുകോപ്പതെല്ലാം
മഹാബലിക്കായിഹവച്ചിടുന്നു
മഹാനസംതന്നിലിതമ്മശംസ്ത്രം,

പരേതനായ പണ്ഡിതശ്രീ വയസ്കര ആര്യ്യനാരായണൻ മൂസ്സതു അവർകൾ ഇങ്ങനെ ഒരിക്കൽ പറഞ്ഞതായിട്ടും ഓർക്കുന്നുണ്ടു. മറെറാരു പക്ഷക്കാ

രുടെ അഭിപ്രായഗതി ഇതല്ല. ശ്രീപരശുരാമൻ കേരളഭൂമി മുഴുവൻ ഉദ്ധരിച്ചു ബ്രാഹ്മണൎക്കു ദാനം ചെയ്തു തപശ്ചരണത്തിനു പുറപ്പെടാൻ ഭാവിച്ചഅവസരത്തിൽ താൻ ബ്രാഹ്മണരോടുഇങ്ങനെപറകയുണ്ടായി. 'നിങ്ങൾക്കു സാമുദായികമായി വല്ല അത്യാപത്തും നേരിടുന്നതായാൽ നിങ്ങൾഅറുപത്തുനാലു ഗ്രാമക്കാരും ഒരുമിച്ചുചേൎന്നു തൃശ്ശിവപേരൂർ ശ്രീമൂലസ്ഥാനമണ്ഡപത്തിൽ വന്നിരുന്നു ഏകതാനതയോടു കൂടി എന്നെ ധ്യാനിക്കുക. അപ്പോൾ ഞാൻ നിങ്ങൾക്കു പ്രത്യക്ഷീഭവിക്കും, ഇങ്ങനെ പറഞ്ഞു പരശുരാമൻ അന്തർദ്ധാനം ചെയ്തു കാലം കുറെകഴിഞ്ഞശേഷം പരശുരാമ കല്പനയുടെ ഒരു പരീക്ഷണത്തിനായിട്ടു ബ്രാഹ്മണരൊത്തു ചേൎന്നു ശ്രീമൂലസ്ഥാന മണ്ഡപത്തിലിരുന്നു. പരശുരാമനേ ധ്യാനിക്കാൻ തുടങ്ങി രാമദേവൻ പ്രത്യക്ഷീഭവിച്ചു സമ്മേളനകാരണം ചോദിച്ചു. ബ്രാഹ്മണൎക്കു പറയാൻ അപ്പോൾ കാരണമൊന്നുമുണ്ടായിരുന്നില്ല. ക്രോധമൂർഛിതനായ പരശുരാമൻ 'ഇനിമേൽ നിങ്ങൾക്കു എന്നേക്കാണാൻ കഴിയുന്നതല്ല,എന്നു പറഞ്ഞപ്പോൾബ്രാഹ്മണർ സംഭ്രാന്തന്മാരായിട്ടു ക്ഷമാപണംചെയ്തു. അനന്തരം പരശുരാമൻ ക്രോധത്തിൽനിന്നു വിരമിച്ചിട്ടു 'മേലാൽ ഞാൻനിങ്ങൾക്കു അദൃശ്യരൂപനായിട്ടു പ്രത്യബ്ദം ശ്രാവണ മാസത്തിൽ ശ്രോണതാരത്തിൽ കേരളം സന്ദൎശിക്കുന്നതായിരിക്കും, എന്നു കല്പിച്ചു തിരോധാനം ചെയ്കയാണുണ്ടായതു

ഇതിനേ സംബന്ധിച്ചു 'ഗർഗ്ഗയുധിഷ്ഠിരസംവാദരൂപമായ കേരളമാഹാത്മ്യഗ്രന്ഥം, തൊണ്ണൂററിൻപതാമദ്ധ്യായത്തിൽ താഴെവിവരിക്കും പ്രകാരം കാണുന്നു.

'തദാപ്രഭൃത്യബ്രവീദ്രാമ
സ്തേഷാമഭയഹേതവേ
ശ്രാവണേസംസ്ഥിതേഭാനൌ
ശ്രവണർക്ഷേദ്വിജോത്തമാഃ
ആഗമിഷ്യാമിമദ്ഭൂമൌ
കേരളേസ്മിൻസ്വവർഷകേ
വൃഷാദ്രിപുരമാഗത്യ
ശ്രീമൂലസ്ഥാനമണ്ഡപേ
ആഗച്ഛാമി,ദ്വിജാസ്സർവേ
സുഖംതിഷ്ഠതകേരളേ,

ഇപ്രകാരം ദ്വിധാഭിന്നമായതിരുവോണചരിത്രത്തിൽ ഏതു ചരിത്രം ശരിയെന്നാണു നാം വിശ്വസിക്കേണ്ടതു

കേരളത്തിൽ ബുദ്ധമതം അല്ലെങ്കിൽ ബുദ്ധധൎമ്മം പരമകാഷ്ഠയേപ്രാപിച്ചിരുന്ന ഒരു കാലത്താണു മഹാബലി ചക്രവർത്തിധൎമ്മാനുസാരേണ മാനുഷരേ എല്ലാവരേയുമൊന്നുപോലെ നയിച്ചു രാജ്യം ഭരിച്ചതെന്നും അദ്ദേഹത്തിന്റെ രാജധാനി മാവേലിക്കര ആയിരുന്നു എന്നും ആ താലൂക്കിൽ ബുദ്ധവിഗ്രഹങ്ങൾ ധാരാളം കാണുന്നതു അതിനാലാണെന്നും അന്ന് എല്ലാദിവസങ്ങളും തിരുവോണം പോലെ ആഘോഷപ്രദ

ങ്ങളായിരുന്നു എന്നും അതുനിമിത്തം ആ നാടു ഓണനാടു (ഓണാടു) ആയതാണെന്നും മറ്റും പ്രാചീന പരമ്പരയാ മറെറാരു പക്ഷക്കാർ പറഞ്ഞു കേൾക്കുന്നു. ബൌദ്ധനായമഹാബലിയെ ഹൈന്ദവ പക്ഷപാതിയായ പരശുരാമവടുതന്നെയല്ലേ നാട്ടിൽ നിന്നു നിർദ്ദയം നിഷ്കാസനം ചെയ്തതു എന്നുകൂടി ചിലർ ശങ്കിക്കാതെയിരിക്കുന്നില്ല. ഇക്കാരണങ്ങളാൽ ബൌദ്ധഹൈന്ദവ പക്ഷക്കാർ രണ്ടുഭാഗമായിത്തിരിഞ്ഞിട്ടും തിരുവോണം മഹാബലിയുടെ ആഗമ ദിനമാണെന്നും അതല്ല പരശുരാമന്റെ ആഗമദിനമാണെന്നും പരസ്പരം ‘വടം പിടിച്ചു, മത്സരിക്കുന്ന ഒരു ചരിത്രമായിട്ടാണു തിരുവോണത്തിന്റെ ചരിത്രം ഇപ്പോൾ സ്ഥിതിചെയ്യുന്നതെന്നനാം തീർച്ചയായിവിശ്വസിക്കേണ്ടിയിരിക്കുന്നു. എഴുത്തച്ഛന്റെ ജീവചരിത്രം വിമർശനം ചെയ്യാൻ പുറപ്പെട്ട ഞാൻ ഇത്രദൂരംവരെ പര്യടനം ചെയ്തതു പ്രമാദമല്ലേ? എന്നു നിങ്ങൾ ഇപ്പോൾ ശങ്കിച്ചിരിക്കാം എന്നാൽ ഇതെന്റെ പ്രമാദമല്ല. വളച്ചുകെട്ടിപ്പറയത്തക്കവണ്ണം ഇവിടെ കുറേ കാര്യങ്ങളുണ്ടു. എഴുത്തച്ഛന്റെ ചരിത്രം സംബന്ധിച്ചും ഇപ്രകാരമൊരു ‘വടംപിടി,മത്സരംനടക്കുന്നുണ്ടു. അതുബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലാണ്. ബ്രാഹ്മണർ ഏറെക്കാലമായിട്ടു വിജയലാഭം വരത്തക്കവണ്ണം ആ വടം ഊക്കോടു പിടിച്ചു് സമീപത്തേക്കു് ഏതാണ്ടു് എത്തിച്ചുകഴിഞ്ഞിരിക്കുന്നു. അബ്രാഹ്മണർക്കു തലയ്ക്കു വെളിച്ചവും മസ്തിഷ്കത്തിനു നൈർമ്മല്യവും ഊഹാപോഹപടുത്വവും ഇംഗ്ലീഷു ഭാഷാഭ്യാസം കൊണ്ടു ലഭിച്ചുകഴിഞ്ഞിരിക്കുന്ന ഇക്കാലത്തു് “ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ,, “ശൂദ്രന്തുകാരയേദ്ദാസ്യം ക്രീതമക്രീതമേവവാ ദാസ്യായൈവ വഹിസൃഷ്ടോസൌബ്രാഹ്മണസ്യസ്വയംഭുവാ,, “നൈവശാസ്ത്രം പഠേന്നൈവ ശൃണുയാദ്വൈദികാക്ഷരം നസ്നായാദുദയാൽപൂർവ്വം തപോമന്ത്രാംശ്ച വർജ്ജയേത്,, “നപഠേൽസംസ്കൃതാംവാണീംനോർദ്ധ്വ പുണ്ഡ്രീഭവേന്നചധാരയേദപി പ്രച്ഛല്ലീസ്ഥ ഭസ്മനാപുണ്ഡ്രകം ശുചിഃ,

“ഇതിഹാസപുരാണാനി
ന പഠേച്ഛ്രോതുമർഹതി
അത്യാപന്നസ്യശൂദ്രസ്യ
വൃത്തിഃകാരുകടക്രിയാ,,

ഇത്യാദികളായശാങ്കരസ്മൃതിവാക്യങ്ങളേയും മറ്റുംഓരോന്നോരോന്നായി ദൂരപ്രക്ഷേപണംചെയ്തിട്ടു അവർ നിസർഗ്ഗസിദ്ധമായ ഊർജ്ജസ്വലതയോടുകൂടി മറുഭാഗത്തു വന്നു“വടം,,പിടിക്കാൻതുടങ്ങിയിരിക്കുന്നു. ഇപ്പോൾ അതിന്റെ ഫലമായിട്ടാണു, “ബ്രഹ്മപാദജ,,നായഎഴുത്തച്ഛന്റെ ചരിത്രത്തിൽ ബ്രാഹ്മണർ തേച്ചുപിടിപ്പിച്ച പൂച്ച് തെളിയാൻ പോകുന്നതു

തുഞ്ചത്തുഎഴുത്തച്ഛന്മാർ രണ്ടുപേരാണു. അവർ ഏകോദര സഹോദരന്മാരുമാണു. ജ്യേഷ്ഠൻ രാമൻ എഴുത്തച്ഛനും അനുജൻ ശംകരൻ എഴുത്തച്ഛനുമാണു. ശംകരൻ എഴുത്തച്ഛനാണു നമ്മുടെ രാമാനുജൻ എഴുത്തച്ഛൻ, 'തുഞ്ചത്തെഴുത്തച്ഛൻ, എന്ന പേരിൽ പണ്ഡിതന്റേയുംകവിയുടേയും നിലയിൽ 'രാമനെഴുത്തച്ഛൻ' കേരളമൊട്ടുക്കു വിഖ്യാതനായിരുന്നു. ഇരുപത്തുനാലുവൃത്തം, ഹരിനാമകീർത്തനം, മുകുന്ദാഷ്ടകാദ്യഷ്ടകങ്ങൾ (പക്ഷേ, ഭാഗവതം കിളിപ്പാട്ടു) എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചതായിരിക്കണം. ശംകരൻ എഴുത്തച്ഛന്റെ പ്രധാന ഗുരുവും കവിതാമർമ്മോപദേഷ്ടാവും ജ്യേഷ്ഠനായ രാമനെഴുത്തച്ഛൻ തന്നെയാണു. മഹാ പണ്ഡിതനായ രാമനെഴുത്തച്ഛന്റെ സാഹോദര്യം സർവ്വപ്രകാരേണ മാഹാത്മ്യദ്യോതകമാണെന്നു കാണുകയാൽ 'രാമാനുജൻ, എന്ന പേരുകൂടി ശംകരനെഴുത്തച്ഛൻ അംഗീകരിക്കുകയും നാട്ടുകാർ അദ്ദേഹത്തിനെ ആ പേരിൽ വിളിച്ചുതുടങ്ങുകയും ചെയ്തു വന്നതിനാൽ ശംകരൻ എന്ന പേരു കാലക്രമേണ വിസ്മൃതമായിത്തീരുകയാണുണ്ടായതു്. രാമൻ എഴുത്തച്ഛൻ അനേകം പണ്ഡിതശിഷ്യന്മാരോടുകൂടിയിരുന്ന ഒരു ദേഹവുമായിരുന്നു.

'രാമാനുജൻ, എഴുത്തച്ഛന്റെ പ്രഥമവും പ്രൌഢവുമായിട്ടുള്ള ഒരു കൃതിയായി അദ്ധ്യാത്മരാമായണം, കിളിപ്പാട്ടിൽ കാണുന്ന "അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ- മൽഗുരുനാഥ നനേകാന്തേ വാസികളോടും ഉൾക്കുരുന്നിങ്കൽ വാഴ്ക രാമനാമാചാര്യനും മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും,, എന്നുള്ള കവിതാഭാഗം മേൽവിവരിച്ച വസ്തുതയെ പ്രത്യക്ഷരം പ്രകാശിപ്പിക്കുന്നുണ്ടു. മാതാപിതാക്കന്മാരേയും മാതുലന്മാരേയും ഇതര ഗുരുഭൂതന്മാർ ഉണ്ടായിരുന്നെങ്കിൽ അവരേയുമാണു 'മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും എന്നു ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നതു. 'ഹരിനാമകീർത്തനം, രാമാനുജൻ എഴുത്തച്ഛന്റെ കവിതയാണെന്നും അതിൽ കാണുന്ന 'അമ്പേണമെൻമനസി ശ്രീനീലകണ്ഠഗുരു, എന്ന ഭാഗംകൊണ്ടു 'രാമാനുജൻ, തന്റെ ആചാര്യനായ 'നീലകണ്ഠൻനമ്പൂരി, യുടെ പേരാണു സൂചിപ്പിച്ചിരിക്കുന്നതെന്നും ഏതാദൃശിയായ ഒരു ആകാശവല്ലിയിൽ പാടിപ്പിടിച്ചു 'രാമാനുജ,ന്റെ ജനനം, മൌഢ്യത്തികനും പഥികനുമായ ഒരുനീലകണ്ഠൻനമ്പൂരിയിൽനിന്നാണെന്നും മററും ആഭാസമായ ഒരു ചരിത്രകഥ ചിലരെല്ലാംകൂടി ഗുംഭനംചെയ്തു വച്ചിട്ടുണ്ടു. മഹാപണ്ഡിതനായ 'രാമനെഴുത്തച്ഛ,നെ പ്രസവിച്ച വീരമാതാവിനു, ആ കേരളീയ ജനനിക്കു, ആ കുലസ്ത്രീരത്നത്തിനു 'രാമാനുജൻഎഴുത്തച്ഛന്റെ

പ്രസവിക്കുന്നതിന്ന അപരിചിതനും പാമരനുമായ ഒരു നമ്പൂരിയുടെ രഹസ്സംഗമം ആവശ്യമെന്നുപറഞ്ഞു പരത്തിയ ആ കഥ, എത്രകക്കശവും അശ്ലീലതരവുമായിരിക്കുന്നു. തന്റെ പിതൃശുദ്ധിയെ ഇത്ര മനഃപൂൎവ്വം ദൂഷിക്കുന്ന ചരിത്ര പ്രസ്താവനയാൽ ആ വീരജനനിയുടെ ചുടലച്ചാമ്പലിന്ന കൂടിച്ചൂടുപിടിച്ചിരിക്കണം. ‘എഴുത്തച്ഛൻ സൃഷ്ടി,യിൽ ഇത്ര വൈദഗ്ദ്ധ്യമുള്ള ആ ഭൂദേവവൃഷഭൻ സ്വപത്നികളിലാകട്ടെ ഇതരപത്നികളിലാകട്ടെ സുമുഹൂൎത്തം നോക്കി മറ്റൊരെഴുത്തച്ഛനെസ്സൃഷ്ടിക്കുവാൻ കഴിഞ്ഞതായി ചരിത്രവേത്താക്കളിൽ ആരും അദ്യാപി, അറിഞ്ഞിട്ടുള്ളതായി പറഞ്ഞു കേട്ടിട്ടില്ല. തത്താദൃശമായ ഒരു സുമുഹൂൎത്തം പിന്നെയൊരിക്കലും സംഭവിക്കാതിരിക്കത്തക്കവണ്ണം സൂൎയ്യാദി നവഗ്രഹങ്ങൾ വാശിപിടിച്ചു ഭ്രമണം ചെയ്യാതിരുന്നുകളഞ്ഞിരിക്കുമോ? പ്രസിദ്ധ ജ്യൌതിഷികനായ പാഴൂർകണിയാരേയും തലക്കുളത്തു ഭട്ടതിരിയേയും വിഷയീകരിച്ചും ഇങ്ങനെ തന്നെയൊരു കഥ നാട്ടിലെങ്ങും നടപ്പുണ്ടു. അപ്രകൃതമാകയാൽ അതു ഇപ്പോൾ ഇവിടെ വിസ്തരിക്കുന്നില്ല.

ഇങ്ങനെയൊരു നീലകണ്ഠദ്വിജൻ തന്റെ അച്ഛനായിരുന്നു എങ്കിൽ രാമാനുജൻ എഴുത്തച്ഛൻ, തന്റെ പ്രഥമകൃതിയായ രാമായണത്തിൽ വന്ദ്യന്മാരായ സകലരേയും വന്ദിച്ചിരിക്കുന്ന സ്ഥിതിക്കു, “കാരണഭൂതന്മാരാം ബ്രാഹ്മണരുടെ ചരണാരുണാംബുജലീനപാംസുസഞ്ചയം മമ ചേതോദൎപ്പണത്തിന്റെ മാലിന്യമെല്ലാം തീൎത്തു ശോധനചെയ്തീടുവാനാവോളം വന്ദിക്കുന്നേൻ, ആധാരം നാനാജഗന്മയനാം ഭഗവാനും വേദമെന്നല്ലോ ഗുരുനാഥൻ താനരുൾചെയ്തു വേദത്തിന്നാധാരഭൂതന്മാരിക്കാണിയൊരു ഭൂദേവപ്രവരന്മാർ,, എന്നൊക്കെ ബ്രാഹ്മണരെ അനൎഹമായി വന്ദിക്കയും സ്തുതിക്കയും ചെയ്തിരിക്കുന്ന സ്ഥിതിക്കും, “പാദസേവകനായ ഭക്തനാം ദാസൻ ബ്രഹ്മപാദജനജ്ഞാനിനാമാദ്യനായുള്ളോരു ഞാൻ വേദശാസ്ത്രങ്ങൾക്കധികാരിയല്ലെന്നോൎത്തു ചേതസി സൎവ്വം ക്ഷമിച്ചീടുവിൻ! കൃപയാലേ,, എന്നിങ്ങനേ മലബാറിലെ കുബേരോപമന്മാരായ ബ്രാഹ്മണജന്മികളോടു വിനയപരവശനായിട്ടു തന്നെ അഭ്യൎത്ഥിച്ചുകാണുന്നസ്ഥിതിക്കും പിതാവായ നീലകണ്ഠബ്രാഹ്മണശ്രേഷ്ഠനെപ്പററി പ്രത്യേകം ഒരു സ്തോത്രഖണ്ഡംകൈകാവ്യത്തിൽ പാടാതെയിരിക്കുമായിരുന്നുവോ? ധിക്ഷണാശക്തിയേയും യുക്തിയേയും മുൻനിറുത്തിയാലോചിച്ചുനോക്കണം.

അബ്രാഹ്മണരിലാരെങ്കിലുമന്യസാധാരണങ്ങളായ ഗുണഗണങ്ങളോടുകൂടി കാണപ്പെട്ടാലവരൊക്കെ ബ്രാഹ്മണോല്പാദിതന്മാരാണെന്നുതന്നെ അനുമിച്ചു കഥകെട്ടിച്ചമയ്ക്കുന്ന സമ്പ്രദായം അന്നും ഇന്നും കേരളനാട്ടിൽ നടപ്പുള്ളതായിട്ടാണിരിക്കുന്നതു. ഈ

കഥാകാരന്മാർ ഒരു കർമ്മബ്രാഹ്മണനായ എഴുത്തച്ഛനേ കള്ളുകുടിയനാക്കുകകൂടി ചെയ്തിട്ടുണ്ടു്. ശ്രീ മഹാഭാരത ഗ്രന്ഥത്തിൽ 'അന്നനട, വൃത്തത്തിൽ കർണ്ണപർവ്വം അദ്ദേഹം പാടീട്ടുള്ളതു മദിരാഗ്രഹത്തിന്റെ മുററത്തു കിടന്നുകൊണ്ടായിരുന്നു എന്നത്രേ കഥാകാരന്മാരുടെയനുമാനം. ആ അനുമാനത്തിനു ഇക്കൂട്ടരേപ്രേരിപ്പിച്ചതു കർണ്ണപർവ്വത്തിന്റെ കഥാമുഖത്തിൽ കാണുന്ന "ലഹരികൊണ്ടു ഞാൻ പരവശനായിച്ചമഞ്ഞിതേററവും,, എന്ന ഭാഗമാണെന്നു തോന്നുന്നു. "ശുകതരുണി! നിൻവചനപീയൂഷസുഖപാന മോദലഹരി കൊണ്ടു ഞാൻ പരവശനായി ച്ചമഞ്ഞിതേറെവും,, എന്നുള്ളതിൽ അല്പം പിന്നോക്കം നോക്കി ഇവർ അർത്ഥം ആലോചിക്കാത്തതു ആസ്ത്യലഹരിയുടെ മൂർച്ഛനയാലായിരിക്കണം എന്നല്ലാതെ എന്തു പറയേണ്ടൂ?

അമ്പേണമെൻമനസി ശ്രീ നീലകണ്ഠ ഗുരു, എന്നുള്ള പ്രയോഗം കൊണ്ടും 'രാമാനുജൻ എഴുത്തച്ഛന്റെ രാമായണം മുതലായ കവിതകളിലെ പദപ്രയോഗ ശൈലിയിൽ നിന്നു ഈ കവിതയ്ക്കുള്ള നാനാമുഖിയായ വ്യത്യസ്തത കൊണ്ടും ഹരിനാമകീർത്തനം, രാമാനുജൻ എഴുത്തച്ഛന്റെ കവിതയല്ലെന്നു അനുമിക്കുന്നതിനു അത്ര വലിയ സംശയമൊന്നും വേണ്ടാ എന്നാണു തോന്നുന്നതു. ഇരുപത്തിനാലവൃത്തമാകട്ടെ, 'താതം മദീയം മരിപ്പിപ്പതിനും രാമം വനത്തിന്നുയാത്രാക്കുവാനും, 'പൊട്ടിബാലിടെ മാററിടം ഗോവിന്ദാ, 'ചക്രപാണീടെ ജന്മനി ഗോവിന്ദാ, ഇത്യാദികളായ അനവധി പദപ്രയോഗങ്ങളിൽ കാണുന്ന ഉച്ഛൃംഖലത്വം കൊണ്ടും തന്റെ മററു കൃതികളിൽ ഒരേടത്തും പ്രയോഗിച്ചു കാണാത്ത 'ഹരിനംബോ, 'നാരായണനംബോ, പ്രയോഗം കൊണ്ടും മററും ഇതു രാമാനുജന്റെ കവിതയാണെന്നു വിചാരിക്കുന്നതിനു യുക്തിഗർഭമായ അനുമാനം തെല്ലും അനുവദിക്കുന്നില്ല. "രാമം വനത്തിന്നു യാത്രാക്കുവാനും, എന്നുള്ള പ്രാചീന പാഠത്തെ നമ്മുടെ പാഠ്യഗ്രന്ഥധുരന്ധരന്മാർ "രാമം വനത്തിന്നയപ്പിപ്പതിന്നും,, എന്നു നാലാംപാഠപുസ്തകത്തിൽ തിരുത്തിച്ചേർത്തുകാണുന്നതു ഉദ്ദാമമായ ഒരു സാഹസവിശേഷമാണെന്നു പറയാതെയിരിപ്പാൻ ഇവിടെ നിവൃത്തികാണുന്നില്ല എന്നു കൂടി പറഞ്ഞുകൊള്ളട്ടെ.

ഇപ്പോൾ നടപ്പിൽ കൊണ്ടുവന്നു കാണുന്ന ജീവചരിത്രത്തിൽനിന്നു, രാമാനുജൻ എഴുത്തച്ഛന്റെ രാജ്യം, താലൂക്കു, ദേശം, വീടു എന്നിത്രയും ഭാഗങ്ങൾ യുക്തിക്കും അനുഭവത്തിനും ഒത്തു വന്നിട്ടുണ്ടെന്നു സമ്മതിക്കാം. ചരിത്രങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്ന സമ്പ്രദായം നമ്മുടെ പ്രപിതാമഹന്മാർക്കു ഇല്ലാതെപോയതു ഭാരതീയ

രായ നമ്മുടെ ഭാഗ്യവിപൎയ്യയങ്ങളിൽ പ്രാധാന്യമുള്ളതും ദയനീയവുമായ ഒരുസംഗതി യായിട്ടു പരിഗണിച്ചു ദീൎഘകാലം ഖേദിക്കുന്നതിനു മാത്രമേ നമുക്കു മാൎഗ്ഗം കാണുന്നുള്ളൂ.

കേരളീയരുടെ സാക്ഷാൽ ആദികവിയെന്നു തീൎത്തുപറയാവുന്ന മഹാശയനായ തുഞ്ചത്തു ശ്രീ രാമാനുജൻ ഗുരുദേവൻെറ മാധുൎയ്യമേറിയ കവിതാപീയൂഷയൂഷത്തെ പൌനഃപുന്യേന ആസ്വാദിച്ചാസ്വാദിച്ചു നമ്മൾക്കു നിത്യനിൎവൃതി അനുഭവിക്കാം. അതു മതി.

പടിമപലതുതേടി പൈങ്കിളിപ്പാട്ടുപാടി
ക്കൊടിയുലകിടമെങ്ങും നാട്ടിവിഖ്യാതിനേടി
നെടിയനിലസമാജ്ജിച്ചാരുതുഞ്ചൻെറ (പൂഞ്ചേ
വടിയുടെപൊടിപേനത്തുമ്പിനേകട്ടെധാടി

---

## "കൊയ്തിറങ്ങിയപാടം"

### മഞ്ജരി

കോമത്തു കുഞ്ഞുരാമൻ

ശ്രീവിലാസത്താലതിസുകുമാരമീ—ഭൂവിലേനന്ദനമായപാടം
ഹാ; ദൃശ്യമായമനോഹരകാന്തിയാൽ-സാദൃശ്യമില്ലാതെശോഭിക്കുന്നു.
അഞ്ചിതകാന്തികലൎന്നപലേമണി—സഞ്ചയംകൂടിയിണക്കിഭംഗ്യാ
തങ്കത്തനിദളത്തിങ്കൽകൊളുത്തിയ_പങ്കമററുള്ളചെറുമാലയായ്
മഞ്ഞവൎണ്ണത്തിലുംചോരച്ചുവപ്പിലു-മഞ്ജനകല്ലിൻനിറംകലൎന്നും
അങ്കവാൽപോലയുംപങ്കജാക്ഷീമണി-ത്തങ്കത്തിൽചില്ലിവില്ലെന്നോണവും
തെല്ലുവളഞ്ഞുവിളഞ്ഞനെല്ലിൻകതി-രെല്ലാംചെറുപവമാനനേററു
സോല്ലാസംചാഞ്ചാടിബാലക്കിടാങ്ങൾപോൽ-മെല്ലവേയന്യോന്യംചുംബിക്കുന്നു
പീതാംബരാഭകലൎന്നപാടംതന്നിൽ_പ്രീതനാംബാലമാൎത്താണ്ഡദേവൻ
പൊൻകതിരോലുന്നതൻകരംനീട്ടിനി-ശ്ശങ്കമഴകാംവാൎണീഷിടുന്നു.
ദിവ്യലതകൾപണിയുള്ളചട്ടത്തിൽ-ദേവദേവൻതീൎത്തദൎപ്പണംപോൽ
നാലുവരമ്പുകൾക്കുള്ളിൽവിളങ്ങുന്നു—ലോലാഭമോരോരോകണ്ടങ്ങളും
ഒന്നിച്ചോരററത്തുനിന്നുകാണുന്നോൎക്കു-പൊന്നിൻവീരാളവിരിപ്പതെന്നും
മഞ്ഞസൂൎയ്യപടംമൂടിപ്പുതച്ചൂഴി—മഞ്ഞുമാറാനായ്കിടപ്പതെന്നും
തോന്നാമപ്പട്ടിൻെറതുമ്പത്തേകിന്നരി_മിന്നുംജലംപായുംതോടിതെന്നും
വിശ്വകൎമ്മാവിനേവെന്നകുരീലുകൾ-വിശ്വവിമോഹനശില്പിവൎയ്യർ
അക്ഷതംക്കൂട്ടുകൾകെട്ടിസ്സുഖംവാഴും_വൃക്ഷങ്ങളുംപൂത്തവള്ളികളും
ലക്ഷ്യമാക്കാതെയുംനോക്കാതെയുമെത്ര-ലക്ഷംജനങ്ങൾകടന്നുപോവൂ.

ഇക്ഷോണിതന്നിൽപരോപകാരംതന്നെ-സാക്ഷാൽമഹാപുണ്യമെന്നതല്ല!
പാലോലുംവാണികലന്നദ്വിജാളിക-ളാലീയക്ഷരങ്ങൾചൊല്ലുന്നതും.

പാടത്തെബ്ബന്ധിച്ചുനിൽപ്പൂപ്രകൃതിതൻ-പാടവംകാണിക്കുംകോട്ടപോലെ
രൂഢമൂലങ്ങളായ് കേരകല്പദ്രുക്ക-ളൂഢമോദംമടൽക്കൈയ്യൂട്ടിടയ്ക്കായ്
പ്രൗഢാംഗനതൻകുചകുംഭംകുമ്പിട്ടു-മീടേറുംചെങ്കരിക്കേറെയേന്തി
സൈരിണിപോൽതെന്നലേററകരമാട്ടി-ദ്ദൂരെനില്പോരെവിളിച്ചണച്ചും

എത്രരമണീയമോർത്താലീദൃശ്യം-ധാത്രിയിലേസുഖപൂർത്തിയാവാം
ഹാമനോമോഹനംനേത്രാമൃതമിതു-കോമളിമാവിൻെറമൂർത്തിയത്രേ
നിർമ്മലഭസ്മാവലിപ്തനായ്ശംഖുപോൽ-വെണ്മയാർന്നേകവസ്ത്രംധരിച്ചും
അംബരവർണ്ണനായ്ഛത്രദണ്ഡാഞ്ചിതൻ-കർമ്മയോഗിപോൽവരുന്നിതാരോ?

ഇപ്പാടത്തിന്നേകച്ഛത്രാധിനാഥനാ-ണിപ്പൂമാനെന്നതോനിർവ്വിവാദം
കർഷകലോകസന്താപമാംവേനലിൻ-ധർഷണമേല്ക്കാതെദേവതുല്യം
ഹർഷമാർന്നന്വഹംമാനസോല്ലാസദം-വർഷവുമേററുനീലാലസിപ്പൂ
കാപട്യവുംപരവഞ്ചനയുംചെയ്യാ-താപത്തൊരുത്തക്കുംചേത്തിടാതെ

സച്ചിന്മയനിൽമനസ്സുറപ്പിച്ചുനീ-സ്വച്ഛനായ്ദിവ്യമഹർഷിപോലെ
സർവ്വവുംസച്ചിദാനന്ദരിൽനിന്നല്ലോ-ഗർവ്വഹീനമർത്ഥിച്ചീടുന്നതും
എങ്കിലുംനിങ്കലുണ്ടേകമപരാധം-തിങ്കളിലൊന്നുകളങ്കംപോലെ
നിൻകരംകൊണ്ടുനീനട്ടുവളമിട്ടു-തങ്കക്കിടാവിനെപ്പോൽവളർത്തി

നല്ലോമനപ്പുഴപ്പാർന്നിന്നുകണ്ണുള്ളോ-ർക്കെല്ലാർക്കുംമാനസാകർഷകമായ്
സ്വർല്ലോകാനന്ദദംനെല്ലിതുകൊയ്യുവാ-നല്ലോനീയിന്നിവരുന്നിതിപ്പോൾ
ഉച്ചിയുറച്ചകൈകൊണ്ടുദകക്രിയ-നിശ്ചയംനീചെയ്യുന്നിച്ചെയ്ത്തിയാൽ
നിന്നെയനുഗമിച്ചീടുമിപ്പട്ടാള-ത്തിന്നുംകനിവില്ലസ്വാർത്ഥമൂലം

കാറുംകരിയുംകരിന്താളിയിളിയും-താറുംതൊഴുംനിറമാർന്നഭംഗ്യാ
അന്ധകാരമരുണോദയത്തിങ്കൽവെ-ന്തിന്ധനംപോലെയീരൂപമാർന്നോ
അർഘനനങ്ങളാംമെയ്യോടുകൂടിയീ-നിർഘനസ്ത്രീപുമാന്മാർവരുന്നു.

കണ്ണുഗളനാസികാദികളിലെല്ലാം—സ്വർണ്ണവുംവെള്ളിയുംവെൺകലവും
മിന്നുന്നഘോരാന്ധകാരത്തിൻമദ്ധ്യത്തിൽ-മിന്നാമിനുങ്ങുകൾപാറുന്നപോൽ
കല്ക്കരിക്കുന്നയിലഗ്നിസ്ഫുലിംഗംപോ-ലക്കാറിൻമദ്ധ്യത്തിൽതാരംപോലെ
കക്ഷത്തിലൊന്നുതഴമഴക്കോട്ടുമീ—ലക്ഷ്യമില്ലാതുള്ളനോട്ടങ്ങളും
ബാഹുതലങ്ങളിൽചന്ദ്രക്കലപോലെ—മോഹനവില്ലുൽപ്രകാശംതൂവും

കൊസ്തുരിവാളാംവളഞ്ഞകൃപാണത്തിൻ—തത്താദൃക്കാകിയ ചാഞ്ചാട്ടവും
വെട്ടുക്കിളികൾകണക്കിവർകൂട്ടമായ്—പെട്ടന്നുവന്നിറങ്ങുന്നമട്ടും
ആഹാരലോലുപരായവൃകങ്ങൾപോ—ലാഹവത്തിന്നുള്ള ചാതുര്യവും
ആഹന്തകണ്ടിതാപാടംവിറയ്ക്കുന്നു—മോഹാന്ധമായ്ത്തലതാഴ്ത്തീടുന്നു
സർവ്വസാഹോദര്യമാരിവിടോതുവാൻ—സർവ്വജഗദർത്ഥ്യാമിയെന്യേ
സുന്ദരമാംമതിബിംബത്തെരാഹുപോൽസാന്ദ്രസ്ഥിതാകാശംകാർമേഘംപോൽ
വെണ്മണൽതിട്ടുകരിങ്കടലെന്നാണം—നിർമ്മലോദ്യാനംഗജയൂഥംപോൽ
അന്യായ;മീപ്പാടംശൂന്യമാക്കീടുന്നു — മിന്നൽപ്പിണർപൂത്തതേന്മാവേപ്പോൽ
കഷ്ടമീമോഹനചിത്രത്തിന്മേൽമഷി—യിട്ടീടുംകർമ്മമേപൈശാചികം
സ്വന്തകാര്യാർത്ഥമായ്മാനുഷർചെയ്യാത്ത—തെന്തുലോകേതൃഷ്ണാബന്ധമൂലം
ശ്രദ്ധാനന്ദസ്വാമിഹത്താംകാരുണ്യാബ്ധി—നിർദ്ദയംകൈതൊക്കാംദൈന്യമേ
(ററാൽ)
പൊട്ടിച്ചീലോകത്തെഞെട്ടിച്ചുസായൂജ്യ—പട്ടത്തിന്നന്നിയഭ്രാതാവേപ്പോൽ
നിർദ്ദോഷികൾതൻകഴുത്തറത്തീടുവാൻ—നിർദ്ദാക്ഷിണ്യംതുടന്നീടുകയാൽ
കാരുണ്യമൂന്നുറവില്ലാത്തോരിവർ—മാരണദേവതമാരായീടാം.
ഓർത്താൽപരിണാമവാദമിതൊക്കയും—തൂത്തെഴുതീടുകമാത്രമത്രേ
ജീർണ്ണാംബരംകളഞ്ഞീടുന്നുപിന്നയും—പൂർണ്ണശോഭാംബരംചാർത്തീടുവാൻ
ഊഴിയിലാഴിയിലംബരത്തിങ്കലും—വാഴുംചരാചരങ്ങൾക്കശേഷം
കൊററിനായ്സർവ്വലോകാധിപനന്വഹം—പററിയമാർഗ്ഗങ്ങൾനിർദ്ദേശിപ്പൂ
പഞ്ചേന്ദ്രിയങ്ങളിൽക്രൂർമ്മയുംശൗര്യവും—സഞ്ചാരവേഗത്തിനുള്ളമാററവും
ബുദ്ധിമാഹാത്മ്യമവയവവൈശിഷ്ട്യം—ശക്തിഗാംഭീര്യം,വിവേകബുദ്ധി
എന്നിവയെല്ലാംതികച്ചുമനുഷ്യനേ—യൊന്നാമത്തേതായുംതീർത്തുനന്നായ്
കൂട്ടിക്കൊളുത്തിയചങ്ങലപോലെയീ—സൃഷ്ടികൾതമ്മിൽകുരുങ്ങിവാഴ്വൂ
ഒന്നിനുമറെറാന്നുചീഞ്ഞുവളമാകു—മെന്നതത്വംനിത്യമാവർത്തിപ്പൂ
എത്രയെത്രവിളവിപ്പാടത്തുണ്ടായ് മേ—ലെത്രയുണ്ടാകുമെന്നാരറിഞ്ഞു
സന്തോഷസന്താപസങ്കലിതമായി—ങ്ങെന്തെന്തുകണ്ണുനീർചിന്നീട്ടുണ്ടും
അന്തമററുള്ളൊരീപ്രവരംചുററലോ—ത്തന്തരംഗംകറങ്ങുന്നമൂലം
കണ്ണാംപൂച്ചകളിച്ചീടുംകിടാങ്ങൾപോൽ—ജീർണ്ണപർണ്ണങ്ങൾചുഴലിയിൽപോൽ
ഒന്നുമോർത്തീടാനുംകാണ്മാനുംകേഴ്പ്പാനു — മെന്നല്ലനില്ലാനുമാകാതായ്ഞാൻ
നശ്വരമൊക്കെയുംശാശ്വതമെന്നോർത്തു— മീശ്വരാനിന്നെയറിഞ്ഞിടാഞ്ഞും
ഘോരാർണ്ണവത്തിൻനടുവിലലകളി—ലാരുമാലംബമില്ലാത്തതോണി

പൊന്തിയുന്തൊണ്ണമലഞ്ഞുലഞ്ഞീടുംപോൽനീന്തിവലഞ്ഞുഭവാബ്ധിയിൽഞാൻ
മാലയിൽതൂലപോലീശോകമാംസുമ—ജാലത്തിന്നാകയേകാധാരമേ
ത്വൽകൃപാനിർമ്മിതമാനന്ദപോതമീ—ഭക്തരക്ഷാർത്ഥമയച്ചിടാനും
തൃക്കഴലാംദിവ്യഭാസ്കരനെന്നുമെ—ന്നുൾക്കമലംവികസിപ്പിയ്ക്കാനും
കാരുണ്യവാരിധേ!നിൻതിരുമാനസ—താരിലലിവാംമധുവൂറിടാൻ
നാന്മറസാരമായ് ചിന്മയനായ്നിത്യ—ബ്രഹ്മമായ്നന്മയ്ക്കുള്ളാകാരമായ്
സർവ്വജ്ഞനായ് സർവ്വസാക്ഷിയായ് നിന്നിടും—സർവ്വലോകേശ്വരാ!കൈ
തൊഴുന്നേൻ.

---

# നേഷൻ; അല്ലെങ്കിൽ ജനത;

വിദ്വാൻ എം. കെ ശങ്കരൻ.

പരിഷ്കൃത രാജ്യക്കാരെ ഒരു നേഷൻ എന്നു പറയുന്നു. യൂറോപ്യന്മാർ ഈ പദത്തെ ധാരാളം കൈകാര്യം ചെയ്യാറുണ്ടു. അവരുടെ ജീവിതാ അത്തരം മഹത്തരംതന്നെയാകുന്നു. 'അഹോ മനുഷ്യന മനുഷ്യനോടു സാമീപ്യ സമ്പർക്കമെധർമ്മമായി, എന്നു ഒരു നേഷനിൽ ഉൾപ്പെട്ട മഹാകവിയും ചിന്തിക്കേണ്ടി വരികയില്ല. ഒരു ജനതയാകട്ടെ! സത്യം ശ്വസിച്ചും സമത്വം കണ്ടും; സ്നേഹസത്തുനുകർന്നും കൃതാർത്ഥരായി വാഴുന്നവരാകുന്നു.

ഇവിടെ ഞാൻ നേഷൻ എന്ന പദം പ്രയോഗിച്ചിരിക്കുന്നതു ആംഗലപാണിനിയിലുള്ള അതിരതി കൊണ്ടോ കൈരളീമഹിളയിലുള്ള അനാസ്ഥ കൊണ്ടോ അല്ല "Nation" = ജാതി,, എന്നു ഒരു തർജ്ജിമക്കാരൻ എഴുതിയിരിക്കുന്നതു കണ്ടു. അതു മതിയായില്ല എന്നു ചിലർക്കു തോന്നുകയാൽ അവർ പുറപ്പെടുവിച്ച വാദമുഖങ്ങളെ അനുസ്മരിച്ചും നേഷൻ തന്നെ സ്വീകരിച്ചുവെന്നേയുള്ളു. മലയാളത്തിൽ നേഷൻ പകരം ജനമോ ജനതയോ പ്രചരിക്കുകയാണു വേണ്ടതെന്നും അഭിപ്രായമില്ലാതില്ലാ. ഏതായാലും ജാതി വേണ്ടെന്നുതന്നെ തോന്നുന്നു. ജനക്കൂട്ടം എന്നു കേട്ടാൽ തോന്നുന്ന അർത്ഥമല്ലാ ജാതിക്കൂട്ടം എന്നും കേട്ടാൽ തോന്നുന്നതു്. ജനത ജനത്തേക്കാൾ ശോഭിക്കുമെന്നു തോന്നുന്നു. കേരള ജനതയെന്നു ശ്രവിച്ചാൽ തോന്നുന്ന അർത്ഥം എന്തു്? അതു ഭാരതീയജനതയിലും യോജിക്കുമല്ലോ?

നേഷൻ; ജനം; ജനത എന്നമൂന്നു പദം മതിയെന്നു, ആരും ശഠിക്കുന്നില്ലാ. ജാതി നിങ്ങൾക്കു ആവശ്യമില്ലയെന്നോ ഇവിടെ പറവാനുള്ളു. അതു വേണമെന്നുള്ളവർ എടുത്തു കൊള്ളട്ടെ!

ഭാരതീയർ ഒരു നേഷനോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു ജനതയിൽ വിവിധ തരക്കാരും മതക്കാരും നിറക്കാരും ഒന്നു ചേൎന്നു യാതൊരു ഭേദബുദ്ധിയും കൂടാതെ സമ്മേളിക്കുന്നതിനു സൌകൎയ്യമാകത്തക്ക മൂലതത്വങ്ങളാൽ പരിതഃസ്ഥിതി സംഘടിതമായിരിക്കണം. ഇന്ത്യയിലെ എത്ര ജാതിക്കാർ വിശാലതമമായ യഥാൎത്ഥതയെ അനുഗമിക്കുന്നുണ്ടു?

എവൎക്കും സ്വരാജ്യത്തെപ്പററി ചില കടമകളുണ്ടു. ഒരുത്തനു അവന്റെ ജന്മഭൂമിയെ കുറിച്ചു നിൎവ്വഹിക്കേണ്ട കൃത്യങ്ങളെപ്പോലെ ശ്രേഷ്ഠതരങ്ങളായി മറെറാന്നുമില്ല. നാമും ജനതയും വിഭിന്നമല്ല. അവ നമ്മിൽ നിന്നു് വിട്ടു പിരിയാത്ത മഹനീയ വസ്തുക്കളാകുന്നു. വാസ്തവത്തിൽ ജനസമുദായം എന്നു പറയുന്നതു ഒരേ രജ്യത്തിലെയും വ്യക്തികളാണല്ലോ? ഓരോദേശത്തിലെയും അംഗങ്ങൾ ഉത്തമന്മാരോ അധമന്മാരോ ആയിരിക്കുന്നതനുസരിച്ചു ഏതുജനവും പ്രശോഭിക്കുമെന്നു ആൎക്കാണു അറിഞ്ഞുകൂടാത്തതു. ഒരു ജനസമുദായത്തിലെ ഏതാനും വ്യക്തികൾ സ്വാൎത്ഥലോലുപന്മാരും; കാൎയ്യബോധമില്ലാത്തവരും; പരനിന്ദാപരായണന്മാരുമായിത്തീൎന്നാൽ അനന്തര "മുറകളിൽ,, എന്തു സംഭവിക്കുമെന്നു നമ്മുടെ ചുററുപാടും നോക്കിയാൽ കാണാവുന്നതാണു. മുൻ പ്രസ്താവിച്ച വിധം ദ്രോഹകൃത്യങ്ങൾ ചെയ്തവരോ; 'വിളവുകൾ സൂക്ഷിപ്പാൻ പ്രതിമകൾ, വയ്ക്കുന്നതുപോലെ ചിലർ ചില സ്ഥാനങ്ങളിൽ ചിത്രീകരിച്ചു പരിഹസിക്കുന്നതു കാണ്മാനിടവരും. നമ്മുടെ നോവൽകൎത്താക്കൾ എന്തു ചെയ്തുവരുന്നു? ആലോചിക്കുക.

വ്യക്തിഗതമായ നന്മതിന്മകൾ രാഷ്ട്രത്തിനു ബാധകമാകുന്നു. അംഗങ്ങളുടെ സ്വഭാവമാധുൎയ്യം സമുദായത്തിനു ശ്രേയസ്കരമായിത്തീരും. ദൈവനിന്ദകന്മാരെക്കൊണ്ടു തിങ്ങിയ സമുദായം എപ്രകാരം അലംകോലപ്പെട്ടിരുന്നു് യൂറോപ്പിലെ ചില ബുദ്ധിശാലികളുടെ സമുദായവും രാഷ്ട്രവും രൂപാന്തരപ്പെട്ടു കാണുന്നതിൽ നിന്നും നമുക്കു മനസ്സിലാക്കാം.

നാം നമ്മുടെ ജനതയുടെ നേരെ ചെയ്യേണ്ട കൃത്യങ്ങളെ ഉടനടൻ ഉജ്ജ്വലമായി പ്രകാശിപ്പിക്കേണ്ടതാകുന്നു. ഒരു രാജ്യമോ സമുദായമോ നന്നാകുന്നില്ല എന്നുള്ള മുറവിളികൊണ്ടു സമയം കളയരുതു............... ......അതിനെപ്പററി ഖേദിക്കയല്ലാ വേണ്ടതു. നാമെന്തു ചെയ്‌വാനുദ്ദേശിക്കുന്നോ അതിനെ പ്രവൎത്തിക്കുകയാണു വേണ്ടതു. നാമെന്തു ചെയ്താൽ നമ്മുടെ രാജ്യത്തിനഭിവൃദ്ധി സിദ്ധിക്കു

മോ? അതു ചെയ്യണം. സർവ്വശക്തനിൽ നാം വിശ്വസിക്കുന്നതുപോലെ നമ്മുടെ 'ജന,ത്തിനു ശ്രേഷ്ഠതരമായ ഏതുകാര്യവും നിർവ്വഹിപ്പാൻ ത്രാണിയുണ്ടെന്നു ഒന്നാമതുറയ്ക്കണം. ഈശ്വരഭക്തി ഏതോരു വ്യക്തിക്കും സുദൃഢമായുറയ്ക്കണം. ധർമ്മബോധം നമ്മെ സദാ-സഭ്യന്മാരാക്കണം. രാജഭക്തി സൌശീല്യം മുതലായവ നമ്മുടെ കൂടെപ്പിറപ്പുകളായികാണപ്പെടണം. രാജഭക്തി മുതലായ സൽഗുണങ്ങളിൽ ഭാരതീയരേഅതിശയിക്കത്തക്കവർ മറെറങ്ങും ഉണ്ടായിരിക്കുകയില്ല. 'പ്രത്യക്ഷശ്വരോരാജാ: എന്ന വാക്യം മററുഭാഷകളിൽപ്രചാരമുണ്ടോ എന്നതന്നെ സംശയമാണു. നമുക്കുഎത്ര തലമുറകൾ പിന്നിലിട്ടു കടന്നുവന്നിട്ടുണ്ടു. നമ്മുടെ നാട്ടും ഭാഷയും എത്രപഴക്കമുള്ളവയാണു. എത്രയെത്രമാററങ്ങൾ അവയ്ക്കു സംഭവിച്ചിരിക്കണം. 'വേദേതിഹാസാദി വിഭൂതിയെല്ലാം മേൽജാതിയിൽ പൈതൃകമായതും 'എത്രകാല,, കൊണ്ടാണു എത്രയോ സംവത്സരകാലം കൊണ്ടു രൂപീകൃതങ്ങളാകുന്നു. ഭാരതീയഗ്രന്ഥസമൂഹങ്ങൾ? അവയെ ആരുടെ ഉപയോഗത്തിനു; അവർ സൂക്ഷിച്ചിരിക്കുന്നു.

ഭൂർജ്ജപത്രങ്ങളിൽ അവർഎഴുതി സൂക്ഷിച്ചിരിക്കുന്നതും എന്താവശ്യത്തിന്അവരുടെ ഭാവിഗോത്രങ്ങളുടെ അഭിവൃദ്ധിക്കുമാത്രം.പുരാതനന്മാരായ വിജ്ഞാനികൾ അവരുടെ ജനത്തോടുള്ളപ്രതിപത്തികൊണ്ടു ശേഖരിച്ചിരുന്ന 'അറിവു, അന്യായമായപഹരിച്ചവരെപ്പററി അപഹസിക്കരുതു? അപ്രകാരമായാൽ അപഹരണം അന്യായമെന്നു ലോകസമക്ഷംവാദം നടത്തിയവരെപ്പററി പുകഴ്ത്തേണ്ടി വരും. അതുംആവശ്യമില്ല

വിവേകികൾക്കു പിൻഗാമികളെ വഴിതെററിക്കാതെ നടത്തിക്കൊൾവാൻ ചില ചൂണ്ടിപ്പലകകൾ എഴുതിവയ്ക്കുവാൻ കഴിയും. ആവക സാമഗ്രികൾ പൊതു മുതലെന്നല്ലാതെ ഒരു വ്യക്തിക്കു തൻെറ വകയെന്നുള്ള സ്ഥാപനത്തിനു അവകാശമില്ല. മനുഷ്യനു തൻെറ പൂർവ്വാർജ്ജിതത്തെ അനുഭവിപ്പാൻ സാമർത്ഥ്യമുണ്ടു. മൃഗങ്ങൾക്കു ആശീലമില്ല, ഒരു കാളയ്ക്കോ പശുവിനോ പൂർവ്വജീവികളെപ്പററി വല്ലയോർമ്മയുമുണ്ടോ.

മനുഷ്യനാകട്ടെ അവൻെറ പൂർവ്വികന്മാർക്കു സംഭവിച്ചിട്ടുള്ള അതിദൂരത്തിലുള്ള സംഭവങ്ങളെ അറിവാൻ കഴിയും.

എത്രയോ മഹാനുഭാവന്മാർ അവരുടെ മുൻഗാമികളുടെ കാലടികളെ തുടൎന്നു വിശ്രുതന്മാരും വീരന്മാരുമായിട്ടുണ്ടു അതു മനുഷ്യബുദ്ധിയുടെ അളവററ മാഹാത്മ്യങ്ങളിൽ ഒന്നാകുന്നു. അവയേതടയുന്നതിനു ആൎക്കും അവകാശമില്ല. മനുഷ്യസമുദായം ആദിയിൽ ഒരുന്നേഷനായിരുന്നില്ലയോ? അവരുടെ പിതൃസ്വത്തുക്കളിൽ ഒന്നു;

"Nationality" = സ്വദേശപ്രീതി ആകുന്നു. അക്കാലങ്ങളിൽഅവർശ്രേഷ്ഠതരമായ ജീവിതം നയിച്ചിരുന്നു ജാതി,മതം, ദൈവം ഈ മൂന്നുപദങ്ങളെ അടിസ്ഥാനമാക്കി പ്രവത്തിക്കുന്നകലഹങ്ങളിൽ പങ്കു കൊള്ളാതെ വിശ്വസ്തതയോടെ സവ്വ ജനങ്ങളേയും ശുശ്രൂഷിച്ചിരുന്നു. ഒരു രാജ്യത്തിലെജനങ്ങൾ ഏകജനതയായിവത്തിക്കുന്നുവെങ്കിൽ അതു തൽക്കാലീനന്മാക്കും ഭാവി ജനപരമ്പരയ്ക്കും ഭരണാധികാരകൾക്കും ശ്രേയസ്കരമാകുന്നു.

# നാസ്തിക്യം

പന്തളം എൻ പരമേശ്വരൻ നമ്പ്യാതിരി

നമ്മുടെ ഇടയിൽ സാത്ഥകങ്ങളായിട്ടും നിരത്ഥകങ്ങളായിട്ടും അസംഖ്യം ആചാരങ്ങൾ നടന്നു വരുന്നുണ്ട്. ഇവയിൽ നിരത്ഥകങ്ങളായവയെ സധൈര്യം തിരസ്കരിക്കുകയും അവയുടെ അപ്രാമാണ്യത്തേയും കഥയില്ലായ്മയേയും കുറിച്ചു പ്രസംഗിക്കുകയും ചെയ്യുന്നവരെ സാധാരണക്കാർ പലരും നാസ്തികന്മാരെന്നു അവഹേളിക്കുന്നതായിപലഅവസരങ്ങളിലും അനുഭവപ്പെടാറുണ്ടു. ഇതു എത്രകണ്ടു സമുചിതമായിട്ടുണ്ടെന്നു അല്പം പയ്യാലോചിക്കാം. കണ്ടതും കേട്ടതും എല്ലാം കണ്ണടച്ചു വിശ്വസിക്കുകയും തദനുഗുണം പ്രസംഗിച്ചും അനുഷ്ഠിച്ചും നടക്കുകയും ചെയ്യുന്നവരെല്ലാ: ആസ്തികരും, സത്യാന്വേഷകരും യുക്തിവാദികളും ആയ ഇതരാഭിപ്രായക്കാരെല്ലാം നാസ്തികരും ആയി പരിഗണിക്കപ്പെട്ടുന്നതു ഒരു വലിയ സാഹസം തന്നെയാണു. അസ്തി(ഉണ്ടു) എന്നുവിചാരിക്കുന്നവൻ 'ആസ്തികൻ, നാസ്തി(ഇല്ല) എന്നു വിചാരിക്കുന്നവൻ 'നാസ്തികൻ, എന്നാണു ഈ വാക്കുകളുടെ അത്ഥം എന്നുള്ളതു പ്രത്യേകം സ്മത്തവ്യമായിരിക്കട്ടെ. ന്യായമായ സ്വാതന്ത്ര്യം ഏവക്കും ഈശ്വര ദത്തമായ ഒരു വലിയ അനുഗ്രഹമാകുന്നു. അനുനിമിഷം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടാണു ലോകംസ്ഥിതിചെയ്യുന്നതു. മനുഷ്യർ ഉണ്ടായകാലം തുടങ്ങി അവർ പ്രകൃതി തത്വങ്ങളെ പഞ്ചേന്ദ്രിയദ്വാരാപഠിച്ചുതുടങ്ങിയിരിക്കുന്നു ആയിരം വത്സരങ്ങൾക്കു മുമ്പുണ്ടായിരുന്നവരുടെ ജ്ഞാനം അതിനിപ്പുറമുള്ളവരുടെ ജ്ഞാനത്തേക്കാൾ തുലോം തുഛമാണു. കഴിഞ്ഞ നൂററാണ്ടിലെ അറിവിനേക്കാൾ ഈ നൂററാണ്ടിലെ

അറിവിനുമേന്മസംഭവിച്ചിട്ടുണ്ടു. പോയാണ്ടത്തേക്കാൾ ഈയാണ്ടത്തേ അറിവു ഉൽകൃഷ്ടമാകുന്നുഎന്നുവേണ്ടാ ഇന്നലത്തേക്കാൾഇന്നത്തെഅറിവുഉൽകൃഷ്ടതരമാകുന്നു. ഇങ്ങനെ ഭാവികാലങ്ങളിലുണ്ടാവുന്ന അറിവു അത്യുൽകൃഷ്ടതമമായിരിക്കുമെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. പൂൎവ്വികരുടെ ആചാരമൎയ്യാദകളിലും അഭിപ്രായഗതികളിലും ചിലതു നമുക്കു ഇപ്പോൾ എങ്ങിനെ അസ്വീകാൎയ്യമായി തോന്നുന്നുവോ അതുപോലെ തന്നെ നമ്മളുടെഅധുനാതന വിശ്വാസ മൎയ്യാദകളും അഭിപ്രായങ്ങളും ഏറക്കുറെ നമ്മുടെ ഭവിഷ്യൽ സന്താനങ്ങൾക്കും സ്വീകാൎയ്യമാകാതിരിക്കാനാണു ന്യായം കാണുന്നതു. ഇതുലോകത്തിന്റെ സഹജസിദ്ധമായ സ്വഭാവമത്രെ. പൂൎവകാലങ്ങളിൽ ചിരകാല പരിചയവും പരിപക്വതയും കൊണ്ടു ഒരു വൃദ്ധനുണ്ടാകാവുന്ന വിവിധ വിഷയജ്ഞാനം ഇപ്പോൾ ഒരു ബാലൻ നിഷ്പ്രയാസം ഒരു പുസ്തകത്തിൽ നിന്നും ഗ്രഹിച്ചുകൊള്ളുന്നു. നോക്കുക! ലോകത്തിന്റെ അഭിവൃദ്ധിയുടെ പരോഗതി എത്രവിസ്മയനീയമായിരിക്കുന്നു അജ്ഞാനതിമിര നശീകരണശക്തി, ജ്ഞാന സൂൎയ്യപ്രകാശം പ്രതിക്ഷണം എത്ര മാത്രം വിശാലതയെ പ്രാപിച്ചു കൊണ്ടിരിക്കുന്നു! വാസ്തവം ഇങ്ങനെയിരിക്കെ നമ്മുടെ പൂൎവ്വന്മാർ അവരുടെ കാലത്തിനും ദേശത്തിനും അനുസരിച്ചു എഴുതിയുണ്ടാക്കിയിട്ടുള്ള നിയമങ്ങൾ എല്ലാം അവിശേഷേണ നമുക്കു ഇക്കാലത്തു സ്വീകാരയോഗ്യമായിരിക്കുന്നതെങ്ങിനെ? 'കാലത്തിനൊത്ത കോലം, എന്നു അവർ തന്നെ പോരയെങ്കിൽ പഴമയിൽ സമ്മതിച്ചിട്ടും ഉണ്ടല്ലോ. ചന്ദ്രഗ്രഹണം ഭൂഛായകൊണ്ടാണു സംഭവിക്കുന്നതെന്നു കരതലാമലകം പോലെ ദൃഷ്ടാന്ത സഹിതം ധരിച്ചിട്ടുള്ള ഒരാൾ രാഹു ചെന്നു വൈരനിൎയ്യാതനം ചെയ്യുന്നതിനായി ചന്ദ്രനെ വിഴുങ്ങുന്നതു കൊണ്ടാണു ചന്ദ്രഗ്രഹണമുണ്ടാകുന്നതെന്നു പറയുന്നതിനെ ആ വക്താവിന്റേയോ ആ ഗ്രന്ഥത്തിന്റേയോ മഹിമയേ ഓൎത്തു സബഹുമാനം കണ്ണടച്ചു വിശ്വസിച്ചു കൊള്ളുമെന്നു വിചാരിക്കുന്നതു തെററു തന്നെയല്ലേ? എന്നാൽ ഹിന്ദുമതത്തെ അനാദരിക്കാമോ എന്നാണു ഈ സന്ദൎഭത്തിൽ ചിലർ ചോദ്യംചെയ്യാവുന്നതു. ഹിന്ദുമതത്തിന്റെ അത്യുൽകൃഷ്ടാദൎശങ്ങളും തത്വങ്ങളും ഇവയൊന്നുമല്ലെന്നും ഈവിധ കഥകൾ എഴുതിയവർ അവയെ നാം യഥാവൽ വിശ്വസിച്ചുകൊള്ളണമെന്നു ഉദ്ദേശിച്ചിട്ടില്ലെന്നും സദാചാരോപദേശമാണു പുരാണകഥകളുടെ മുഖ്യോദ്ദേശ്യങ്ങളെന്നും ആണു ഇതിനു സമാധാനം കൊടുക്കുവാനുള്ളതു. അഭിപ്രായഗുണദോഷവിവേചനം ചെയ്ക എന്നുള്ളതു മനുഷ്യബുദ്ധിക്കു അത്യന്തം ഉചിതമായ ഒരു

കൃത്യമാകുന്നു. ഇതിനു സ്വാതന്ത്ര്യം എല്ലാവൎക്കും ഉണ്ടു. അനന്തനാകുന്ന സൎപ്പരാജന്റെ തലയിലാണു ഭൂമി സ്ഥിതിചെയ്യുന്നതെന്നു പറഞ്ഞിട്ടുള്ളതിന്റെ അൎത്ഥം യഥാശ്രുതമായിട്ടുള്ളതല്ലെന്നും, അനന്തനെന്നാൽ അന്തമില്ലാത്തവൻ– അതായതു ഈശ്വരൻ– അദ്ദേഹത്തിന്റെ ശക്തിയിൽ ആയതു സ്ഥാപിതമായിരിക്കുന്നുവെന്നോ, അല്ലെങ്കിൽ അനന്തനു സങ്കൎഷണൻ എന്നു കൂടി നാമാന്തരം ഉള്ളതുകൊണ്ടു ഈ പ്രവചനം ആകൎഷണശക്തിയെ ഉദ്ദേശിച്ചിട്ടുള്ളതാണെന്നോ അതിനു അൎത്ഥകല്പനചെയ്യാമെന്നും ഒരാൾ സയുക്തികം പ്രതിപാദിക്കുന്നെങ്കിൽ ഉടൻ തന്നെ അയാൾക്കു നാസ്തികപ്പട്ടം കൊടുപ്പാൻ നമ്മുടെയിടയിൽ പലരും ഒരുക്കമാണു. ഇങ്ങനെ പൌരാണികാഭിപ്രായങ്ങളിൽ പലതിനേയും പരിഷ്കൃത യുക്തികളോടു യോജിപ്പിക്കാൻ ധാരാളം സൌകൎയ്യമുള്ളതും അങ്ങിനെ ചെയ്യേണ്ടതു അവശ്യകൎത്തവ്യവും ആകുന്നു. പരിഷ്കൃതന്മാൎക്കു പ്രഥമദൃഷ്ട്യാ അസംഗതങ്ങളെന്നു തോന്നുന്ന പല പുരാണകഥകളേയും സമൎത്ഥന്മാരായ ആധുനിക പണ്ഡിതന്മാർ യുക്തിപൂൎവ്വം സാൎത്ഥകങ്ങളാക്കി പ്രകാശിപ്പിക്കുന്നുണ്ടു– 'വിജ്ഞാനചിന്താമണി, മുതലായ ചില സംസ്കൃതപത്രപംക്തികൾ വായിക്കുന്നതായാൽ ഇതു അസാധാരണമായിതോന്നുകയില്ല. ചോദ്യോത്തരരൂപേണ മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള 'പുരാണസാരസംഗ്രഹം, ഈ വിഷയത്തിൽ ധാരാളം ശ്ലാഘാൎഹമായിരിക്കുന്നു. എന്നാൽ ഇങ്ങനെ ഓരോന്നിന്റെ വാസ്തവാവസ്ഥകളെ അന്വേഷണം ചെയ്കയോ യഥാമതി പ്രസംഗിക്കുകയോ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം 'നാസ്തികന്മാർ, എന്നു നിന്ദിക്കുന്നതിലാണു പ്രായേണ പലപഴമനസ്സുകൾ ഉത്സുകപ്പെട്ടുകാണുന്നതു. യഥാൎത്ഥത്തിൽ ഈശ്വരവിശ്വാസവും, അതായതു സൎവ്വത്രപരിപൂൎണ്ണനും ജഗൽസ്രഷ്ടാവും പാപപുണ്യങ്ങൾക്കു അനുരൂപഫലദായകനും അപരിച്ഛേദ്യനും ആയ ഈശ്വരൻ ഉണ്ടെന്നുള്ള വിശ്വാസവും തദനുസരണാചാരവും ഏവൎക്കുണ്ടോ അവരെല്ലാം ആസ്തികന്മാർ തന്നെ ആകുന്നു. ആയതില്ലാത്തവർ മാത്രമാണു നാസ്തികന്മാരെന്ന പേരിനു അൎഹരായിരിക്കുന്നതു.

# ശ്രീകുമാരചരമം,

എൻ പി പണിക്കർ ചങ്ങനാശ്ശേരി

കഥംനഃസഹ്യേയംഭവദുപരതിർദ്ദുർവ്വിധികൃതാ
കഥംനഃസോഢവ്യാഭവതി,ഭവതശ്ചിത്രനിഹതിഃ
തദാസ്താം;ത്വത്സ്ഥാനംകവിവര!യഥാരഞ്ജിതമതഃ
പരംകഃസംസ്കർത്തുംപ്രഭവതി;ഭവാനേവഹിഭവാൻ. ൧
നതാവച്ചിത്രീയെമഹിത!തവപാണ്ഡിത്യവിഭവെ
പരംതുപ്രസ്രാവ്യെകൃതിനിഹിതസാഹിത്യപയസി
ലഭന്തെവിദ്വാംസഃപ്രകടകൃതിനാജ്ഞാനകലികാം
തഥാപീദൃക്ഷാംനൊകവനപരസംസ്കാരകണികാം ൨
പ്രതാപജ്യോതിഷ്മദ്ധൃദയവതികേചിദ്വികസിതാ
യഥാപഘോ!ധിക്താൻസപദിതവകേചിന്മുകുളിതാഃ
ത്വദർത്ഥൈർഭേദ്യാനൊപ്രകൃതിരഥവെയംസുമനസാം
തഥാത്വേത്വാമാരാദഭജത,രമായോഗവശഗാ ൩
തദേതന്നോചിത്രംസമധിഗതവിദ്യാധനവതഃ
പ്രഭുത്വെസൌഭാഗ്യെപരമസഹനംയത്ഖലധിയാം
അകാർഷ്ടാംശ്രീവാണ്യൌവിഗതപരിഭാവെത്വയിമിഥഃ
കടാക്ഷപ്രക്ഷേപാംസ്തദിദമിഹവിസ്മായയതിമാം ൪
വിപാശംപ്രാപ്തായാസ്സപദിയമദൂത്യാജഡധിയൊ
മൃതേർദ്ധൈഷ്ട്യശാച്യാഃഖരനഖരസമ്പാതവികൃതം
ത്വദങ്ഗംസ്മൃത്വാഽഹംദിനമനുനശാമ്യാമിഹതധീഃ
കവീനാംശ്രേയസ്വിൻ!കിമുതഭവതഃപ്രാണവിഗമം. ൫
കൃതാന്താനുജ്ഞാതാകിമസിമൃതിപൈശാചിഃപിശുനെ!
ജലാന്തർല്ലീനാത്വേസ്ഫുടയസിഹികാപട്വവിഭവം
ഹൃതാസുഃസ്വംതൃപ്താ;ഭവതു;-കിമഹൊ!ചിത്രഹനനം
ക്ഷതാന്തർനിക്ഷിപ്തോൽക്കടലസദലാതായിതമിദം! ൬
കവിത്വം,സൌഭാഗ്യം,ഹഹഹ!തവവൈദുഷ്യമനഘം
മഹാമേധാവിത്വം,സുകൃതിവര!നിശ്ശേഷമിഹ
അഹൊ!ത്വത്സർവ്വസ്വംമൃതിഖരകരാന്തർന്നിപതിതം
ത്വദങ്ഗേഗംഗാമഗ്നംലഘുതരമകസ്മാജ്ജലതലെ. ൭

നഷ്ടയെമർത്ത്യാനാമപരിഹരണീയേഽഥമരണെ
യതസ്തദ്ധർമ്മാണൊനിഭൃതമുദയന്തെജനിഭൃതഃ
വിഷാദസ്ഥാനംമെയദിദമഹഹാ!ദുർവ്വിധികൃത-
സ്തദായുസ്സങ്കൊചസ്തദപിഭവതശ്ചിത്രഹനനം ൮
കലാമാദ്യാംസത്യാമനുസൃതനിദിദ്ധ്യാസനപഥ-
സ്ത്വയീതഃസഞ്ചിന്വാംശ്ചിരതരമശോധീഃസ്വഹൃദയം
അതഃസംവൃത്തംതേഹൃദയമധികസ്നേഹമസൃണം
തതസ്തെഗാർഹസ്ഥ്യംവിഗതകലുഷംസ്തൗതിഹിജനഃ ൯
വിചിത്രം!മദ്ദൃഷ്ട്യാപ്രാബല്യസരഭസം‘ഭാദശി,രസി
പ്രവേഷ്ടാദ്യങ്ഗാനാംസമുദയപരംപിണ്ഡമപിഹാ!
യതസ്തത്തല്ലായ്യപ്രകൃതിവികൃതിബ്രഹ്മപദവീ-
സ്തദാമാസീസ്സംഖ്യാവാൻനിഭൃതതരമധ്യാത്മകലയാ. ൧൦
മൃതിർമ്മാനൃണാംഭൂദിഹഖലുജഘന്യാന്യവിധയാ
ഭവത്യുജ്ജീവാനാംഭവതരണികോൽപ്പത്തിരപിസാ
അതസ്താംമുക്താങ്ഗഃഖലുവിജയസെഽസ്മാസുസതതം
കൃതാശീർവ്വാദസ്സാപ്രഥിതസുപഥേബ്രഹ്മണിപരെ. ൧൧
അതീതോവാഗ്വൃത്തേരഹഹ!വശിനസ്തത്രഭവതഃ
പ്രഭാവഃകാപ്രഹ്വീകൃതപദചയാമെകാരസനാ
തഥാപിത്വന്നാമപ്രകഥനപരാസാലഗയതെ
നകിഞ്ചിദാക്തീയം;തവഗുണസുധാംലേഢിതുപരം. ൧൨
അശുദ്ധംശുദ്ധംവാഭവതുമമവാഗ്സൂനകലനം,
വിഭൊ!തത്സർവ്വംത്വദ്വിഷയമധിശേതെപൃഥുതമം
പ്രപഞ്ചഃശാബ്ദോപിത്വമസിഹിയതഃസാവ്!ഭഗവം-
സ്ത്വദന്യന്നോജാനെകിമപി;ഫണിതിർമ്മെവിജയതെ,,

## ഛായാപദ്യങ്ങൾ

മഹാകവി കുമാരനാശാൻ.

**ചിന്താശീലംസ്ഫുരിക്കുംവലിയനയനമാസ്ഥൂലമാംഹ്രസ്വദേഹം**
**സന്തോഷംപൂണ്ടുപൊട്ടിച്ചിരിയെവിടെയുമുൾക്കൊള്ളുമുള്ളാർദ്രഭാവം**
**ചന്തംതെല്ലൊന്നൊഴിത്തിട്ടമരുവതഥനൽക്കാകളീരമ്യകണ്ഠം**
**ചിന്തിച്ചും‘ചെൻകുമാരാ,ഹാ സുകവിയിദ്ദേതമട്ടുകണ്ടെന്നുമുമ്പിൽ.**

# “ഗന്ധർവൻകുഞ്ഞു്”

പി. പി. എൻ.

‘മനോരഥരാജ്യത്തിന്റെ തെക്കുകിഴക്കായിട്ടു‘കള്ളർകാടു,എന്നൊരു ദേശമുണ്ടു. കള്ളർകാടു പഴയ കാലത്തു കള്ളന്മാരുടെ കുടിപാർപ്പുസ്ഥലമായിരുന്നു എന്നു പഴവന്മർ പറയുന്നു.

അവിടെ, തദ്ദേശ വാസികളുടെ ഭക്തിയ്ക്കും ശ്രദ്ധയ്ക്കും ഏകസ്ഥാനമായി പരിലസിയ്ക്കുന്ന ഒരു പഴെ യക്ഷിയമ്പലം ഇന്നും കാണപ്പെടുന്നു.

യക്ഷിയമ്പലത്തിന്റെ പരിത:സ്ഥലം അത്ര തന്നെ പ്രകൃതി മനോഹരമല്ലെങ്കിലും അതിന്റെ ചുററു പാടുമുള്ള വീടുകളും മതില്ക്കെട്ടുകളും ചില പൂന്തോട്ടങ്ങളും വണ്ടും തണ്ടാരും നിറഞ്ഞു അതി വിസ്താരത്തിൽ അച്ഛജല പരിപൂർണ്ണമായി കിടക്കുന്ന ‘അമ്പലക്കൊള,വും അതിനു ഏതാണ്ടൊരാപാത രമണീയത ഉണ്ടാക്കുന്നില്ലെന്നില്ല. ആ ദേശത്തുകാർക്കുള്ള (എല്ലാവർക്കുമില്ല) മിഥ്യാ വിശ്വാസം പോലെതന്നെ അവർക്കു‘ മാട, നിലും ‘യക്ഷി,യിലും ഭദ്രകാളിയിലും മററുമുള്ള ഭക്തി അവർണ്ണനീയമാണെന്നു വേണം പറയുവാൻ. വിശേഷിച്ചും പ്രസ്തുത യക്ഷിയമ്പലത്തിലെ യക്ഷി അമ്മ, യേപ്പററി പ്രത്യേകിച്ചൊരു മതിപ്പും. വിശ്വാസവും അവർക്കുണ്ടായിട്ടുണ്ടു. അതിനു തക്കതായ കാരണമുണ്ടു. എന്താണെന്നാൽ, സന്തതിയില്ലാത്തവർക്കു സന്തതി ഉണ്ടാവാനും, ഗ്രഹപ്പിഴ,യുള്ളവർക്കു ‘ഗ്രഹപ്പിഴ, നീങ്ങുവാനും‘ കണ്ണങ്കര ദേവി,യുടെ പ്രസാദം, ലഭിച്ചാൽ കാര്യം കയ്യിലായതുതന്നെ യെന്നാണു വിശ്വാസം! അതേ! അവിടത്തെ ‘പ്രസാദം, വാങ്ങി അൽപം ഭക്ഷിച്ചാലും മതി; ആദ്യം പറഞ്ഞതുണ്ടാവാനും പിന്നെ പ്പറഞ്ഞതുപോവാനും:. അത്ര ‘അച്ചട്ടാണു അവിടത്തെകാര്യം! അവിടത്തെ മാഹാത്മ്യം പറഞ്ഞു മററു ദേശക്കാരേയും അവരങ്ങോട്ടാകർഷിപ്പാനും വിശ്വസിപ്പിക്കാനും നോക്കുമെങ്കിലും സാധാരണ അതിലാരും അത്ര ശ്രദ്ധിക്കാറില്ല. ഈ‘ വിശ്വാസം പോയകാല,ത്താണോ അവരുടെ ഈ നല്ല പഴെ വിശ്വാസത്തിനു ജീവിപ്പാൻ സാധ്യമാവുക? കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ! പക്ഷെ ‘പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകില്ലെ,ന്ന മട്ടിൽ അവരുടെനിലക്കും വിശ്വാസത്തിനും ഇന്നും ഒരു മാററവും വന്നിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ മന്ത്രവാദികളും ജ്യൌതിഷക്കാരനും ‘പൂശാരി,കളും, നുണയനും, പണ്ടാരത്തിനും, കാവിയുടുത്തവനും ഒക്കെ അവരുടെ ഇടയിൽ നല്ല പേരും പെരുമയും സമ്പാദ്യവും ഉ

ണ്ടാക്കാൻ ഒരു പ്രയാസവും ഇല്ല. അത്ര സാധുജനപ്രീതിയാണു അവക്കുള്ളതു. വിശേഷിച്ചും ഇവരുടെ എല്ലാവരുടേയും ഒരു സങ്കേത സ്ഥാനം ആയിട്ടാണു പ്രസ്തുതയക്ഷിയമ്പലവും അതിന്റെ പരിസരപ്രദേശവും നിൽക്കുന്നതു. മാന്ത്രികനും ജ്യോതിഷികനും നണയനും, പണ്ടാരവുമായ ഒരു വൃദ്ധനാണു യക്ഷിയമ്പലത്തിലെ പൂജകനെന്നുള്ളതും ഇവിടെ എടുത്തു പറയേണ്ടതുണ്ടു. അയാളെ അവിടുള്ളവർക്കെല്ലാം ബഹുവിശ്വാസമാണ്. അയാൾ പൂജകനായി വന്നതിനുശേഷം അവിടെ വഴിപാടു നടത്താൻ,, ബഹു'ജാസ്തി,യായിട്ടുണ്ടു. മാത്രവുമല്ല. അവിടെച്ചെന്നു ഭജനമിരിക്കാൻ പെണ്ണുങ്ങൾക്കു വളരെ കൌതുകവുമാണു. യക്ഷിയമ്പലത്തിൽ കുളിച്ചുതൊഴാനും മററും പോകുന്നതിൽ പുരുഷന്മാരേക്കാൾസ്ത്രീകളാണ് അധികം ഉത്സാഹം പ്രദർശിപ്പിക്കുക! അമ്പലക്കുളത്തിൽ കിടന്നു തല്ലിയലച്ചു ഈറനും പേറി നടവാതുക്കൽ ചെന്നു താണുതൊഴുതു 'പണ്ടാരപ്പൂശാരി,യുടെ 'തൃക്കൈ,യ്യിൽ നിന്നു പ്രസാദവും വാങ്ങിച്ചു വാരിക്കൂട്ടി പിന്നയുമൊന്നു തൊഴുതു കുണുങ്ങിത്തിരിഞ്ഞു പോകുമ്പോൾ അവക്കുള്ള ചാരിതാത്ഥ്യം അവരുടെ മുഖഭാവത്തിൽ നിന്നു തന്നെ അനുമിക്കാവുന്നതാകുന്നു. പുരുഷന്മാക്കും വല്ല കാര്യസാദ്ധ്യവും 'യക്ഷിയമ്മ,യെക്കൊണ്ടുണ്ടെങ്കിൽ അവരതു പെണ്ണുങ്ങളുടെ അടുക്കൽ പറഞ്ഞയച്ചാണു 'ദേവിയെ അറിയിക്കുക! പെണ്ണുങ്ങളോടാണു ദേവിയ്ക്കധികമിഷ്ടമെന്നുള്ള വസ്തുത അവിടത്തെ പെണ്ണുങ്ങൾ ആണുങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചിട്ടുണ്ടു. ദേവന്മാക്കും അങ്ങിനെ വരാനല്ലേതരമുള്ളു. ഇങ്ങനെ, 'കണ്ണങ്കര ദേവിയുടെ അടുക്കൽ കുളിച്ചു തൊഴുവാനും 'വഴിപാടു, നടത്തുവാനും പല ജനങ്ങളും വന്നു കൊണ്ടിരുന്ന കൂട്ടത്തിൽ ഒരിയ്ക്കൽ മദ്ധ്യവയസ്കയായ ഒരു സ്ത്രീ ഭജനമിരിക്കാൻ വന്നു ചേന്നു. യക്ഷിയമ്പലത്തിൽ നിന്നും ഉദ്ദേശം രണ്ടു മയിൽ തെക്കാണു അവരുടെ വീടു. പഴയകാലത്തു പല വിദ്വജ്ജനങ്ങളാലും മററു പലമേന്മകളാലും പ്രസിദ്ധമായിരുന്ന ഒരു വീടാണതു. ഇപ്പോൾ സ്വത്തു കുറച്ചു ശേഷിച്ചിട്ടുണ്ടെങ്കിലും ആളില്ലാതെ, മിക്കവാറും 'അന്യംനില്പാ,യെന്നുള്ള നിലയിൽ വന്നിരിക്കയാണു ആകുടുംബം. ഇപ്പോൾ ഭജനമിരിപ്പാൻ വന്നിട്ടുള്ളതും 'സന്തതിപ്പുഞ്ഞം,കൊണ്ടുമാത്രമണു. ഭജനക്കാരിയുടെ ആകൃതിയും പ്രകൃതിയും സങ്കല്പവും അൽപം പ്രസ്താവിക്കാതെ കഥതുടരാൻ നിവൃത്തിയില്ല. പ്രസ്തുതഭജനക്കാരിയിൽ അത്ര ആകാരസുഷമയൊന്നും ആരും കാണുകില്ലെങ്കിലും അവരുടെ വിചാരം, അവരൊരു 'ത്രിലോകസുന്ദരി, യെന്നാണു. നിറം പ

ത്തച്ഛായ കലൎന്നതാണെങ്കിലും വെളുപ്പാണു. കണ്ണു, മൂക്കു, ചുണ്ടു, പല്ലു, മുതലായ അവയവങ്ങൾ പ്രത്യേകിച്ചു നോക്കുമ്പോൾ വികൃതമാണെങ്കിലും എല്ലാംകൂടി "ഒരാറാച്ചന്തം,, നാണിയമ്മയ്ക്കു ചേൎന്നവശായിട്ടുണ്ടെന്നു പറയുന്നതിൽ ആക്ഷേപമില്ല. അട്ടിക്കിലുള്ള സ്ത്രീജനങ്ങൾക്കു മിക്കവൎക്കും 'കുന്തൽദാരിദ്ര്യം,, ഒട്ടും കുറവല്ലെങ്കിലും "നാണിയമ്മ,, "തിരുപ്പു,,ം "കൊഴുന്നും,, വച്ചു അതിത്തിരി വിൎപ്പിച്ചുകെട്ടി കനപ്പിച്ചുവയ്ക്കുക പതിവാണു. നാണിയമ്മയ്ക്കു നാണം അനപത്ഥമായിട്ടുണ്ടെങ്കിലും 'വാശി,യും ശുണ്ഠി,യും വരുമ്പോൾ ഉള്ളിത്തൊലിപോലെ അതു പൊളിഞ്ഞുപൊളിഞ്ഞുപോകുന്നതു കാണാം. കാൎയ്യമൊന്നമില്ലെങ്കിലും നാണിയമ്മയുടെ ഭാവം വലുതാണു. കാൎയ്യവും കൌശലവും നാണിയമ്മയ്ക്കാരും പറഞ്ഞുകൊടുക്കേണ്ട. നാണിയമ്മ മററു പെണ്ണുങ്ങളെപ്പോലെ അത്ര വെളിവായി നുണ പറയുക പതിവില്ലെങ്കിലും 'കുത്തു' വാക്കു ധാരാളം പറയുന്ന കൂട്ടത്തിൽ ആണു. പറഞ്ഞുകഴിഞ്ഞിട്ടു, "ഞാനൊന്നുമറിഞ്ഞില്ലേരാമനാരായണാ,, എന്നു നിന്നുകളയുകയും ചെയ്യും. അതിലാണവരുടെ സാമൎത്ഥ്യം! 'അലോഹ്യ,ങ്ങളിലെങ്ങും ഉൾപ്പെടാത്തവിധം 'ലോഹ്യം, പറഞ്ഞു 'മദ്ധ്യസ്ഥക്കാരി,യാകാൻ നാണിയമ്മ പലപ്പോഴും പ്രയത്നിക്കാറുണ്ടു്. വല്ല നൊമ്പരമോ സൽഘണ്ണമോ അവൎക്കുണ്ടെങ്കിൽ അതെല്ലാം ഒററവാക്കിൽ 'ദീപാളികുളിപ്പിക്കാ,ൻ നാണിയമ്മയ്ക്കു ബഹുവിരുതാണു്. കാൎയ്യമെങ്ങിനെയൊക്കെത്തായാലും ലോകാപവാദത്തിൽ അവൎക്കു വളരെ ഭയമുണ്ടു. അതുണ്ടാകാതിരിപ്പാൻ 'ഉള്ളിലൊന്നു പുറത്തൊന്നു, എന്നമട്ടിൽ പല 'സൌജന്യ,വും 'ദാക്ഷിണ്യ,വും പലൎക്കും പലപ്പോഴും അവർ പ്രകടിപ്പിക്കാറുണ്ടു. അസൂയ ആരോടുമില്ലെന്നുഭാവമുണ്ടെങ്കിലും സ്ത്രീഹൃദയമാകയാൽ സ്ത്രീകളോടവൎക്കസൂയയും സ്പൎദ്ധയും ഉണ്ടു്. പക്ഷെ, അതുമിക്ക സ്ത്രീപുരുഷന്മാൎക്കും അറിവാൻ പാടില്ലാത്തവണ്ണം അത്ര അഗാധത്തിലാണു് അവർ വച്ചു സൂക്ഷിക്കുന്നതു! കാൎയ്യമെന്തുതന്നെ ആയാലും ലോകദൃഷ്ടിക്കു അവരൊരു പതിവ്രതയായിട്ടു തന്നെയാണിരിക്കുന്നതു. എന്നാൽ, ചിലപ്പോൾ, ചില ഗന്ധൎവ്വന്മാരെ സ്വപ്നം കാണുകയും മററും ചെയ്യുന്നതുകൊണ്ടു വിചാരം അത്രശുദ്ധമാണെന്നു പറവാൻ പാടില്ലെന്നു പക്ഷെ ചിലർ പറഞ്ഞേക്കാം. അവരുടെ 'ഉള്ളുകള്ളികൾ, അറിയുമ്പോൾ അവരുടെ പേരിൽ ആൎക്കും അത്രബഹുമാനം തോന്നാൻ അവകാശമില്ലെങ്കിലും ബാഹ്യമായിട്ടു അവർ കാണിക്കുന്ന വൈഭവവും 'സദൃശബുദ്ധി,യും അന്യാദൃശമാണു്. ഇങ്ങനെയൊക്കെയിരിക്കുന്ന നാണിയമ്മ, ഒരൊറൊന്നു കലത്തിൽ

ത്തുററൊന്നു പ്രാവശ്യം 'പൊങ്കാല, യിട്ടു, വളരെ കഷ്ടപ്പെട്ടു അവൾക്കൊരു ശിശു മുൻപു ജനിക്കാനിടയായി എന്നാൽ, ദൌർഭാഗ്യത്താൽ അതുടൻതന്നെ മരിക്കാനിടയായി. ഒരാൺകുട്ടിയായിരുന്നു; അയ്യോ! എന്തുചെയ്യാം! അതു ചത്തുപോയല്ലോ പിന്നീട്ട നാണിയമ്മ, ഒരു നീണ്ട പന്തീരാണ്ടു കാലത്തേക്കു പ്രസവദുഃഖമറിഞ്ഞിട്ടേയില്ല. ഒരു പ്രസിദ്ധ വൈദ്യൻ പഠിച്ച പണിയൊക്കെ നോക്കി; ഫലപ്പെട്ടില്ല! മന്ത്രവാദികൾ പലരും ഉഴിഞ്ഞുവിട്ടും ജപിച്ചുകൊട്ടത്തും ഞരുക്കുകെട്ടിയും മട്ടത്തമട്ടത്തു! ഇനി, ആരാണു! എവിടെയാണു; എന്താണു; എന്നായി രക്ഷ. കാശിക്കുപോയി മരിച്ച ഒരമ്മാവന്റെ 'വിൽപത്രം, വഴിയായും ഭർത്താവിന്റെ ഇഷ്ടദാനം വഴിയായും ഉട്ടേറെസ്വത്തുക്കൾ അവൾക്കിപ്പോൾ കൈവശം വന്നുചേർന്നിട്ടുള്ള ഒരുകാലമാണു്. അടുത്തവരായി അവൾക്കാരുമില്ലെന്നു വേണം പറയുവാൻ. ഒടുക്കം ഒരമ്മാവനുണ്ടായിരുന്നതു കാശിയിൽ വച്ചും ഒരു സഹോദരനുണ്ടായിരുന്നതു 'മെസപ്പൊട്ടേമിയാ,യിൽ വച്ചും മരിച്ചുപോയതായിട്ടാണു അറിവു. 'ഭർതൃജീവിതം, കഴിഞ്ഞാൽ ഈ സ്വത്തുക്കളുടെ സൂക്ഷിപ്പിനും 'പിൻതുടച്ച,ക്കും ആരുമില്ലാതെവരുന്നതിൽ അപാരമായ വ്യസനം നാണിയമ്മയ്ക്കുണ്ടു. ക്ഷയരോഗബാധിതനായ ഭർത്താവു മുൻപേ മരിക്കുമെന്നും തന്റെടം അശേഷം കുറഞ്ഞിട്ടില്ലാത്തു നാണിയമ്മപിന്നെയുംഏറെനാൾ ജീവിച്ചിരിക്കുമെന്നുമാണു അവരുടെ ദൃഢവിശ്വാസം; കണ്ടാലാരുമങ്ങിനെ പറയുകയും ചെയ്യും. ഏതായാലും അവൾക്കിപ്പോഴൊരു കുഞ്ഞുണ്ടാകണമെന്നു നിർബന്ധമാണു. അതിനാണു ഈ 'പെടാപ്പാടു,കളൊക്കെപ്പെട്ടതു പററിയില്ല എന്തിനു, ഇനി, 'അററകൈ,യ്ക്കൊരു പ്രയോഗമേ ഉള്ളൂ;. അതുകൊണ്ടുണ്ടായെങ്കിൽ ഭാഗ്യം, ഇല്ലെങ്കിൽ കർമ്മം; എന്നുള്ള സങ്കല്പത്തോടുകൂടി 'നാണിയമ്മ, കണ്ണങ്കര ദേവി,യുടെ സന്നിധിയിൽ ഭജനം പാർക്കാൻ തീർച്ചപ്പെടുത്തി. അവരിപ്പോൾ 'യക്ഷിയമ്പല,ത്തിൽ വന്നിരിക്കുന്നു. പൂജകനായ വൃദ്ധപ്പണ്ടാരം വിവരമറിഞ്ഞോടിച്ചെന്നിട്ടു, 'ഇതാരാണു,? 'നാണി,കുഞ്ഞല്ല്യോ? എന്നു ചോദിച്ചു 'നാണിയമ്മ, വൃദ്ധനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു—'അതേസാമീസാമിയിത്രവയസ്സനായിപ്പോയോ,? എന്നു ചോദിച്ചുംകൊണ്ടു ഒരു പച്ചച്ചിരിചിരിച്ചു.

വൃദ്ധൻ:— പത്തെഴപതായില്ല്യോ കുഞ്ഞേ! കുഞ്ഞിനെന്തു വഴിപാടാണു് നടത്തേണ്ടതു്?

നാണിയമ്മ:— സാമീ! ഞാൻ ഭജനമിരിക്കാൻ വരികയായിരുന്നു. നാല്പത്തൊന്നുദിവസം ഇവിടെതാമസിക്കണമെന്നാണു വിചാരിക്കുന്നതു.

വൃദ്ധൻ:— (സസന്തോഷം) ആിമ്മു

മുമ്പേതന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണല്ലോ. അതിനെന്തു്? അതിനു വേണ്ടതെല്ലാം എളുപ്പത്തിത്തരാമല്ലോ എന്നു പറഞ്ഞു അവരുടെ കാൎയ്യത്തിൽ ബദ്ധശ്രദ്ധനായിനിന്നു. "ഭജനപ്പുര,യിൽ ഭജനക്കാരധികമില്ലാതിരുന്നതിനാൽ അവൎക്കു താമസിപ്പാൻ സുഖവും സൌകൎയ്യവുമുള്ള ഒരുനല്ല മുറിതന്നെ കിട്ടി. വൃദ്ധപ്പണ്ടാരം വളരെ ദയാലുവാണു. വാസ്തവത്തിലാദേശക്കാൎക്കു ചേരത്തക്കവണ്ണം പഴെ ആചാരങ്ങളും വിശ്വാസങ്ങളും കൊണ്ടു ഭൂഷിതനായ ഒരാളാകയാൽ ആ മനുഷ്യനോടിടപെടുന്ന ആത്തരംആളുകൾക്കു അയാളെപ്പററി ഒരു വിശ്വാസവും സംതൃപ്തിയും ജനിക്കാതിരിക്കില്ല. പത്തെഴപത്തു വയസ്സുള്ള ഒരു നല്ല ജീവകാരുണ്യവാനായ വയസ്സനെന്നു കാണുകയാലും പൂൎവ്വപരിചിതനാകയാലുംനാണിയമ്മയ്ക്കുപിതൃനിൎവ്വിശേഷമായ ഭക്തിയും വിശ്വാസവും ആ മനുഷ്യനിൽ അങ്കുരിച്ചു പോയി. "ഭജനംപാൎക്കാ,,നാളുണ്ടെങ്കിൽഅതു പല വിധത്തിലും ആദായകരമായിരുന്നതു കൊണ്ടു നാണിയമ്മയുടെ വിനയവാക്കും ആചാരങ്ങളും മിഥ്യാ വിശ്വാസങ്ങളുംപണ്ടേതന്നെവൃദ്ധനുപരിചിതമാകകൊണ്ടും പുത്രിനിൎവ്വിശേഷമായസ്നേഹത്തോടുകൂടിത്തന്നെഅയാളും പെരുമാറി. വൃദ്ധനും നാണിയമ്മയും പൂൎവ്വപരിചയം വച്ചു കൊണ്ടു വീട്ടു വിശേഷങ്ങളും മററും അല്പനേരം സംസാരിച്ചു നിന്നു. നാണിയമ്മയുടെഭത്താവായ"മാതേവച്ചാർ,, ചുമച്ചും കാക്കിച്ചുംനടന്നു 'വാല്യക്കാരനേക്കൊണ്ടു ഓരോ സാമാനങ്ങൾ മുറിയിൽ വയ്പിക്കുന്നു. 'കാക്കിച്ചുണ്ടു ദൂരെ തുപ്പണേ! മുററത്തു തുപ്പരുതേ! എന്നു വൃദ്ധനോടുള്ള സംഭാഷണത്തിന്നിടയിൽ മാതേവച്ചാരോടുനാണിയമ്മ പറയുന്നുണ്ടു. മാതേവച്ചാർ ഇനി ഒരിടത്തു ഇരുന്നുകൊണ്ടാട്ടെ! ഞാൻ ആളിനെ വിട്ടു അതെല്ലാം ശരിയാക്കി വയ്പിച്ചു കൊള്ളാം എന്നു പറഞ്ഞു വൃദ്ധൻ പടിഞ്ഞാട്ടു മുഖം തിരിച്ചു 'എടേ രാമസ്വാമി! എന്നു നീട്ടി ഉറക്കെ ഒന്നുവിളിച്ചു. "എന്തമ്മാച്ചാ!,,എന്നു യക്ഷിയമ്പലത്തിൻെറ പടിഞ്ഞാറുവശത്തു നിന്നു ഒരുവിളികേട്ടു. "ഇവിടെവാ!,, എന്നു വൃദ്ധൻ ആജ്ഞാപിക്കയും ഉടൻ ഒരു ചെറുപ്പക്കാരൻഅവിടെ ഓടിഎത്തുകയും ചെയ്തു.- ഉടൻ തന്നെ വൃദ്ധപ്പണ്ടാരം, "നീ കൂടി ചെന്നു ഇവരുടെ സാമാനങ്ങൾ മുറിക്കകത്തു ശരിയാക്കിവയ്ക്കുകയും കതകുകളും പൂട്ടുകളും ഒന്നുകൂടി പരിശോധിച്ചു താക്കോലുകൾ എടുത്തു കൊടുക്കുകയും ചെയ്യണം. ഇവർ നമ്മുടെ സൊന്തആളുകളാണു്,,. കൊച്ചു പണ്ടാരം, തങ്ങൾക്കു പെട്ടെന്നുണ്ടാവാൻപോകുന്ന ആദായമോൎത്തു അത്യാവേശത്തോടുകൂടി നാണിയമ്മയെ ഒന്നു തുറിച്ചു നോക്കീട്ടു, മാതേവച്ചാരുടെ അടുത്തുചെന്നു വേണ്ടതു സഹാ

യിച്ചു. വൃദ്ധനും നാണിയമ്മയും പിന്നെയും സംഭാഷണം തുടങ്ങി. 'പൂജാരിസ്സാമി "എന്നെ അറികില്ലെന്നായിരുന്നു ഞാനാദ്യം വിചാരിച്ചതു" എന്നു പറഞ്ഞു നാണിയമ്മ കാതുവരെ കടവാപിളന്നൊരു പച്ചച്ചിരി ചിരിച്ചപ്പോൾ വൃദ്ധപ്പണ്ടാരം; "ഹശ്ശ്യ! അങ്ങിനെ വരുമോ!- ഹ! ഹ! ഹ! ഹ! - കുഞ്ഞേ! ആ ഗന്തർവന്റെ 'ഉപദ്രവം, ഇപ്പോഴുമൊണ്ടോ? എന്നു ലോഹ്യക്കാരന്റെ മട്ടിൽ ചോദിച്ചു. ഉടൻ നാണിയമ്മ "ഒണ്ടു സാമീ,, അതുകൂടെക്കൂടെ ഉണ്ടാകുന്നുണ്ടു. അതുകൊണ്ടായിരിക്കുമോ എനിക്കു സന്തതി ഉണ്ടാകാത്തതു? എന്നു ഒരു ചോദ്യമായിട്ടു തന്നെ സമാധാനം പറഞ്ഞു. വൃദ്ധൻ- ശി! അങ്ങിനെ പറയരുതു; ഉണ്ടാകാനാം അവർ വിചാരിച്ചാൽ മതി കുഞ്ഞേ

നാണിയമ്മ— 'എങ്ങിനെയായാലും എന്റെ 'സൊത്തിനു, 'അവകാസി,, യായി ഒരു കുഞ്ഞുണ്ടായാൽ മതിയായിരുന്നു സാമീ. പൊന്നുസാമീ! എനിക്കു വളരെ സങ്കടമൊണ്ടു്. അല്ലൊരു ചക്രത്തിനുവക "അങ്ങുന്നുമിങ്ങുന്നു,, മൊക്കെ വന്നുചേരാനിടയായിട്ടുണ്ടു. എന്റെ കാലം കഴിഞ്ഞാൽ അതിനു പിന്നെ ഒടേക്കാരാരാണു്?,, എന്നു പറഞ്ഞു നാണിയമ്മ വിഷാദിച്ചു നിൽക്കുമ്പോൾ, "പിന്നീടു ഒടേക്കാർ ആരെങ്കിലുമായിക്കൊള്ളട്ടെ; അതിലിത്ര വെമ്പണമോ?,, എന്നു് വൃദ്ധൻ "ആത്മഗതമായി വിചാരിച്ചുംകൊണ്ടു ഇങ്ങനെ പറഞ്ഞു— കുഞ്ഞേ വ്യസനിക്കേണ്ടാ കണ്ണങ്കരയക്ഷിയമ്മയുടേയും ഗന്തർവന്റെയും "അനുഗ്രഹ,,മുണ്ടായി നിനക്കൊരു കുഞ്ഞുണ്ടാകാതെയിരിക്കയില്ല. നല്ലവണ്ണം വിശ്വസിച്ചു കൊള്ളു; പിന്നെ ഒരു കാര്യം കൂടിപ്പറയാം; വിശ്വസിച്ചാൽ സംശയം ഒന്നിലും തോന്നരുതു. വിശ്വാസമില്ലെങ്കി സങ്കല്പം, പറവുകില്ല കുഞ്ഞേ.

നാണിയമ്മ—'സാമീ, എനിക്കു വിശ്വാസക്കൊറവൊന്നുമില്ല. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ദൈവങ്ങളോടുള്ള വിശ്വാസം ഞാൻ ചാകണം പോകണമെങ്കിൽ. ഇപ്പോൾ പടിച്ചുവന്ന പിള്ളേർക്കിതൊക്കെ ആക്ഷേപമാണു. അവർക്കു ദൈവവുമില്ല, ദേവരുമില്ലാതെ നടക്കുന്നു.,,

വൃദ്ധൻ—'അവരു പോയി കഴവേറട്ടെ അവരുടെ പാടവർക്കു; നിനക്കു വിശ്വാസമുണ്ടെങ്കിൽ നിനക്കു കൊള്ളാം കുഞ്ഞേ!!!

കൊച്ചുപണ്ടാരത്തിനും മാതേവച്ചാർക്കും ഈ സംഭാഷണം കേൾക്കാമായിരുന്നു. കൊച്ചുപണ്ടാരം വൃദ്ധൻ പറഞ്ഞതനുസരിച്ചു ഭജനക്കാരിക്കു വേണ്ടതെല്ലാം ഒരുക്കിക്കൊടുക്കുവാൻ സന്നദ്ധനായിനിന്നു. കൊച്ചുപണ്ടാരം വാസ്തവത്തിൽ അവരുടെ സംഭാഷണത്തിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നു എങ്കിലും അയാൾ അങ്ങിനെ ഭാവിക്കാതെ മാതേവച്ചാരോടു ചില സംഭാഷണം നടത്തിക്കൊണ്ടിരുന്നു. അതിനിടയ്ക്കു വൃദ്ധൻ നിർദ്ദേശിച്ച ജോലിയും ചെയ്തുകൊണ്ടിരുന്നു. വേറൊരു സംഭാ

ഷണത്തിൽ ശ്രദ്ധിക്കുകയും വേറൊരു സംഭാഷണം നടത്തുകയും അതിന്നിടയിൽവേണ്ടജോലികൾ നിർവ്വഹിക്കുകയും എല്ലാം ഒരേസമയത്തിൽ സാധിക്കുന്നു. കൊച്ചുപണ്ടാരം 'കൃത്രമി', യാണെന്നുള്ളതിനു വേറെതെളിവുവേണ്ട. കൊച്ചുപണ്ടാരം അവിടുത്തേ കൊച്ചുശാന്തിയാണു, കൊച്ചു ശാന്തിയെപ്പററിയും രണ്ടു വാക്കുപറഞ്ഞിട്ടു കഥ തുടരാം. 'രാമസ്വാമി, യെന്നാണു കൊച്ചുശാന്തിയുടെ നാമധേയമെങ്കിലും അട്ടിക്കിലൊക്കെ അയാളെ 'കൊച്ചുപണ്ടാരം, 'കൊച്ചുപണ്ടാരം, എന്നാണ് സാധാരണ പറഞ്ഞുവരാറുള്ളതു. കൊച്ചുപണ്ടാരം ഏതു കൂട്ടത്തിലും ചേരും. അതിനുള്ള സാമത്ഥ്യമെല്ലാം അയാൾക്കുണ്ടു. കുറച്ചുനാൾ സക്കസ്സിൽ നടന്നിട്ടുണ്ടു. ആൾ പരിഷ്കാരിയാണു. കരിപോലെ കറുത്ത കൊച്ചുപണ്ടാരം, നെററിയിൽ ചാന്തുപൊട്ടിടുന്നതു നെററിയിൽ കുന്നത്തെ ഭസ്മം പൂശി അതിൻെറപുറത്താകുന്നു. എങ്കിലെ ചാന്തു പൊട്ടു എല്ലാവക്കും കാണ്മാൻ സാധിക്കുള്ളു. കുറേശ മൂളിപ്പാട്ടറിയാം. പെണ്ണുങ്ങളുക്കൊണൊമ്പോൾ' ഇങ്ങേനെയുള്ളാരുകാററു............, എന്നുള്ള 'കാമപാലൻെറ പാർട്ടു അയാളറിയാതെ മൂളിപ്പാടിപ്പോകും. പ്രേതബാധയും മററുമൊഴിപ്പാൻ പ്രത്യേകം മരുന്നും മന്ത്രവും നമ്മുടെ കൊച്ചു പണ്ടാരത്തിനവശമാണെന്നു അയാൾക്കുതന്നെ ഒരുഭാവമുണ്ടു. 'യക്ഷിയമ്പലത്തിൽവഴിപാടുധാരാളം വരുന്നതുകൊണ്ടു 'കൊച്ചുപൂശാരി, ക്കും 'തീററി, കുശാലാണു. രാവും പകലും 'കൊച്ചുപൂശാരിയുടെഅധിവാസം അവിടെത്തന്നെയാണെങ്കിലും 'വല്യപൂശാരി, മാത്രമേ അറിഞ്ഞിട്ടുള്ളു. അതിനു കാരണവുമുണ്ടു ചില ദിവസങ്ങളിൽ ചില ചങ്ങലകിലുക്കും അറുകുലവിളിയും പൊയ്ക്കാലിൽ പന്തം പിടിച്ചു നടപ്പും മററും കൊണ്ടു അയൽവാസികൾക്കു 'കണ്ണങ്കരദേവി, യിൽവിശ്വാസം വർദ്ധിപ്പിക്കേണ്ട ഭാരംമുഴവനുംകൊച്ചുപണ്ടാര,ത്തിനുള്ളതാണു. ഈ വസ്തുത, വല്യശാന്തിക്കും ഈശ്വരനുമല്ലാതെ മറെറാരു ഭൃതക്കും അറിഞ്ഞുകൂട. അങ്ങനെയിരിക്കട്ടെ; നാണിയമ്മ, മാതേവച്ചാരേ പറഞ്ഞു വിട്ടിലയച്ചിട്ടു കൂട്ടിനൊരു പെൺകുട്ടിയുമായി അവിടെ താമസിച്ചുഭജനം നടത്തിത്തുടങ്ങി. നാണിയമ്മ പണക്കാരിയാകയാലും ദേവന്മാക്കുവേണ്ടി പറയുന്നതൊക്കെ ചെയ്യുന്നവളാകയാലും പായ,സത്തിനെന്നും 'നിവേദ്യത്തി, നെന്നും 'നൈവിളക്കി, നെന്നും മററും പറഞ്ഞു വല്യശാന്തിയും കൊച്ചു ശാന്തിയുംകൂടി അവരിൽനിന്നു തട്ടിയപണത്തിനു കണക്കില്ല. മാത്രവുമല്ല, അവരുടെ ഊണു നെയ്യും, പരിപ്പും പാൽപ്പായസവും കൂടി ആയപ്പോൾ സർവ്വവിഭവ പരിപൂർണ്ണമാകുകയുംചെയ്തു. നാണിയമ്മയിൽ പ്രത്യേകം കൃതജ്ഞതഅവക്കു ഉണ്ടായിപ്പോകുന്നതിൽആശ്ചര്യപ്പെടാനില്ല കൊച്ചുപ

ണ്ടാരം അവരിൽ ആദരവുള്ള ഒരുപരിചാരകനായി തന്നെ സദാനിൽക്കയാണു. സന്ധ്യയായാൽ നാണിയമ്മയുടെ കീൎത്തനങ്ങളും ജപങ്ങളുംഒക്കെ കഴിയുന്നതുവരെ കൊച്ചുപണ്ടാരംഅവരുടെ ഭജനപ്പുരയ്ക്കുപുറവും കാൎയ്യമന്വേഷിച്ചുനടക്കും. നാണിയമ്മ ദീപാരാധന, കണ്ടു വിടവാങ്ങിയാൽ പിന്നെ വല്യശാന്തിഊണു കഴിഞ്ഞുറങ്ങാൻപോകും. കൊച്ചുശാന്തി അവിടെഅല്ലല്ലൊ. നാണിയമ്മയ്ക്കു നാൽപ്പത്തൊന്നുദിവസത്തെ ഭജനമാണു അഞ്ചുദിവസംകഴിഞ്ഞു. വാസ്തവത്തിൽനാണിയമ്മ 'ദേവത, കളിൽ വലിയഭക്തിയുള്ളവളും വിശ്വാസമുള്ളവളുമാണു. സന്താനമുണ്ടാകണമെന്നുള്ള സങ്കൽപ്പത്തോടുകൂടി കണ്ണങ്കരയക്ഷി, യേയും അവരുടെ ഭൎത്താവെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന ഗന്ധൎവ്വനേയും അവർ ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കയും ഭജിക്കയും ചെയ്യുന്നുണ്ടെന്നുള്ളതിൽ യാതൊരുകളങ്കവുമില്ല. നിഷ്കളങ്കം'ദൈവങ്ങ, ളെ ഭജിച്ചാൽ ഫലം കിട്ടാതിരിക്കുമോ? തുലാമാസം ൨൨ാം ൹ ഒരു വെളുത്ത വാവുന്നാൾ—അവർ ഭജനം,, തുടങ്ങിയതിന്റെ ആറാം ദിവസം—ഗന്ധൎവ്വനെ അവർ സ്വപ്നംകണ്ടു, അന്നത്തെ പിന്നീടുള്ള രാത്രി പലവിചാരംകൊണ്ടു അവൾക്കു ശിവരാത്രിയായിതന്നെകഴിഞ്ഞുകൂടിയെങ്കിലും നേരംവെളുത്തപ്പോൾ നാണിയമ്മ പ്രസന്നമുഖിയായിട്ടു തന്നെ കാണപ്പെട്ടു; 'വല്യപ്പണ്ടാരം,,ത്തിന്റെ അടുക്കൽ വസ്തുത പറയാതിരുന്നില്ല; വലിയപൂശാരി ഇതു കേട്ടപ്പോൾ, ആററരികിൽ നില്ക്കുന്ന പഴയകുററികൾപോലെ,അവിടവിടയായി നില്ക്കുന്ന അഞ്ചാറുനീണ്ടപല്ലു് വെളിക്കോട്ടു കാട്ടി ഹ് ഹ് ഹാ! എന്നു ചിരിച്ചുംകൊണ്ടിങ്ങനെ പറഞ്ഞു—

വൃദ്ധൻ:—കുഞ്ഞേ! 'കണ്ണങ്കര ദേവിയെ പൂശിക്കുന്നതു ഞാനാണ്. കുഞ്ഞിന്റെ കാൎയ്യമെല്ലാം അവിടെ പറഞ്ഞു കേൾപ്പിക്കുന്നതും ഞാനാണു യക്ഷിയമ്മയെക്കൊണ്ടു കഴിയാത്തതു 'ഗന്ധൎവ്വസ്സാമിയെ,ക്കൊണ്ടുചെയ്യിക്കാൻ, ഞാൻ പറഞ്ഞാൽ 'ദേവി കേക്കാണ്ടിരിക്കില്ല കുഞ്ഞേ! അല്ലെങ്കിപ്പിന്നെ ഈ പാടെല്ലാംഞാനെന്തിനപെടുന്നു്! ഞാൻ കുടിച്ചില്ലെങ്കിലും നാഴിയരി തെണ്ടിക്കൊണ്ടു വന്നെങ്കിലും എന്റെ ദേവിക്കു ഞാൻ 'വെച്ചുകൊടുത്തി,ട്ടുള്ളവനാണ് ആ 'നന്ദി, എന്റെ ദേവിക്കു—എന്റെ കണ്ണങ്കരഅമ്മക്കു—എന്റെ പൊന്നക്ഷിഅമ്മേക്കു്—ഇല്ലാണ്ടിരിക്കുമോ?

നാണിയമ്മ:—'ഗന്ധൎവ്വസ്സാമി അല്ലെ യക്ഷിയമ്മേടെ'ഭത്താവു! അതുകൊണ്ടു് 'പൂശാരിസ്സാമി പറേണതു യക്ഷിഅമ്മകേക്കും, 'യക്ഷിഅമ്മ,പറേണതു 'ഗന്ധൎവ്വസ്സാമി,യുംകേക്കും. അവരു രണ്ടുപേരുംകൂടി വിചാരിച്ചാപ്പോരേ നമ്മുടെ കാൎയ്യത്തിനു്?,

വൃദ്ധൻ —ഹയ്യാ! അതിനുണ്ടോതക്കമൊള്ളു! ഗന്ധൎവ്വസ്സാമി, വിചാരിച്ചില്ലെങ്കിൽ' അദ്ദേഹം പിന്നെഈ മതിലിനുള്ളിൽ കേറി നൊക്കുല്ല

കുഞ്ഞേ! കുരുത്തംകെട്ട ആരാമസ്സ്വാമിക്കു അതിനുള്ള പണിയെല്ലാം അറിയാം. അവനും ചോറു ഞാനാണുകൊടുക്കുന്നതു്!

നാണിയമ്മ—'കൊച്ചുപണ്ടാരം, വലിയ 'മന്ത്രവാദി,യാണു് അല്ലേ?

വൃദ്ധൻ— (മൂക്കിൽ കൈവച്ചുംകൊണ്ടു) കൊള്ളാം! കേക്കണോ? ഒരിക്കൽ ഒരു 'യക്ഷി,യേയും 'ഗന്ധവ്,നേയും ഒന്നി'ച്ചാവാഹിച്ചു്, ഒരു കുടത്തിലാക്കി കുളത്തിത്താത്തുകളഞ്ഞതന്നേ! കുരുത്തം കെട്ടവനേ! കുരുത്തം കെട്ടവൻ! അതിപ്പിന്നെ 'കുഞ്ഞിനാണ,എനിക്കു പേടിയാണു. അവനിവിടെ വല്ലതും കുസ്ത്രറം ചെയ്തുകളഞ്ഞെങ്കിൽ എന്റെ പെഴപ്പുമുട്ടി! അതുകാരണം അവന്റെ താളത്തിനൊത്തു ഞാനും തുള്ളുന്നു!

നാണിയമ്മ— അയാളൊരു പാവമാണല്ലൊ? 'പൂശാരിസ്സാമി,യോടു വളരെ ഭക്തിയും കാണിക്കുന്നുണ്ടല്ലൊ

വൃദ്ധൻ—അതൊക്കെ കാണിക്കും അവനെ ഇവിടെങ്ങും കാണുകല്ലെന്നേ! രാത്രിയോ ഇവിടെങ്ങും വന്നു ഒന്നും അന്നഴിക്കില്ല; അതുപോട്ടെ; പകലെങ്കിലുംവന്നു വല്ലതും അന്നാഴിക്കണ്ടേ എത്ര ആളുകൾ വരുന്നു, എന്തുവഴിപാടുകൾ വരുന്നു, എല്ലാടത്തും താന്തന്നെപോണം. അവൻ വന്നെങ്കിവന്നു. ഇല്ലെങ്കി ഇല്ല; ഇത്രേഉള്ളു അവന്റെ കാര്യം.

നാണിയമ്മ— 'കൊച്ചുപണ്ടാ,രത്തിനു ബാര്യയുണ്ടോ?

വൃദ്ധൻ—അവനു ബാര്യയുമില്ല; പെണ്ടാട്ടിയുമില്ല; (തിരിഞ്ഞുനോക്കീട്ടു) ഇതാ! വരുന്നു; കള്ളൻ ഇവിടെവിടെയോ ഒളിച്ചു നിക്കയായിരുന്നു 'രാമസ്സ്വാമി,യോടി വന്നു വൃദ്ധനോടിപ്രകാരം പറഞ്ഞു—ഇതാ രണ്ടു മൂന്നു പേർ അമ്മാച്ചനെ അന്വേഷിക്കുന്നു. അവർക്കു വഴിപാടു നടത്താനുണ്ടു് നമുക്കങ്ങോട്ടു പോകാം. വൃദ്ധൻ നാണിയമ്മയെ നോക്കി ഇങ്ങനെ പറഞ്ഞു—കുഞ്ഞേ വിശ്വാസിച്ചോളു; കണ്ണങ്കര യക്ഷിയമ്മയെ ആണേ ഞാനും നീയും ഭജിക്കിന്നതെങ്കിനിനക്കൊരാങ്കുട്ടിയുണ്ടായി അവനെഇവിടെ 'തുലാഭാരം,'തൂക്കാനിടയാവും, എന്നുപറഞ്ഞു വൃദ്ധൻ നടന്നു 'തൂക്കാനിടയാവും.'എന്നു കേട്ടപ്പോൾ 'നാണിയമ്മ, തനിക്കുണ്ടാകാൻ പോകുന്ന കുഞ്ഞു 'കൊലപാതകി'യായി തീരുമോ എന്നാശങ്കിച്ചു ഒന്നറിയാതെ ഞെട്ടിപ്പോയി; അതിൽനിന്നു അവർക്കു സന്താനത്തിലും അതിന്റെ നന്മയിലും എത്രമാത്രം ആഗ്രഹമുണ്ടെന്നു ഊഹിക്കാൻ കഴിയുമല്ലൊ. നാണിയമ്മ പിന്നെയും "ഭ ജ നം" വഴിപോലെ നടത്തി. വൃശ്ചികമാസം ഒന്നാംതീയതി,—വൃശ്ചികവ്രതം ആരംഭിച്ച ദിവസം—(നാണിനമ്മയുറങ്ങീട്ടില്ല) രാത്രി ൧൧ മണിക്കു ശേഷം —എന്തെന്നില്ലാത്ത ഒരു "പരിമള വിലാസം" നാണിയമ്മയുടെ ഘ്രാണേന്ദ്രിയത്തിനു വിഷയീഭവിച്ചു.! അവർ കിടക്കയിൽ നിന്നെണീററിരുന്നു.

"ദീപാരാധന,, കഴിഞ്ഞു വല്ല്യ പൂശാരികൊടുത്ത പൂമാലയ്ക്കു ഇത്ര മണമുണ്ടോ? എന്ന സംശയിച്ചു, മുടിക്കെട്ടിൽ ചാർത്തിയിരുന്നമാല വലിച്ചുപറിച്ചൊന്നു,രണ്ടു,മൂന്നു,മണപ്പിച്ചു! അതിൻെറ മണമല്ലെന്നു തീർച്ചപ്പെട്ടു! നാലു ചുററും മുഖം തിരിച്ചു ആ സൌരഭ്യം പരീക്ഷിക്കുകയും ആസ്വാദിക്കുകയും ചെയ്തു. മണം വരുന്നതിൽ പേടിക്കാൻ ഒന്നുമില്ലല്ലൊ എന്നു വിചാരിച്ചു അടുത്തു ദൂരെ നീങ്ങിക്കിടന്നിരുന്ന പെൺകുട്ടിയെ വിളിക്കാനും വിളക്കു കത്തിക്കാനും നാണിയമ്മ ഒരുങ്ങിയില്ല. അങ്ങിനെയിരുന്നപ്പോൾ ഒരു ചെറിയ വീണാനാദം യക്ഷിയമ്പലത്തിനകത്തു നിന്നും കേൾക്കുന്നതായി അവൾക്കു തോന്നി. പക്ഷേ ആ സ്വരവിശേഷം അത്ര നീണ്ടുനിന്നില്ല. ഗന്ധർവ്വന്മാരുടെ വരവിനേപ്പററി പഴെ അമ്മൂമ്മമാർ പറഞ്ഞിട്ടുള്ളതൊക്കെയോർത്തപ്പോൾ ഇതൊരു "ഗന്ധർവ്വൻ വരവാണെന്നു തീർച്ചപ്പെടുത്തി, നാണിയമ്മ, ഭക്തിയോടുകൂടി കണ്ണുമടച്ചു ധ്യാനിച്ചു കിടന്നു. അങ്ങനെ കിടന്നൊന്നുറങ്ങി നേരവും വെളുത്തു! അന്നു അൽപം ഇച്ഛാഭംഗത്തിൻെറ ഛായയും നാണിയമ്മയുടെ മുഖത്തു സ്ഫുരിച്ചു കണ്ടതു! ആ വസ്തുതയും വല്ല്യശാന്തിക്കപ്പോഴുണ്ടായ സന്തോഷവും ഇന്നവിധത്തിലെന്നു പറവാൻ വയ്യാ!. കയ്യിലിരുന്ന വടി പുറകുവശത്തു കൊണ്ടുചെന്നു നടുവിനൊരു തുണ കൊടുത്തു രണ്ടു കയ്യും മുറുക്കിപ്പിടിച്ചു, തലയും പിടലിയുംഇടത്തോട്ടു അൽപം വെട്ടിപ്പിടിച്ചു, "തണ്ട'യിട്ട'സത്യാഗ്രഹി'യുടെ ഗൌരവ ഭാവത്തിൽവൃദ്ധൻ ഇങ്ങനെ പറഞ്ഞു 'ശരി, അങ്ങിനെ വരട്ടെ; കണ്ണങ്കരദേവിയുടെ ഭർത്താവായിരിക്കണമെങ്കി ഗന്ധർവ്വസ്സാമിക്കു നിന്നെ കടാക്ഷിക്കാണ്ടു തരമില്ല കുഞ്ഞേ!

നാണിയമ്മ:—(അല്പം സംഭ്രമഭാവത്തിൽ) ഗന്ധർവ്വസ്സാമീടെകടാക്ഷം എങ്ങിനെ ആയിരിയ്ക്കും പൂശാരിസ്സാമീ! ദൂരെനിന്നു കടാക്ഷിക്കേ ഒള്ളോ അതോഅടുത്തുവന്നു കടാക്ഷിക്കുമോ?

വൃദ്ധൻ:-ഹാ!ഹാ!ഹാ!എന്നു ചിരിച്ചുകൊണ്ടുഇട്ടംതോന്നിയാൽ ദൂരെനിക്കിണജാതിയാണോഗന്ധർവ്വന്മാർ! അവരെഅടുക്കെവരുത്താൻദേവസ്ത്രീകൾക്കല്ലാണ്ടു കഴിയ്യോകുഞ്ഞേ!. നാണിയമ്മയിതുകേട്ടു താനൊരു ദേവസ്ത്രീയുടെ അവതാരമാണെന്നു ജനങ്ങൾ പറയുവാനിടയാകുമല്ലൊ എന്നഭിമാനിച്ചു അവിടെ നിന്നു ഒരുമയിലാട്ടം ആടിത്തിരിഞ്ഞു!. "വലിയ ശാന്തി,,വടിയും കുത്തി നെടുംകോട്ടായുമിട്ടു അമ്പലത്തിലേയ്ക്കും, "നാണിയമ്മ ആകാശത്തു നോക്കി ഒരു തുമ്മലും തുമ്മി കുണുങ്ങിക്കുണുങ്ങി ഭജനപ്പുരയിലേയ്ക്കും പോയി ഇങ്ങനെ കുറെ ദിവസങ്ങൾ നാണിയമ്മ, നടന്നും കിടന്നും ഇരുന്നും ഭജിച്ചും കഴിച്ചുകൂട്ടി ആ മാസത്തിലെ കറുത്തവാവും വന്നു. അന്നു യക്ഷിയമ്പലത്തിൽ പൂജയും മററും വിശേഷമായിട്ടുണ്ടു. രാ

ത്രി ഏകദേശം ഒൻപതരമണി കഴി ഞ്ഞതിൽശേഷം അമ്പലത്തിലെ കോലാ ഹലങ്ങളൊക്കെ കഴിഞ്ഞു നാണിയ മ്മ പതിവുപോലെ ഭജനമുറിയിൽ പോയി 'രാമായണ,പുസ്തകമെടുത്തു വിളക്കിന്റെ മുമ്പിൽ ഇരുന്നു. 'നീ കെടന്നോടി, എന്നു പെൺകുട്ടിയോ ടാജ്ഞാപിച്ചിട്ടും ഏതോ സങ്കൽപം നടിച്ചു പുസ്തകം നീൎത്തു കുട്ടിവായ ന കുറച്ചു കഷ്ടത്തിലായിരിക്കുന്ന ഭജ നക്കാരി, 'മാതാവേ; ഭവതിക്കെന്തിഷ്ട മാകുന്നതെന്നാ—ലേതുമന്തരമില്ലചി ന്തിച്ചവണ്ണം വരും, എന്നുള്ള രണ്ടു വരി, രണ്ടുപ്രാവശ്യം തിരിച്ചൂണ്ടി ക ണ്ണുതുടച്ചു വായിച്ചു തീൎത്തു. രണ്ടുമൂ ന്നു പ്രാവശ്യം അതുതന്നെ വായിച്ച പ്പോൾ, കോതിക്കുരുക്കുതീൎത്ത 'വാൎമു ടി, പോലെ വാക്യവും അന്വയവും അക്ഷരവും ഒക്കെ ശരിക്കുവന്നു, വരിശരിയായി, നാണിയമ്മക്കു അ ൎത്ഥവും മനസ്സിലായി പിന്നീടു, 'കിട ന്നുകളയാം, എന്നല്ലാതെവീണ്ടും വാ യിച്ചുകളയാൻ നാണിയമ്മ ഒരുങ്ങി യില്ല. പുസ്തകം മടക്കിവിളക്കിന്റെ കീ ഴെ ഒരു 'ചാണ്ടും, ചാണ്ടി, കിടക്കയി ൽ കയറി നീണ്ടുനിവൎന്നു കമൃന്നങ്ങു കിടന്നു. അപ്പോഴാണു് വിളക്കണെ യ്ക്കുന്ന കാൎയ്യമോൎത്തതു. അവിടെ കി ടന്നുംകൊണ്ടു തന്നെ അതണയ്ക്കാൻ ചില'വിദ്യ,കൾ എടുത്തുനോക്കി. നി വൃത്തിയില്ലെന്നു കണ്ടപ്പോൾ വളരെ വിഷമിച്ചു എണീററുചെന്നു വിളക്ക ണച്ചു തിരിച്ചുവന്നുകിടന്നതു സൂക്ഷ്മം

നെടുനെടെ,മലൎന്നാണു. ഇടതുകൈപ്പ ത്തി മടക്കി നെററിയിൽ വച്ചു ഒരു ദീൎഘശ്വാസവുമിട്ടു നാണിയമ്മ ഉറ ങ്ങാൻ തുടങ്ങുന്നു. മണിപന്ത്രണ്ടടി ക്കാൻ പോകുന്നു. നാണിയമ്മ അ ങ്ങിനെ കിടന്നൊന്നു മയങ്ങിയതേ ഉള്ളൂ, ഞെട്ടിയുണൎന്നപ്പോഴിതാ—പ ണ്ടത്തെ പരിമളവിലാസം അവിടെ ങ്ങും വ്യാപിച്ചു കഴിഞ്ഞു. പുഴുകു, ക സ്തൂരി, കുങ്കുമം, പച്ചക്കൎപ്പൂരം, മു തലായ സുഗന്ധദ്രവ്യങ്ങളും മുല്ല, റോ സ്സ്, താമര, മുതലായ പുഷ്പങ്ങളും സ മ്മേളിച്ചുണ്ടായ ഒരു 'പരിമളധോര ണി, അത്ഭുതപൂൎവ്വമാം വണ്ണം നാണി യമ്മയേയും ശയനമുറിയേയും ആ ശ്ലേഷിച്ചു കഴിഞ്ഞിരിക്കുന്നു. പതി വുപോലെ യക്ഷിയമ്പലത്തിൽ വീ ണാനാദവും കേട്ടുതുടങ്ങി. നാണിയ മ്മയ്ക്കു ഉടൻ ഗന്ധൎവ്വന്റെ ഓൎമ്മ യുണ്ടായെന്നു വിശേഷിച്ചു പറയേണ്ട ല്ലോ. ഗന്ധൎവ്വൻ തന്നെ പലപ്പോഴും പരീക്ഷിച്ചു നിരാശപ്പെടുത്തുന്നതും യക്ഷിയമ്മയുടെ 'ശിപാൎശ,യും വലിയപൂശാരിയുടെ അപേക്ഷയും ത ന്റെ 'ഭജനംപാൎപ്പും, സന്തതിവി ച്ഛേദവും ഒക്കെ ഉടൻ ഒൎമ്മയിൽ വന്നു. ഹൃദയം കുളുൎപ്പിക്കുന്ന ആ അ പൂൎവ്വ പരിമളധോരണിയിൽ അങ്ങ നെ—വരുന്നതും വരുവാനുള്ളതുമൊ ക്കെ വിചാരിച്ചു തദൈകതാനത യോടുകൂടി—മയങ്ങിക്കിടക്കുന്ന അവ സരത്തിൽ അകാശത്തിൽ നിന്നിറ

ങ്ങിവരുന്ന മാതിരി എന്തോ 'ഒന്നു,നാണിയമ്മയുടെ നെഞ്ചിന്നു നേരേ മുകളിൽ തൂങ്ങിവരുന്നതായി അവൾക്കുതോന്നി; കണ്ണുതുറന്നു;ശരിതന്നെ ഇരുട്ടിലും മിന്നമിന്നെമിന്നുന്ന കിന്നരിവച്ച 'തലേക്കെട്ടും, പട്ടുപൂവാടയും വെള്ളികെട്ടിയ ഒരു ചൂരൽവടിയും ധരിച്ചു സുഗന്ധദ്രവ്യത്തിൽ മുഴുകിയ ഒരു സത്വം താണുവന്നു നാണിയമ്മയുടെ ആപാദചൂഡം അലയോടലയെന്നവണ്ണം ചേന്നു,ലയിച്ചു; പിന്നത്തെ കഥയൊന്നും നാണിയമ്മയ്ക്കു നിശ്ചയം പോരാ സ്വപ്നമോ; 'മായയോ, മന്മതിഭ്രാന്തിയോ എന്നു് അല്പനേരം കഴിഞ്ഞു് സംശയിക്കുമ്പോഴേയ്ക്കു "ഗന്ധർവ്വസ്വാമി, വന്നിരുന്നെങ്കിൽ അയാൾ പൊയ്ക്കഴിഞ്ഞിരിക്കണം. ഒടുവിൽ ഗന്ധർവ്വൻ തന്നെയെന്നു നാണിയമ്മ തീർച്ചപ്പെടുത്തിയെങ്കിലും സംശയമുണ്ടു. ഏതായാലും ഗന്ധർവ്വസമാഗമം പിന്നെയുമുണ്ടാകണമെന്നു തന്നെ നാണിയമ്മ കൊതിച്ചു! ഇക്കാര്യംമാത്രം വല്യപൂശാരിയുടെ അടുക്കൽ അവർ പറഞ്ഞില്ല; ഗന്ധർവ്വാനുഗ്രഹം ദിവസവുമുണ്ടാകണമെന്നു അവൾക്കു ആകാംക്ഷയുണ്ടെങ്കിലും ഗന്ധർവ്വസ്വാമി അത്ര മടയനല്ല; അടുത്ത ചൊവ്വാഴ്ചയും നോക്കിയാണു ഗന്ധർവ്വസ്വാമിയുടെ ഇരിപ്പു ചൊവ്വാഴ്ചയും വെള്ളിയാഴ്ചയുമാണു യക്ഷിഗന്ധർവ്വാദികളുടെ സഞ്ചാരമെന്നു പണ്ടത്തെ വിശ്വാസം. അതിപ്പോഴും കള്ളർകാട്ടുകാർക്കുണ്ടെന്നു ഗന്ധർവ്വസ്വാമിക്കറിയാം. എന്നതിന്നു ഇങ്ങനെ ആഴ്ചയിൽ രണ്ടു പ്രാവശ്യം മാത്രമേ, നാണിയമ്മ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചിട്ടും ഗന്ധർവ്വസമാഗമമുണ്ടാകുന്നുള്ളൂ. ഇനി, അഞ്ചേ അഞ്ചു ദിവസംകൂടിയേ ഉള്ളൂ നാല്പത്തൊന്നു തികയാൻ ഒരു നാല്പത്തൊന്നു കൂടി ഇരുന്നുകളഞ്ഞാലോ? എന്നു നാണിയമ്മ വിചാരിക്കാതിരുന്നില്ല. പക്ഷേ, മാതേവച്ചാർ വന്നുനില്ക്കുന്നു പോകണമെന്നും പറഞ്ഞു്. മുപ്പത്താറു ദിവസമേ ആയിട്ടുള്ളു എന്നു നാണിയമ്മ പറഞ്ഞപ്പോഴാണു മാതേവച്ചാരുടെ കണക്കു തെററിപ്പോയെന്നു അയാൾക്കു മനസ്സിലായതു. പാവം! മാതേവച്ചാരെ അങ്ങു പറഞ്ഞയച്ചു. നാണിയമ്മ തിരിഞ്ഞുനോക്കിയപ്പോൾ വലിയപണ്ടാരം വരുന്നതു കണ്ടു വലിയപണ്ടാരം വന്നു ഇങ്ങനെ ചോദിച്ചു.

വൃദ്ധൻ:— മാതേവച്ചാരു പോയോ കുഞ്ഞേ?

നാണിയമ്മ:—പോയി; ഇനി അഞ്ചു ദിവസമല്ലേ ഉള്ളൂ! കൂടുതൽ വഴിപാടു, വല്ലതും ഇനി നടത്താനുണ്ടോ സ്വാമി?

വൃദ്ധൻ:—(അല്പനേരം ആലോചിച്ചു നിന്നിട്ടു) വഴിപാടുകൾ വേണ്ടതെല്ലാം ഇവിടെ നടത്തീട്ടുണ്ടു. ഇനി വിശേഷമാതിരി ഒരു അരവണപായിസം കൂടി നടത്താനുണ്ടു. അതു ഞാൻ ഇന്നലെ മുതൽ ആലോചനയാണു. കുറെ കൊട്ടത്തേങ്ങാ വീട്ടിൽ കിടപ്പുണ്ടു്, രാമസ്വാമി ഇവിടെ ഉണ്ടായിരുന്നു എങ്കിൽ അവനെ അയച്ചു അതിങ്ങു വ

രുത്താമായിരുന്നു. മാതേവച്ചാരും വന്ന ഉടൻ തന്നെ ഓടിക്കളഞ്ഞതല്ലൊ!.

നാണിയമ്മ:— പൂശാരിസ്സാമിയുമായി അത്ര പരിചയവും സ്നേഹവും ആയതു കൊണ്ടാണു ഒന്നും വിശേഷിച്ചു ചോദിക്കാതെ പൊയ്ക്കളഞ്ഞതു. വേണ്ടതെല്ലാം സ്വാമി അന്വഴിച്ചുതരുമെന്നു എന്നോടു പറഞ്ഞിട്ടുമുണ്ടു. കൊച്ചു പണ്ടാരം എവിടെപ്പോയി സാമീ?.

വൃദ്ധൻ:— (നീരസഭാവത്തിൽ) അവനോ? അവൻ പോയിട്ടു് ഇന്നെത്ര ദിവസമായി! ഒരു ഗന്ധർവ്വ വിഗ്രഹം പണിയാൻ "കോത്താഴ, ത്തുകാരൻ ഒരു "ശില്പിയെ ശട്ടംകെട്ടിയിരുന്നു. അതൊന്നന്വഴിച്ചുവരാൻ ഞാനവനോടു പറഞ്ഞുപോയി! അവനതൊരു ലാക്കായി എങ്ങാണ്ടോ "മന്ത്രവാസ, വും "കണ്കെട്ടു, മായി നടക്കയാണു! കള്ളൻ! ഇങ്ങു വരട്ടെ!!

നാണി:—അപ്പോൾ 'കൊച്ചുപണ്ടാരം, ഞങ്ങൾ പോയിട്ടേ ഒരു പക്ഷേ വന്നു ചേരുകയുള്ളൂ എന്നു തോന്നുന്നല്ലൊ;.

വൃദ്ധൻ:—അവന്റെ കാര്യമൊക്കെ അങ്ങിനെതന്നെ. 'നന്നി'യില്ലാത്തവന്റെ കാര്യം കളക്കഞ്ഞു;.

നാണിയമ്മയും പൂശാരിസ്സാമിയുംസംഭാഷണം കഴിഞ്ഞു പിരിഞ്ഞു. ഇങ്ങനെ പല 'ചൊവ്വാഴ്ച'യും വെള്ളിയാഴ്ചയും നാണിയമ്മക്കു ഓണമായി കഴിഞ്ഞതിനു ശേഷം ബാക്കിവന്ന അഞ്ചുദിവസങ്ങളിൽ രണ്ടുദിവസം കൂടി നാണിയമ്മ 'നിർവൃതി, നേടിസ്സങ്കല്പം സാധിച്ചു!. ഇപ്രകാരം, കോണത്തു വീട്ടിൽ 'നാണിയമ്മ,യുടെ' ഭജന,വും കാലം കൂടി. നാല്പത്തു രണ്ടാം ദിവസം നാണിയമ്മ വലിയ ശാന്തിക്കും കൊച്ചുശാന്തിക്കും വെവ്വേറെ 'ദക്ഷിണ, കൊടുത്തു പ്രസാദം വാങ്ങി. 'കൊച്ചുശാന്തി, കുറച്ചു ദിവസങ്ങൾക്കു ശേഷം അന്നാണു പ്രത്യക്ഷനായതു. താൻകുറെനാൾ അവിടെ ഇല്ലാതിരുന്നതിനു 'പ്രതിക്രിയ, എന്നമട്ടിൽ, ഒരുമുഴം നീളം രണ്ടിഞ്ചു വീതിയിൽ ഒരു 'താളിയോല, യെടുത്തു, തലയിലെഴുത്തു മാതിരി അതുനിറച്ചു് 'കുരു കരാ,എഴുതി തെറുത്തുകെട്ടി മഞ്ഞയുംതേച്ചു ഏലസ്സാക്കി നാണിയമ്മയ്ക്കു കഴുത്തിൽകെട്ടാൻകൊടുത്തു!. നാണിയമ്മ അതുആദരവോടുകൂടി വാങ്ങി എല്ലാവരോടും യാത്രപറഞ്ഞു മാതേവച്ചാരും മററു ചില പരിജനവുമായി, വീട്ടിലേക്കു പോവുകയും ചെയ്തു.

കണ്ണങ്കര യക്ഷിയമ്മ,യുടെ അനുഗ്രഹംകൊണ്ടു നാണിയമ്മയ്ക്കു ഗർഭവുമായി; എല്ലാവർക്കും വളരെ സന്തോഷമായി; 'കണ്ണങ്കരദേവി, യുടെമാഹാത്മ്യം പലസ്ത്രീകളും പുരുഷന്മാരും വർണ്ണിച്ചുതുടങ്ങി! സന്താനമില്ലാത്തപെണ്ണുങ്ങളെല്ലാം 'കണ്ണങ്കരയക്ഷിയമ്പലത്തിൽ ഭജനമിരിക്കാൻ പോകണമെന്നു ആണുങ്ങളെ 'അലട്ടിവന്നിരുന്നതിനിടയ്ക്കു,വെള്ളം വററ,ത്തുടങ്ങി

കുളത്തിലെ തവളപോലെ നാണിയമ്മയുടെ ഗർഭം പരിപൂർണ്ണമായിരുന്നു! എന്തിന അതുമിതുംപറയുന്നു! നാണിയമ്മ പ്രസവിച്ചു! ആൺകുട്ടിയാണു! നാണിയമ്മയ്ക്കു 'നിധി, കിട്ടിയപോലെയൊ മോക്ഷം കിട്ടിയപോലയോ ഉള്ള ഒരു 'പരമാനന്ദം,സഞ്ജാതമായി! വസ്തുക്കളുടെ 'കുടിശിക, കരംതീക്കലും 'രസീതു, വാങ്ങിപ്പും'ദേഹണ്ണ,വും ഒക്കെപ്രസവശയ്യയിൽ കിടന്നുതന്നെ നാണിയമ്മ നിവ്വഹിക്കയാണു. മാതേവച്ചാക്ക 'സന്താനലാഭ.ത്തിൽ സന്തോഷമാണുള്ളതെങ്കിലും അത്യന്തം രോഗപീഡിതനായിത്തീരുകയാൽ നാണിയമ്മയെണീറ്റാലുടൻ കട്ടിലിൽ വീഴണമെന്നുള്ള നിലയിൽ നില്ക്കയാണ.നാണിയമ്മശിശുവിനേയുംവെച്ചുകൊണ്ടുകട്ടിലിൽ ഓരോ മനോരാജ്യവുംപിടിച്ചുസന്തുഷ്ടചിത്തയായി അങ്ങനെയിരിക്കുമ്പോൾ മാതേവച്ചാർ തടിയും പിടിച്ചു ചൊമച്ചുംകൊരച്ചും കുഞ്ഞിനെ നല്ലവണ്ണം കണ്ടു. 'നിർവൃതി, യടയുവാൻ മുറിയിൽകയറിചെന്നു. നാണിയമ്മ ഒരുപച്ചപുഞ്ചിരി തൂകി 'ഇതാകണ്ടോളൂ,, എന്നുപറഞ്ഞു കുഞ്ഞിനെ നീട്ടിപ്പിടിച്ചുകൊടുത്തു. മാതേവച്ചാർ സൂക്ഷിച്ചുനോക്കിട്ടു) അല്ല! ഇതെങ്ങനെ? എന്നുപറഞ്ഞു നാണിയമ്മയുടെ മുഖത്തേക്കു നോക്കി. നാണിയമ്മതന്റെ പന്തക്കണ്ണൊന്നു തെളിച്ചു 'ങെ! നിങ്ങളെന്തരുപറേണതു? മനസ്സിലാവുണില്ല, എന്നു ചിരിച്ചുകളഞ്ഞു!.

മാതേവച്ചാർ —അസഹ്യരസഭാവത്തിൽ ഇതു, ആ യക്ഷിയമ്പലത്തിലെ കൊച്ചു...,എന്നു 'അർദ്ധോക്തി,യിൽ തൊണ്ടയടറിനിന്നപ്പോൾ, 'അതേ, ഇതു യക്ഷിയമ്പലത്തിലെ കൊച്ചുതന്നെ! അതിനല്ലെ അവിടെ 'ബജനം, ഇരുന്നതു?, എന്നു നാണിയമ്മ'മിടുക്കി,യായിതന്നെ ഉത്തരംപറഞ്ഞു കുഞ്ഞിനെ മാറത്തണച്ചു കാലും നീട്ടി കുലുങ്ങികുലുങ്ങിയിരുന്നു.

മാതേവച്ചാർ— (ആശ്ചയ്യഭാവത്തിൽ) അതിനു ഞാനൊന്നുമറിയണ്ടേന്നോ?

നാണി:— നിങ്ങളറിയാനക്കൊണ്ടെന്തരു? ഇതു 'ഗന്ധവ്വൻകുഞ്ഞ,ല്ല്യോ?,

മാതേവച്ചാക്കിതു കേട്ടിട്ടു സഹിക്കവെയ്യാത്ത കോപം വന്നു; അയാൾ പല്ലുകടിച്ചും ചൊമച്ചും വിങ്ങിവിങ്ങി ഇങ്ങനെ പറഞ്ഞു- 'ടീ! തടിക്ഴുതേ! നിന്നെകളിപ്പിച്ചു, ഇതു, ആ കണ്ണങ്കരഅമ്മങ്കോവിലി,ലേക്കരിങ്കുററിയാൻ രാമസ്സാ..., എന്നുപറഞ്ഞപ്പോൾ, നാണിയമ്മയുടെ ചുവന്നു പ്രസന്നമായിരുന്ന മുഖം 'കൊച്ചുപണ്ടാര,ത്തിന്റെ നിറത്തിൽ തന്നെ കരിഞ്ഞു ചുളുങ്ങിതാഴുകയും, മാതേവച്ചാരുടെ മഞ്ഞളിച്ചിരുന്ന മുഖം ചുവന്നു വലുതായി പൊങ്ങുകയുംചെയ്തു. ശേഷം ചിന്ത്യം.

——:o:——

# ശ്രീധരസ്വാമി ചരിത്രം.

## അദ്ധ്യാപനം

ഇ. കെ. കുഞ്ഞുരാമൻ.

(തുടർച്ച)

അനന്തരം സ്വാമികൾ അദ്ധ്യയനം നിർത്തി വൈദ്യശാസ്ത്രഗ്രന്ഥങ്ങളും മററും സ്വയമേവ പരിശീലിച്ചു. ഇലവുത്തൂർ 'മൈലയ്ക്കൽ കൊച്ചുവൈദ്യൻ, മുതലായ പ്രസിദ്ധ ധനവാൻമാരുടെ താൽപര്യത്താൽ പയ്യാരം എന്നസ്ഥലത്തു ഒരു സംസ്കൃത പാഠശാല ഏർപ്പെടുത്തി സ്വാമികൾ കുട്ടികളെ പഠിപ്പിച്ചു വളരെ ശിഷ്യസമ്പത്തും അവിടെ സമ്പാദിച്ചു. അതിൻെറശേഷം അരീക്കര എന്നസ്ഥലത്തേക്കു പാഠശാലമാററി സ്ഥാപിച്ചു ധനവാന്മാർ ധാരാളമുണ്ടായിരുന്ന ആ സ്ഥലത്തു അന്തേവാസികളാൽ പരിവൃതനായ സ്വാമികൾ വളരെ ശോഭിച്ചു. ഒടുവിൽ ഒരു രസിക കവിയുടെ നിലയിലും, പ്രജാസഭാപ്രതിനിധിയുടെ നിലയിലും, ബാങ്കുമാനേജരുടെ നിലയിലും പരിശോഭിച്ചിരുന്ന പരേതനായ അരീക്കര എ. കെ. പുരുഷോത്തമൻ സ്വാമികളുടെ ശിഷ്യന്മാരിൽ എല്ലാം കൊണ്ടും പ്രാധാന്യം വഹിച്ചആളായിരുന്നു. അദ്ദേഹം സ്വാമികളുടെ മാതുലപുത്രനും കൂടിയായിരുന്നു എന്നതു പ്രത്യേകം വക്തവ്യമാണു.

ചരിത്രനായകനെ 'സ്വാമികൾ, എന്നു ഞാൻ ലേഖനത്തിൽ പറഞ്ഞു കൊണ്ടിരിക്കുന്നു എങ്കിലും ഇദ്ദേഹം അക്കാലത്തു സ്വാമികളായിട്ടില്ല എന്നു കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഇദ്ദേഹത്തിൻെറ പാണ്ഡിത്യശക്തിയും വിവാദം കൊണ്ടുള്ള ദിഗ്ജയവുമൊക്കെ കണ്ണാകണ്ണികയാ, കേട്ടുസന്തുഷ്ടനായ മൂലൂർകൊച്ചുശങ്കരൻവൈദ്യൻ അവർകൾ കൃഷ്ണഗാഥയിൽ നിന്നു ചിലസന്ദിഗ്ദ്ധഭാഗങ്ങൾ അർത്ഥം പറയുന്നതിനായി എഴുതി കൊടുത്തയച്ചു അതിൻെറ സവിസ്തരമായ അർത്ഥം സ്വാമികൾ മറുപടിയായിട്ടയച്ചുകൊടുത്തു. പ്രസിദ്ധസംസ്കൃത പണ്ഡിതനായിരുന്ന ആലപ്രത്തു കൊച്ചുരാമൻപിള്ള വൈദ്യനവർകൾ, അക്കാലത്തു മൂലൂർ വീട്ടിൽ ചെന്നിരുന്നു പത്മനാഭപ്പണിയ്ക്കരവർകളെ ശ്രീരാമോദന്താദിബാലകാവ്യങ്ങൾ പഠിപ്പിച്ചുവരികയായിരുന്നു. കൊച്ചുശങ്കരൻ വൈദ്യരവർകളുടെ പ്രേരണയാൽ കൊച്ചുരാമൻപിള്ള വൈദ്യരവർകൾ

"വർണ്ണ്യം പുണ്യാത്മനസ്തേ ശ്രുതിമതിമധുരം ശ്രൂ
ണ്വതഃ കീർത്തിപൂരം-തൂർണ്ണം പൂർണ്ണാന്തരംഗേ മമ
ഹൃദിസുതരാം ജായതേ തദ്ദിദൃക്ഷാ,,

ഇത്യാദികളായി നാലുപദ്യങ്ങൾ സ്വാമികൾക്കയച്ചുകൊടുത്തു,

"കുലമദഗംഭീരോദിതകൃതിപാണേ ദ്രുതതരമേ
തദ്ഗീതിരമുദ്ഭൂതഃ,,

ഇങ്ങനെയായിരുന്നു ആ പദ്യലേഖനത്തിന്റെ മേൽവിലാസം. അതിനുമറുപടിയായി

"ശ്ലോകംനിമാംശ്ചതുരിതേചതുരസ്സ്വകീയ
ശ്ലോകംവഭാസിതദിഗന്തമനോഭിരാമ,,

ഇത്യാദികളായ നാലുപദ്യങ്ങൾ സ്വാമികൾ വൈദ്യരവർകൾക്കയച്ചുകൊടുത്തു.

"കോശാക്ഷവിഷ്ണുപദരൂപസമേക്ഷമാസി
നക്ഷത്രഘസ്രലിഖിതംപ്രഹിണോമിപത്രം"

എന്നിങ്ങനെ ഈ സന്ദിഷ്ട പദ്യങ്ങളിൽ ഒരു ഭാഗത്തു കാണുന്നതിനാൽ ൧൦൫൫. (ആയിരത്തിഅമ്പത്തഞ്ചാം കൊല്ലം) ഇടവം ൨൨-ാം ൹ ആണ് ഈ സന്ദർഭമെന്നു അനുമിക്കേണ്ടിയിരിക്കുന്നു. ശ്ലോകത്തിൽ (മറുപടിയിൽ) കരാർ ചെയ്തിരുന്ന "സ്രൂപം സമാസി ദിവസേ ദശമേ,; (മിഥുനം ൧൦-ാം൹) എന്ന നിശ്ചയമനുസരിച്ചു സ്വാമികൾ അന്നു മൂലൂർവീട്ടിൽ ചെല്ലുകയും കൊച്ചുരാമൻ പിള്ള യവർകളുമായി ഒരു വലിയ വാഗ്വാദം നടക്കുകയുമുണ്ടായി. വാദാവസാനത്തിൽ രണ്ടുപേരും തമ്മിൽ വളരെ സ്നേഹിക്കുകയും, ആ സ്നേഹം പിന്നെ വളരെ കാലം നിലനില്ക്കുകയും ചെയ്തു.

"വിവാദോനൈവ കർത്തവ്യഃ

എന്നാണ്രേ നീതിപാഠമെങ്കിലും

"കർത്തവ്യശ്ചേൽസമേനഹി,,

എന്നു കൂടി അതിന്നിപ്പുറം കാണുന്നതു സ്വാമികൾക്കു വളരെ ആശ്വാസമുണ്ടാക്കീട്ടുണ്ട്. ഇങ്ങനെ ആരോടായിരുന്നാലും ഒരു കൈനോക്കി പ്രതിഭടന്മാരുടെ ന്യായങ്ങളെ തന്റെ ഊക്കേറിയ വാക്പ്രവാഹത്തിനു ലാക്കാക്കാതെ മടങ്ങിപ്പോരുകയെന്നതു തനിക്കു അസംഭാവ്യം തന്നെയായിരുന്നു.

അക്കാലത്തു സ്വാമികൾക്കു രാജയക്ഷ്മാവിന്റെ പ്രാഗ്രൂപം കണ്ടുതുടങ്ങിയതിനാൽ ഐഹികവാസം ഈശ്വരസേവാപരമാക്കണമെന്നു താൻ നിശ്ചയിച്ചു. ഇരുപത്തൊന്നാം വയസ്സിൽ കല്പം സേവിക്കാൻ ആരംഭിച്ചു. (തുടരും.)

——:o:——

# ഛായാപദ്യങ്ങൾ.

പി. കെ. കൃഷ്ണൻവൈദ്യൻ.

മുമ്പിൽപല്ലുകൾരണ്ടിനേററമിടയുണ്ടംഗത്തിനൗന്നത്യമു
ണ്ടിമ്പംകാതിനുചേർത്തിട്ടുന്നപടിയുണ്ടാലാപമൊന്നാന്തരം
നമ്പൂരിച്ചുവയുണ്ടുവാർകുടുമയുംവക്ത്രാഭയുംവേണ്ടതു
ണ്ടുഃമ്പരംകവികൃഷ്ണവൈദ്യരുടെനല്ലാകാരമാകുന്നിവ.!!

പ്രാതസ്സ്നാനംകഴിച്ചാശ്ശ്ലിഖസുഖമൊട്ടുബന്ധിച്ചുപിന്നെക്കമിട്ടി
ട്ടാതങ്കംവെണ്മതിക്കേകിയചെറുതിലകംനെററിയിൽതൊട്ടുഭംഗ്യാ
സ്ഫീതശ്രീചേർന്നുമുണ്ടുംകവണിയുമതിനോടൊത്തൊരഷ്ഷർട്ടുമേന്തി
ച്ചേതോജൻകൈകടിയ്ക്കുംവടിവൊടുമിവിടെത്തുന്നിതാകൃഷ്ണവൈദ്യൻ!!

# പരേതനായ രാമകൃഷ്ണപിള്ള

## അവർകളുടെ ചില കത്തുകൾ

എസ്. പി. പണിക്കർ.

(തുടർച്ച)

൧൦൯൭-ാമാണ്ടു തിരുവനന്തപുരത്തുനിന്നു കേരളദർപ്പണം എന്ന പത്രം പുറപ്പെടുവിക്കുന്നതിനു മി: രാമകൃഷ്ണപിള്ള ആരംഭിക്കുകയും ആ വിവരം എന്നെ അറിയിക്കുകയും ചെയ്തിരുന്നു. അതിൻെറ ആദ്യലക്കത്തിൽ ചേർത്തുകവെണ്ണം ഞാൻ ഏതാനും പദ്യങ്ങൾ അയച്ചതിനു അദ്ദേഹം എനിക്കയച്ചുതന്ന ഒരുകത്താണു താഴെ ചേർക്കുന്ന മൂന്നാം നമ്പർ കത്ത്,

അദ്ദേഹത്തിൻെറ സ്നേഹപൂർവ്വമായ നിർബ്ബന്ധത്താൽ ഞാൻ കേരളദർപ്പണത്തിൽ പദ്യങ്ങളും ഗദ്യങ്ങളും ധാരാളം എഴുതിക്കൊണ്ടിരുന്നു. 'ഭാഷാന്തരങ്ങൾ തുടർച്ചയായി വളരെ എഴുതീട്ടുണ്ടു. പത്രാധിപഭാരതം സപാഖ്യയെ ഗ്രഹനം ചെയ്തുകൊണ്ടാണു ഞാനന്നെഴുതിയതു. തദ്വിവരണങ്ങളെ സൂചിപ്പിക്കുന്നതാണു നാലാം നമ്പർകത്തു.

ആയിടയ്ക്കു 'വിശാഖഗുണാദർശം', എന്ന പ്രസിദ്ധമായ 'ചമ്പു, ഏതാനം ഭാഗം ഞാൻ ഭാഷാന്തരീകരിച്ചു രാമകൃഷ്ണപിള്ള അവർകളുടെ പേർക്കു അയച്ചുകൊടുത്തതു കൂടാതെ 'പഴഞ്ചൊല്ലുകൾ, പദ്യങ്ങളാക്കി വ്യക്ഷോക്തികൾ, എന്നപേരു വച്ചും അയച്ചുകൊടുത്തു. വിശാഖഗുണാദർശം 'കാവ്യമഞ്ജരി, എന്ന മാസികയിലും വ്യക്ഷോക്തികൾ, 'നീതിവാദിനി, എന്ന പത്രത്തിലും അദ്ദേഹം പ്രസിദ്ധീകരിപ്പിക്കയുണ്ടായി. 'ആകാശം, എന്നൊരു ഖണ്ഡകാവ്യം പിന്നീടു ഞാൻ അയച്ചുകൊടുത്തു. അതു അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ നടത്തിയ കേരളൻ, മാസികയിൽ ചേർത്തു. അതിൻെറയൊക്കെ വിവരണങ്ങളാണു അഞ്ചും ആറും നമ്പർ കത്തുകൾ.

(ശരിപ്പകർപ്പ്)

നമ്പർ ൩.

കേരളദർപ്പണം ആഫീസ്

തിരുവനന്തപുരം

൭-തുലാം-൧൧.

ശ്രീ

അയച്ച മറുപടി കിട്ടി. വളരെ സന്തോഷമായി. പദ്യങ്ങളിൽഒന്നു മംഗളത്തിൻെറ നിലയിൽ ഇത്തവണതന്നെ ചേർത്തിട്ടുണ്ടു. സ്ഥലച്ചുരുക്കത്താൽ മററു പദ്യങ്ങളും അടുത്തതിലേക്കു വച്ചിരിക്കുകയാണു. 'ദർപ്പണം, അപ്രതീക്ഷിതമായി ജനിക്കയാൽ അച്ചുകൂടത്തിൽ വേണ്ട സാമഗ്രികൾ

ശേഖരിച്ചിട്ടില്ലാ. ഒരു മാസം കഴിയുമ്പോൾ അച്ചടിയിൽ ധാരാളം മാററമുണ്ടാവും. കടലാസ്സു തരത്തിലുള്ളതു ഇവിടെയില്ലാ. കഴിയുന്നതും നന്നാക്കുവാൻ ശ്രമിക്കുന്നുണ്ടു.

ആറന്മുള മുതലായ സ്ഥലങ്ങളിലെ ലേഖകനായി വേറെ ആരെയും ഉദ്ദേശിച്ചിട്ടില്ല. വാർത്തകളെല്ലാം കഴിയുന്നതും ചുരുക്കമായി എഴുതി അയയ്ക്കുമല്ലോ. ൨, ൧൨, ൨൨, എന്നീ തീയതികളിൽ വർത്തമാനക്കത്തുകൾ ഇവിടെ എത്തിയിരിക്കണമെന്നു നിർബന്ധമുണ്ടു. വിശിഷ്യാ ഞങ്ങളുടെ ലേഖകന്മാർ ഓരോരുത്തരും ൨൦ വരിക്കാരെവീതം ചേർത്തു ലിസ്റ്റ് അയയ്ക്കേണ്ടതാണെന്നും ഒരു നിബന്ധന വച്ചിട്ടുണ്ടു. ഇക്കാര്യത്തിൽ താങ്കൾ ഞങ്ങളുടെ ഒരു അംഗമാകയാൽ പ്രത്യേകിച്ചു അറിയിക്കപ്പെടേണ്ടുന്ന ആളല്ലല്ലോ. ദർപ്പണത്തെ പ്രചരിപ്പിക്കുവാൻ താങ്കൾ സർവ്വഥാ കടപ്പെട്ടിരിക്കുന്നു.

മാസത്തിലൊരിക്കലെങ്കിലും ഏതെങ്കിലുമൊരു നല്ല വിഷയത്തെപ്പററി അഞ്ചിൽ കുറയാതെ പദ്യങ്ങൾ അയച്ചുതരണമെന്നു പ്രത്യേകമപേക്ഷ. ഒരിംഗ്ലീഷു കവിതയുടെ പ്ലാട്ടു താമസിയാതെ എഴുതി അയയ്ക്കാം. അതു സ്വന്ത മനോധർമ്മത്തിൽ പാകമാക്കീട്ടു, തുടർച്ചയായി പദ്യങ്ങളയയ്ക്കുവാൻ സാധിക്കുമോ? ശേഷം പിറകേ എന്നു, സ്വന്തം കെ. രാമകൃഷ്ണപിള്ള.

നമ്പർ ൪ തിരുവനന്തപുരം
൧൭ ഇടവം ൩.

ശ്രീ.

എഴുത്തു ഇന്നലെ കിട്ടി. അഭിപ്രായം അടുത്തതിൽ ചേർക്കാം. ഭാഷാന്തരങ്ങൾ ലക്കന്തോറും പ്രസിദ്ധപ്പെടുത്തണമെന്നുതന്നെയാണു ആഗ്രഹം. എന്നാൽ ചിലപ്പോൾ അതു സാധിക്കുന്നില്ലെന്നേ ഉള്ളൂ. താങ്കൾ ഭാഷാന്തരംകൊണ്ടു കഴിച്ചുകൂട്ടിയാൽ പോരാ, നല്ലപദ്യങ്ങൾ ധാരാളം എഴുതാൻ സാമർത്ഥ്യമുള്ള ഒരാൾ ഇങ്ങനെ കഴിമടിയനായിരിക്കുന്നതു നന്നല്ല. പത്രാധിപന്മാരെയെല്ലാം ഭാരതകഥാപുരുഷന്മാരോടു ഉപമിച്ചു അസ്സൽ പദ്യങ്ങൾ മനസ്സിരുത്തി ഉണ്ടാക്കാൻ നോക്കുക. പണപ്പിരിവിനു ആളയച്ചിരുന്നു. എന്നാൽ ഒന്നോ രണ്ടോ പേരെ (താങ്കളുടെ ലിസ്റ്റിലുള്ളവരിൽ) കണ്ടതെ ഉള്ളുവത്രെ. എം. എം. പത്മനാഭപ്പണിക്കർ എന്നൊരാൾ ഇല്ലെന്നു പറയുന്നു. പക്ഷേ അവിടങ്ങളിൽ വിളിച്ചുവരുന്ന പേർ മറെറാന്നായിരിക്കുമോ? പത്രസഖികൾ പലരും വിദിക്കുകളിൽ താമസിക്കയാൽ കണ്ടെത്താൻ പ്രയാസമായിരിക്കുന്നു. വരിപ്പണം അയപ്പിക്കയോ വാങ്ങി അയയ്ക്കുകയോ ചെയ്യണമെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. വിവരങ്ങൾക്കു മറുപടി കിട്ടിയതിനു മേൽ ബിൽ അയച്ചുതരാം. ശേഷം പിറകെ.

എന്നു, സ്വന്തം

കെ. രാമകൃഷ്ണപിള്ള

# ശ്രീനാരായണഗുരുസ്വാമികളുടെ

## അവസരോക്തിശകലങ്ങൾ.

—:o:—

(തുടർച്ച)

ഒരു ശിഷ്യൻ:— ക്രിസ്തു, സ്നേഹത്തിനും, 'നിബി', സാഹോദര്യത്തിനും, ബുദ്ധൻ, ജീവകാരുണ്യത്തിനും, പ്രാധാന്യം കൊടുക്കാൻ കാരണമെന്തായിരിക്കുമോ?

സ്വാമികൾ:—"ക്രിസ്തുവിന്റെ കാലത്തു സ്നേഹം ആവശ്യമായിരുന്നു,,. അതിനാൽ ക്രിസ്തു അന്നു സ്നേഹത്തിനു പ്രാധാന്യം കൊടുത്തു. "നിബി,,യുടെ കാലത്തു സാഹോദര്യമാണു ആവശ്യമായിരുന്നതു, അതിനാൽ 'നിബി, അതിന്റെ പ്രയോക്താവായിത്തീർന്നു. 'ബുദ്ധ,,ന്റെ കാലത്തു ജന്തുഹിംസയുടെ കൊള്ളയായിരുന്നു; അതിനാൽ "ബുദ്ധൻ,, അഹിംസാധർമ്മത്തിനു പ്രാധാന്യം കൊടുത്തു. ഇപ്പോൾ ജാതിഭേദത്തിൽനിന്നും, തന്മൂലമായ കലഹത്തിൽനിന്നു മാണുമോചനം ലോകത്തിനു ലഭിക്കേണ്ടതു്.

സ്വാമികളുടെ ശിഷ്യവർഗ്ഗത്തിൽ പെട്ട ഒരുവനും, പറയവംശത്തിൽ പിറന്നു വളൎന്നിട്ടുള്ള ഒരാളുമായ "ശുഭാനന്ദൻ,, എന്നു പേരായ സന്ന്യാസിയോടു് സ്വാമികൾ ഒരിക്കൽ ഇങ്ങനെ കല്പിക്കയുണ്ടായി;—നിങ്ങളുടെ സമുദായക്കാർ "ഗോമാംസംതിന്നുക,, എന്നുള്ള പരിഷ്കാരം പണ്ടേ എടുത്തിട്ടുള്ളവരാണു. ഉയർന്ന സമുദായക്കാർ എന്നു പറയപ്പെടുന്ന ആളുകൾ, ആ പരിഷ്കാരം ഇപ്പോൾ ആരംഭിച്ചതേയുള്ളു.

മഹാത്മാഗാന്ധി വർക്കല ശിവഗിരിയിൽ ചെന്നപ്പോൾ ഒരു രസകരമായ സംഭവം നടന്നു:—

മഹാത്മജിയും "ശ്രീനാരായണ,, ഗുരുസ്വാമിയും കൂടി ശിവഗിരിക്കുന്നിൽനിൽക്കുമ്പോൾ ആളുകൾ അസംഖ്യം ചെന്നിട്ടു ഗാന്ധിജിയുടെ മുമ്പിൽ വീഴാൻതുടങ്ങി. സ്വാമികൾ അപ്പോൾ ഇങ്ങനെ കല്പിച്ചു.

"ഇന്നത്തേക്കെങ്കിലും നമുക്കു ഉപദ്രവം ഒഴിഞ്ഞുകിട്ടി,,.

ഇതുതർജ്ജിമചെയ്തു മറെറാരുമാന്യൻ, മഹാത്മജിയെ കേൾപ്പിച്ചപ്പോൾ അദ്ദേഹം പൊട്ടിച്ചിരിക്കയാണു ചെയ്തതു.

ചതുർവ്വർണ്ണ്യോല്പത്തിയുടെ ഐതിഹ്യത്തെപ്പററി, ഗുരുസ്വാമികളും എസ്. പി. പണിക്കരും തമ്മിൽ ഒരിക്കൽ, താഴെപറയും പ്രകാരം ഒരു സംഭാഷണം നടന്നു:—

സ്വാമികൾ:— ബ്രഹ്മാവിന്റെ മുഖത്തുനിന്നു ബ്രാഹ്മണനും, ബാഹുവിൽനിന്നു ക്ഷത്രിയനും, ഊരുവിൽനിന്നു വൈശ്യനും, പാദത്തിൽനിന്നു ശൂദ്രനും ഉണ്ടായി എന്നു പറയുന്നു.

അതെങ്ങനെയാണു, മരം പൊട്ടിയുണ്ടാകുംപോലെയോ?

പണിക്കർ— "വിശ്വബ്രാഹ്മണരായ പഞ്ചകുടീശില്പികൾ പറയുന്നതു. അവർ അഞ്ചുവർഗ്ഗങ്ങളും ബ്രഹ്മാവിന്റെ അഞ്ചുമുഖങ്ങളിൽ നിന്നു തന്നെ സംഭവിച്ചവരെന്നാണ്.

സ്വാമികൾ—ബ്രഹ്മാവു ഒരു കാലത്തു പഞ്ചമുഖനായിരുന്നു. അതിലൊരുമുഖം, ശിവൻ തല്ലിമുറിച്ചുകളഞ്ഞു അത്രു, അബദ്ധം പറയുന്നതിനു മുമ്പായിരിക്കാം ഇവരുണ്ടായതു്. ബ്രഹ്മാവു ചതുർമ്മുഖനായതിൽ പിന്നെ, അതിൽവല്ലകുറവുമുണ്ടായോഎന്നൊന്നും പിന്നെ, പറഞ്ഞുകേട്ടിട്ടില്ല. എല്ലാം കവികളുടെ സൃഷ്ടി. 'കവിരപരോബ്രഹ്മാ' എന്നല്ലേ?......

കേരളത്തിലുള്ള ഈഴവർ ഇരുപതുലക്ഷവും സാമുദായികസംഗതികളിൽ വലിയ ഇളക്കവും ഉൽപതിഷ്ണുത്വവും പ്രദർശിപ്പിച്ചു വരുന്നുണ്ടെന്നു പറഞ്ഞ ഒരാളിനോടു, സ്വാമികൾ ഒരിക്കൽ ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി:—

"ഈഴവർക്കു നല്ല ഇളക്കം കാണുന്നുണ്ടു്. എങ്കിലും കടൽപുറത്തെ മണൽപോലെ ഒന്നോടൊന്നു ചേരാതെ കിടന്നു ഇളകുന്ന ഇളക്കമാണിതു്,,

ഒരിക്കൽ 'മുരുക്കുംപുഴ, ഈഴവസമുദായക്കാരോടു ജന്തുഹിംസാനിരോധവിഷയത്തെക്കുറിച്ചു സ്വാമികൾ ഇങ്ങനെ ഉപദേശിച്ചു.

"അറിവുള്ളവർ ഉപദേശിച്ചിട്ടു നിങ്ങൾ ജന്തുഹിംസ നിർത്തിയെന്നു വരുന്നതിനേക്കാളും നിങ്ങൾ തന്നെ താനേഅതു നിർത്തൽ ചെയ്യുന്നതാണുത്തമം,,—

ഈഴവരിലെ മിശ്രദായപക്ഷക്കാർഅവരുടെ സഭയിൽ സന്നിഹിതനായിരിക്കുന്നതിനായിട്ടു സ്വാമികളെ ക്ഷണിച്ച ഒരവസരത്തിൽ സ്വാമികൾ ഇങ്ങനെ കല്പിച്ചു—

"ഇവർക്കു് നമ്മിൽവിശ്വാസമുണ്ടായിട്ടല്ല. സാധുക്കൾ നമ്മെ വിശ്വസിക്കുന്നുണ്ടെന്നു കണ്ടിട്ടാണ് നമ്മെ സഭയിൽ കൊണ്ടുപോകാൻ നിർബ്ബന്ധിക്കുന്നതു,,

(തുടരും)

## (ഭാഷാന്തരീകരണീയം.) ൩

ശ്രീ രാജീവാക്ഷവക്ഷസ്ഥലനിലയരമാഹസ്തവാസ്തവ്യലോല
ല്ലീലാബ്ജന്നിഷ്പതന്തീമധുരമധുഝരീനാഭിപദ്മമരന്ദഃ
അസ്തോകംലോകമാത്രാദ്വിയുഗ [illegible] ദേശാരാനാന്വേഷ്യപ്പ്രമാണം
ശംഖപ്രാന്തേനദിവ്യംപയഇതിവിബുധൈസ്സംക്യമാണംപുനാതു ॥

—:*:—

# ഒരു നിഷ്ഠുര വൎത്തമാനം.

മഹാത്മാഗാന്ധിദേവന്റെയും ശ്രീനാരായണ പരമഹംസന്റെയും ദിവ്യസന്ദേശങ്ങളെ സാൎവ്വത്രികമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സാക്ഷാൽ ധൎമ്മയോദ്ധാവായ ശ്രീമാൻ റി. കെ. മാധവനേയും, അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ശ്രീമാന്മാർ കുട്ടൻ നായരെയും, കുഞ്ഞുകൃഷ്ണനേയും തിരുവാൎപ്പു ക്ഷേത്രത്തിലെ മഠോപജീവികളായ ബ്രാഹ്മണബ്രുവന്മാരും, അവരുടെ പിണ്ഡോപജീവികളായ നായന്മാരും ചേൎന്നു ചില സമാധാനപരിപാലകന്മാരുടെ പുരോഭാഗത്തുവച്ചു നിൎദ്ദയം ദേഹോപദ്രവം ഏല്പിച്ചിരിക്കുന്നു.

ബ്രാഹ്മണസമുദായത്തെ കളങ്കസങ്കലമാക്കിയ ആ കാലകൗശികന്മാരുടേയും, നായർ സമുദായത്തെ ആകമാനം നാററിയ ആശ്ശുഭപാശന്മാരുടേയും നിഷ്ഠൂര പ്രവൃത്തിയെ ഞങ്ങൾ കഠിന കഠിനം വെറുക്കുന്നു.

ജാതിരക്ഷസ്സിന്റെ കങ്കാളമദ്ധ്യത്തിലാണു ആ ദുൎബ്ബുദ്ധികൾ അടിയേല്പിച്ചതെന്നുള്ള പാഠം ഊൎജ്ജസ്വലനായ ഡി. എസ്. പി. നാണുപിള്ള അവർകളും, വീരശ്രീ അച്യുതൻപിള്ള അവർകളും അടുത്തദിവസം തന്നെ അവരെ പഠിപ്പിച്ചെന്നറിയുന്നതിൽ ആശ്വാസമില്ലാതെയില്ല.

## ഒരു കൺകൌതുകവൎത്തമാനം.

തിരുവിതാംകൂർ ഈഴവസമുദായത്തിൽ റാവുബഹദൂർ പി. വേലു ബി. ഏ. അവർകളുടേയും, എം. ഗോവിന്ദൻ ബി. ഏ. ബി. എൽ അവർകളുടേയും വിജയശേഷം മൂന്നാമതായിട്ടു ഉൽകൃഷ്ട പരീക്ഷാവിജയം ലഭിച്ചിട്ടുള്ള ഒരു മാന്യദേഹവും, കുമാരനാശാന്റെ ഭരണാനന്തരം എസ്. എൻ. ഡി. പി. യോഗത്തെ വഴിതെററാതെ നയിച്ചുകൊണ്ടിരിക്കുന്ന അനുദ്ധതനായ ഒരു സമുദായനേതാവും, സുപ്രസിദ്ധനായ ഒരു ഹൈക്കോട്ടു വക്കീലും, നിയമനിൎമ്മാണസഭാസാമാജികനുമായ എൻ. കുമാരൻ ബി. ഏ. ബി. എൽ അവർകളെ ഒരു ജില്ലാ ജഡ്ജിയായി നിയമിച്ചിരിക്കുന്നു എന്നറിഞ്ഞു ഞങ്ങൾ ചരിതാൎത്ഥന്മാരായിരിക്കുന്നു.

എന്നുമാത്രമല്ല ഉചിതമായ ഈ നിയമനത്തിൽ തിരുവുള്ളമുണ്ടായി കല്പനകൊടുത്ത, ശ്രീമഹാരാജ്ഞി തിരുമനസ്സിലേക്കും ബഹുമാനപ്പെട്ട അവിടുത്തെ ഗവൎമ്മേണ്ടിനും ഞങ്ങൾക്കുള്ള കൃതജ്ഞതയെ ഞങ്ങൾ രേഖപ്പെടുത്തുക കൂടി ചെയ്തുകൊള്ളുന്നു.

# ഗ്രന്ഥനിരൂപണവീഥി

## രമ

കരുനാഗപ്പള്ളി, ചെറിയഴീക്കൽ, ഈ സുകുമാരപ്പണിക്കരവർകൾ രചിച്ചിട്ടുള്ള ഈ ഖണ്ഡകൃതി ഞങ്ങൾ വായിച്ചുനോക്കി- യുവാവായ ഗ്രന്ഥകർത്താവു ശ്രദ്ധാപൂർവ്വം പരിശ്രമിച്ചാൽ അചിരേണ ഒരു നല്ലകവിയായിതീരുമെന്നു പറയുന്നതിന്നു ഞങ്ങൾ തെല്ലും സംശയിക്കുന്നില്ല

ഈ ഖണ്ഡകവനത്തിൽനിന്നു ഹൃദ്യങ്ങളായ ചില പദ്യങ്ങളെ ഉദ്ധരിച്ചു കാണിക്കാൻ ഞങ്ങൾക്കു കൗതുകമുണ്ടെങ്കിലും, സ്ഥലാതിക്രമണശങ്കയാൽ അതിന്നു തുനിയുന്നില്ല. ൧൬-൪൦ ൫൪- എന്നീ അക്കങ്ങളിട്ടിരിക്കുന്ന പദ്യങ്ങൾ ഞങ്ങളെ ആനന്ദിപ്പിച്ചിട്ടുണ്ട്.

ശാന്തമററുള്ള, അപകൾ, ധൈര്യധീസാരവൈഭവം, കാന്തിക്കരം, ശ്രീലാസ്യനാമൊരുയുവാവ്, ശ്രീരാജവത്സം, അഗാധമെഴുന്നതത്രെ, നിരാശാവൈവശ്യം സൈ്വരമായ്‌വാണു," ഇത്യാദിപ്രയോഗങ്ങൾ ഞങ്ങൾക്കുപിടിച്ചിട്ടില്ല.

അതുകളെ;ശാന്തിയററുള്ള, അവ, ധീരധീസാരവൈഭവം, കാന്തികരം, ശ്രീലാസ്യമാർന്നൊരുയുവാവ്, ശ്രീരാജിതവത്സം, അഗാധതയാർന്നതത്രെ, നൈരാശ്യവൈവശ്യം,സൈ്വരമായ് എന്നിപ്രകാരമോ മറേറാ അടുത്തപതിപ്പിൽ തിരുത്തണമെന്ന് ഞങ്ങൾ ഗ്രന്ഥകാരനോട് ഉപദേശിക്കുന്നു.

പണ്ഡിതനായ അവതാരികാ കർത്താവ് കെ. ഗോദവർമ്മ കോയിത്തമ്പുരാൻ എം. എ. അവർകൾ ഈ പുസ്തകത്തിൽ നിന്ന് ഉദ്ധരിച്ചുകാണിച്ചിട്ടുള്ള "സ്ഫീതപ്രമോദ്യാദി പദ്യത്തിലെ,, 'തദീയജാതത്തിനാൽ, എന്ന പ്രയോഗം ശുദ്ധമാണോ എന്നു ഞങ്ങൾസംശയിക്കുന്നു. 'ജാതം, ജന്മപര്യായമാകുമെങ്കിൽ മാത്രമേ ഈപ്രയോഗം ശുദ്ധമാകയുള്ളു.

കവിയുടെ അഭ്യുദയത്തെ ആശംസിച്ചുമാത്രം ഞങ്ങൾ ഇത്രയും പറഞ്ഞതാണ്. ഈ യുവകവിയെ വാഗ്ദേവിമേലിലും അനുഗ്രഹിക്കട്ടെ!

### സ്വാമിതിരുനാൾ മംഗളം

(നരനായിങ്ങനെ—മട്ടു)

ശുഭമെസ്തുവഞ്ചിധരണീമാതാവിൻ—പ്രിയപുത്രൻനാണഗുരുദേവൻ
എഴുപത്തൊന്നാം തിരുവയസ്സിങ്കൽ—പദമൂന്നുംപുണ്യസുദിനമെ!!
ഭവദുരിതാഴിത്തിരകളിൽപ്പെട്ടു—വലയാതെ"പരംപൊരുളി"നെ
ശരിയായ്‌തരുണ്യ ദശയിൽകണ്ടൊരു—പരിപാവനാത്മൻമുനിവീര!!
മധുരവാണിയാംമധുപുഷ്പാവന—ഹൃദയമാംനവസുഷമയും
സതതംതൂകിത്തൻസമുദായഭൃംഗ—മനമാകർഷിക്കുംകുസുമമേ!!
സ്തുതിഭവാനെന്നുമതിരററഭക്തി—യുതമേന്തുന്നങ്ങെപ്പദപത്മം
സകലകാലവുമടിയങ്ങൾക്കുസൽ—ഗതിയേകീടണംമഹിതാത്മൻ!!

പി. ലക്ഷ്മണയ്യ.

# കൈരളീമുരളി

## കവിരാമായണവാദപ്രതിവാദം (തുടച്ച്)

### സിംഹളസിംഹത്തിനു

ആരാണെൻ, 'നരസിംഹ, മൂൎത്തിയെയധിക്ഷേപിച്ചുപദ്യങ്ങൾതീ-
ൎത്തോരാതുൽക്കടഗൎവ്വമാൎന്നു 'മലയാളി, ക്കുട്ടിയിൽചേൎത്തവൻ?
ആരായാലുമവന്റെമസ്തകമടിച്ചിപ്പോൾപൊളിച്ചീട്ടുവാൻ
പോരാ, ഘോരനൃസിംഹമെന്നവരുമോവെമ്പുന്നതെന്തിന്നുഞാൻ!!

അത്യുഗ്രമൂൎത്തി 'നരസിംഹ'മതോൎത്തിടാതെ
തത്തിക്കളിച്ചുചെറുസിംഹമെതിൎത്തുവന്നാൽ
പൊത്തിപ്പിടിച്ചുനിമിഷത്തിനകത്തുദേഹം
കുത്തിപ്പിളൎന്നുകടൽമാലകഴുത്തിലാക്കും

പോരടിപ്പതിനുവില്ലെടുത്തുവിശിഖംതൊടുത്തെതിരിടുംമഹാ-
ശൂരനായപുരുഷന്റെപല്ലുചരിവുള്ളതെന്നുപറയുംവിധം
ഗൌരവംകലരുമോരുകാൎയ്യമുരചെയ്തിടുന്നതിനടുക്കനി-
സ്സാരമായചിലതെറ്റെടുത്തുപറയുന്നകൂട്ടർവിടുവിഢ്ഢികൾ

'ദിതാ,പ്രയോഗാബലത്താൽ—വൃത്തഭംഗംഭവിച്ചുപോൽ
അത്തെറ്റോതീടിൽവാദത്തി—ന്നൊത്തുമോസ്വൽപ്പവുംബലം?
“ശരചാപങ്ങളെടുത്തോരു-സ്മരസുന്ദരനായരാമ,,നെന്നേവം
വരകവിയാംജനകസുതാ-പരിണയ,കൎത്താവുരച്ചതുംപിഴയോ?
പീ കെ കൃഷ്ണന്റെ 'മാരുതി,പ്പദവിനിസ്സന്ദേഹമേകീടുകിൽ
കാകാക്രുകിനുകേകിവൎയ്യനുകയിൽസ്ഥാനത്തെയുംനൽകിടാം
ശ്ലോകംതീൎപ്പതിൽ 'വെണ്മണിച്ചുവ,കുറച്ചുണ്ടെന്നമിഥ്യാഭ്രമി-
ച്ചാഗംഭീം'മരുത്തനൂജ,മഹിതസ്ഥാനംകൊടുക്കാവതോ?

വാണീദേവിയെനിത്യവുംനിജരസജ്ഞാഗ്രേവസിപ്പിച്ചൊരാ-
ക്ഷോണീദേവകുലാൎയ്യനാം 'സിതമണി, ശ്രീമാൻകവീന്ദ്രോത്തമൻ
ക്ഷോണീഭാഗമലങ്കരിച്ചശുഭകാലത്തീഹന്തമൽ,പദേ
വാണീടേണ,മിതെന്നുരയ്ക്കിലവിടുന്നയ്യോഭയന്നോടിടും!!

ആദ്യം 'മാരുതി,തൻപരാക്രമഗുണംബോധിക്കണംപിന്നെയീ-
'വൈദ്യ,ന്നൊത്തഗുണങ്ങളുണ്ടുസദൃശത്വത്തിന്നതെന്നുള്ളതും

പ്രത്യേകിച്ചറിയേണമായതൊഴികെ "ശ്രീമാൻഹനൂമാൻമഹാൻ,,
ഇത്ഥ്യവാവെറുതേപുലമ്പുകിലതെല്ലാർക്കുംപിടിച്ചീടുമോ?
തൽസ്ഥാനത്തിനുതക്കനിസ്തുലവചോവൈശിഷ്ട്യമുള്ളോർകളി-
സ്സംസ്ഥാനങ്ങളിൽമൂന്നിലുള്ള കവിവര്യന്മാരിലില്ലെങ്കിലോ
ആസ്ഥാനപ്രഭവംകലർന്നൊരുകവിപ്രൌഢൻഭവിക്കുംവര-
യ്ക്കാസ്ഥാനത്തൊരു'പൂജ്യ,മിട്ടുവെറുതേരുള്ളുന്നതല്ലേരസം?
'നിന്നാവിൽപുണ്ണുകേറിടണ,മഥ'നരകത്തീയ്യിൽവീണീടണം'നീ
യെന്നോരോരോഗശാപ്പൾക്കൊണ്ടഴതപിടുവതപ്പൂരുഷൻസഭ്യനത്രേ
എന്നാൽബുക്കിൽപ്പെട്ടുംതെറവുകൾചിലതുകഥിച്ചോനസഭ്യോക്തി
ചൊന്നോനത്രേ,മഹാന്മാരുളുവിനിവരിൽസഭ്യനാരാരസഭ്യൻ? (യേററം
കാലിൻമുട്ടുവരെക്കുഴിച്ചുമണലിൽസ്ഥാപിച്ചു"കണ്ടോപെരി
ക്കാലിൻപോകുവ,തെന്നു,മറെറാരുവനെപ്പററിദ്ദുഷിക്കുന്നപോൽ
മാലോകർക്കുരുചിച്ചിടാത്തവികൃതിത്വംചൊല്ലിനീയിവിധം
മേലാലോതരുതെന്നുമത്ത്യഹരിയോടോതുന്നവൻമത്ത്യനോ?

(പ്രഹ്ലാദൻ)

നരസിംഹദാസനായ പ്രഹ്ലാദനു.

രേ! രേ! ദുഷ്ടനൃസിംഹ! നിൻെറ'ഹനുമാൻ, പ്രഹ്ലാദവേഷംചമ-
ഞ്ഞീരംഗത്തുകസത്തുചെയ്തതുസമീക്ഷിച്ചേനമന്ദസ്മിതം
മേരുക്ഷ്മാധരകൂടകോടികരയേറിക്കാകനാ,രാരവം
പൂരിപ്പിക്കുകിലുംവരില്ല,കളകണ്ഠത്തിൻെറകണ്ഠോത്സവം!!
പോരാടാനാഞ്ഞടുക്കുന്നവനൊരുപുരുഷപ്രായനല്ലെന്നിരിക്കിൽ
ശ്ശൂരൻതാഴത്തുവയ്പൂനെടിയചട്ടുലകോദണ്ഡമെന്നോർക്കവേണം.
വീരശ്രീഭാരതായോധന,ദശയിൽനിസങ്ഗോഷ്മളൻ'ഭീഷ്മ,ദേവൻ
നേരേഷണ്ഡൻ'ശിഖണ്ഡി,യ്യെതിരിനതുനിയാതെന്തുവാൻപിന്തിരിഞ്ഞു?
'ദപിതം,കൊണ്ടുപിഴച്ചുവൃത്ത,മതിലുംവൃത്തംപിഴച്ചപ്പുറം
വൃത്തംസർവ്വമിപ്രകാരമപരാധാവൃത്തമായില്ലയോ?
ഇത്തെറോതുകിലെന്തുകൊണ്ടുവിജയവാദത്തിനെത്തില്ല,ഹേ
സത്യംനീകരുതിക്കഥിക്കുക,വെറുംപഞ്ചാസ്യദാസ്യാംബുധേ!!
"ശരചാപങ്ങളെടുത്തൊരു—സ്മരസുന്ദരനായരാമ,,നെന്നേവം
വരകവിയാംജനകസുതാ—പരിണയകർത്താവുരച്ചതും,പിഴതാൻ!!
ശരചാപങ്ങളെടുത്താ—സ്മരസുന്ദരനായരാമനെന്നേവം
വരകവിയാംജനകസുതാ—പരിണയകർത്താവുരക്കുകിൽശരിയാം

തെററിന്നിങ്ങനെതെറെറടുത്തുവെറുതേസാക്ഷീകരിച്ചീടുവാൻ
പററില്ലഞ്ചിതവഞ്ചിഭൂവിലൊരിടത്തും, സാധു, നീയോക്കണം
മറെറാന്നോതുവതിന്നശക്തനഭവാനെന്നാകിൽക്ഷമയാചനം
കുററംപാൎത്തഥചെയ്ക മാപ്പുതരുവാൻനോക്കാംക്ഷമിക്കാമഹം!!!
"കാകാക്രകിനകേകിവൎത്സ,, നിതിനീ, വന്മത്തനന്മത്തഗീ—
ന്നാകാശംപ്രലപിച്ചതാൎക്കുചിരിയുണ്ടാക്കില്ലകേൾക്കുംവിധൌ
പി. കെ. കൃഷ്ണകവി കുഹന്ത "ഹനമൽ, പട്ടംകൊടുത്തീടുവാ—
നാകായ്മസ്സ്വകാശമെന്തതുസഖേ! കേൾക്കട്ടെപാൎക്കട്ടെഞാൻ!!
പദ്യക്കെട്ടിന്നു'കോട്ടയ, ത്തൊരുപരീക്ഷാസംഘമേററപ്പൊഴി
'വൈദ്യൻ മൂന്നുപരീക്ഷയിൽജയമവാപിച്ചെന്നതോൎക്കുന്നുവോ
ഹൃദ്യശ്രീകവി'വെണ്മണി, ക്ഷിതിസുരൻതോററങ്ങുപൂന്തൊങ്ങലും
സദ്യശ്ശ്രദ്ധയിലെന്തിനങ്ങനെവടക്കോട്ടുന്നവനീലയോ?!!
മന്തിന്മേൽമണൽമൂടിവച്ചുപരനാംമന്തന്റെമേൽനുള്ളുവെ
ന്നസന്ധിക്കുന്നതുകഷ്ടമാണതുഭവാനാത്മാൎത്ഥമായോക്കണം
സ്വന്തക്കാരുടെദോഷലേശമറിയാൻകണ്ണില്ല, കാതില്ല, യാ
ബ്ബന്ധുക്കൾക്കിഹ. നാക്കുമൂക്കുകളുമില്ലെന്നെന്തുചെയ്യേണ്ടു, നാം!!

സുദർശനം (തുടരും)

ജാംബവാൻ അവർകൾക്കു—

ഞാനത്രേശക്തിമാനെൻഭുജബലമഹിമാപൂരമോരാതെതക്കി
പ്പാനത്രയ്ക്കാൎക്കുധൈൎയ്യംവരുമിതിനിരൂപിച്ചുപാകചേഹാ'കപേ! നീ
രൂനം'ബീ കുഞ്ഞിയമ്മ, യ്ക്കുരുമയൊടൊരുമിക്കേണ്ടതായുള്ളൊരമ്മ
സ്ഥാനംപന്മയ്ക്കുകററംപുതുമ, മുത്തുമരഞ്ഞാടി! നെഞ്ഞാട്ടിടുന്നു!!. ഫ
ന്ന്യായാന്യായവിവേകശൂന്യമനുജന്മാരോടുപോരാടുവാ
നായാസംമതിമാന്നുദിക്കുമതുനിശ്ശങ്കംമരങ്കേറി! കേൾ
ഈയച്ഛിന്നയഥാൎത്ഥവസ്തുതധരിച്ചീടുംജനംമഞ്ജുവാ
ങ്മായപ്പോരു'പണിയ്ക്കു, നൽപമൃതകില്ലെന്നാലുമൊന്നാഞ്ഞിതാ!! ഫ

ഭദ്രകാളിഅമ്മ

ഭദ്രകാളിഅമ്മയ്ക്കു—

തള്ളിക്കേറന്നുഭുജവിംശതികൊണ്ടുമുന്നം
വെള്ളിക്ഷമാധരമിളക്കിയരാവണന്റെ
ഉള്ളംകരംഞെരിയുമാറഥവിന്യസിച്ച
പള്ളിപ്പദംകരളിൽവന്നുവിളങ്ങിടട്ടെ.!! ഫ

കിഞ്ചിജ്ഞേ! കാളി! ഭദ്രേ! പറകമുത്തു'മരംകേറി'യുംകേറിയോ? നിൻ
നെഞ്ഞാട്ടാൻഹന്ത! ദുസ്സാഹസമലമലമിച്ചേഷ്ടിതംകഷ്ടമയ്യോ!

കിഞ്ചിൽപോലുംത്രപാഹീനതയൊടുകഭഗേ!കുതസ്തേ!ഭതസനത്തി
ന്നഞ്ചാതിങ്ങോട്ടുവന്നാൽചെവി,ചെറുതറിയുംത്താന്തി!മൂഢേ!ദുർബ്ബുദ്ധേ! വ
'മരഞ്ചാടി,യാമീവയോവൃദ്ധനേനിൻ- പെരുഞ്ചാട്ടവാചാപശത്താക്കിവയ്ക്കാൻ
കരിഞ്ചായലാളേ!കൊതിക്കേണ്ടവിസ്മ്ഘി-ത്തരഞ്ചേരുകില്ലെൻറക്രൂട്ടത്തി

രേ!മുഷ്ക്കേ!പിശിതാതിപർണകഷായാസ്യേതിഹാസ്യേ!ഭവൽ (ലെങ്കാ
കാമക്കൈകെളയോഗ്യഘട്ടനകളാൽതീക്കാൻശ്രമിക്കാമഹം ;
ജാമിത്രേ!തവസിംഹികാതനയനോ?ഭൂപുത്രനോമന്ദനോ?
ഹാ!മൽപുക്കതട്ടത്തിടുന്നതുശരേ!ചൊല്ലമ്പടീ!ശംഭളീ! ൪

അമ്മ,സ്ഥാനത്തിനാളാണബല,യതഖിലന്മാരെയുംബോദ്ധ്യമാക്കാ
'നമ്മപ്പട്ടം,വധൂമാലകൾനിടിലതടപ്പൊട്ടുപോലിട്ടിടേണ്ടാ
ദുമ്മോഹത്താലൊരോരോപുരുഷരുമിതുപോലെച്ചുന്നെന്നുള്ളപട്ടം
ചുമ്മാപേരോട്ടുചേർത്താ,ലതുപരപരിഹാസത്തിനായ്മാത്രമാകും ൫

ഇക്കാര്യം'ഭദ്രകാളി,ച്ചെറുമിയറിയണം,'കത്തിയ,മ്മയ്ക്കുവേണ്ടും
വക്കാലത്തിന്നുപിന്നെത്തുനിയണ,മപരൻ'ലക്ഷ്മണൻ, ത്രുക്ഷനിപ്പോൾ
തച്ചൽകാര്യത്തിന്നുവേണ്ടിക്കടുതരകരവാളംചലിപ്പിച്ചുവീരൻ
ദിക്കാപക്കംനിരീക്ഷിച്ചിടരിട്ടുവതുനീകാൺകെടോപെൺകിടാവേ! ൬

ഭള്ളെഴുംഭദ്രകാളിപ്പെൺ–പിള്ളയാൺപുള്ളികാണുവാൻ
വെള്ളത്താമരവാസൻെറ–പിള്ളയാർകയ്യെഴുത്തിതു് ൭

ജാംബവാൻ

---

# സ്വാമിതിരുനാൾമംഗളം

(മഞ്ജരി)

പാട്ടുകൾപാട്ടുകപാവനഗീതികൾ—പാടവമേറുന്നപൂങ്കുയിലെ
നാടകമെങ്ങുമലംകരിച്ചാളുകൾ—മോടിയിൽനവ്യ"മഹാബലി"യാം
നാരായണഗുരുസ്വാമിതൻജന്മർക്ഷം—പാരംകൊണ്ടാടുവാൻകാത്തിരിപ്പൂ
മംഗളാശംസാമണിമാല്യമിന്നുനീ—ഭംഗിയിൽചാർത്തുകപൂങ്കുയിലെ

ഇന്നു,സമത്വം,സാഹോദര്യം,സ്വാതന്ത്ര്യ—മെന്നവിശിഷ്ടസുമാവലിയിൽ
തിങ്ങിക്കവിയുന്നകാരുണ്യത്തേൻമധു—സമ്മാദംനൾകിയദിവ്യനാരേ!

അമ്മഹാൻകർമ്മകുശലനായ്നീണാളി—ധർമ്മാരാമംതന്നിൽവാഴ്‌വതിനായ്
ശാരദാദേവികടാക്ഷിച്ചരുളട്ടെ—സാരസ്യകീർത്തനംപാടുകനീ!!

കടവൂർ, കുഞ്ഞുകൃഷ്ണപിള്ള.

—:o:—

# ഭാഷാന്തരങ്ങൾ

മൂലം

ശ്രീനാരായണദേശിക—യതിവരചരണാരവിന്ദമകരന്ദം
മാമകമാനസമധുകര—വിഹര, സമാസ്വാദ്യവിശ്രമപ്രസരം

(ഭാഷ)

'നാരായണ, പ്രതികുലപ്രവരൻെറ പാദ—
ത്താരാർന്നിടുന്ന മധുരം മകരന്ദപൂരം
സ്ഫാരാദരത്തൊടു നുകർന്നു തളർച്ച പോക്കി
സ്വൈരം ചരിച്ചിടുക, യെൻമനമായ വണ്ടേ!

പ്രതിപാദകൻ

ശ്രീനാരായണ, യോഗിപുംഗവപദാംഭോജങ്ങളിൽ പാറുമ-
ത്തേനാകണ്ഠതലം നുകർന്നു, വളരെസ്സംതൃപ്തിയാർന്നിങ്ങനെ
ഗ്ലാനിക്കുള്ളവകാശഭാരമണുവും തഞ്ചാതെയഞ്ചാതെ നീ
യാനം ചെയ്ക, പലേടവും മമ മനസ്സാകുന്ന ഷൾപാദമേ!

പി. എൻ. വാസുക്കുട്ടി

നാരായണാഭിഖ്യമുനീന്ദ്രപാദ-ത്താരാർന്നിരിക്കും മകരന്ദപൂരം
പാരം നുകർന്നെൻമനമായ വണ്ടേ!-സ്വൈരം ചരിച്ചീടുക, നീ സുഖേന

എം. കെ. പത്മനാഭൻ, കാലവൂർ.

'നാരായണാഖ്യഗുരുയോഗിപദാബ്ജമാധ്വീ
ധാരാളമുണ്ടു മമ മാനസഭൃംഗമേ! നീ
ആരാൽ തളർച്ചകളശേഷമകറ്റി മേന്മേൽ
സ്വൈരം കളിച്ചിടുക പാരിലഭംഗമെങ്ങും.

എം. കെ. കുഞ്ഞിയമ്മ. മണിയമ്പാറ.

സാരപ്രബുദ്ധയതിപൂജിതദേശികശ്രീ
'നാരായണ'ർഷിപദപത്മമരന്ദപൂരം
നേരായ് സ്വദിച്ചതുലവിശ്രമപൂർവ്വമെന്നും
ത്താരായിട്ടും മധുപ! നീ വിഹരിച്ചുകൊൾക

പി. കെ. നാരായണപിള്ള. ചെവരകോത്ത്

നന്മുനി'നാരായണ'ഗുരു-തൻമൃദുകാൽത്താരിലങ്കുളൂർപ്പൊന്തേൻ
മന്മനമാം വരിവണ്ടേ!—ഉണ്മയൊടക്ഷീണമുണ്ടു കളിയാട്ടു

എൻ. പി. നമ്പൂതിരി. പന്തളം.

സന്മാധുരിപ്രചുരിമത്തികവാർന്നൊരിശ്രീ
'നാരായണ'ർഷിപദപത്മമരന്ദസാരം

എന്മാനസഭ്രമരമേ!ശരിവായ്നകന്റം
സ്ഫാരാഭമായിവിഹരിക്കകന്നിയഖേദം

കുഴയത്തു നാരായണപിള്ള.

ശ്രീ'നാരായണ,ബുധന്റെ—കാൽത്താരണിരസങ്ങളെ
എൻ ചിത്തഭൃംഗമേ!നീയു—ണ്ടിളച്ചുണ്ടുംപുളയ്ക്കുക

വിദ്വാൻ എം. കെ. ശങ്കരൻ

'നാരായണാ,ഖ്യഗുരുവാം യതിവര്യനേല്യ-
വോരപ്പദാംബുജമതിൻമകരന്ദസാരം
നോയ്നകന്നു വിഹരിയ്ക്കുകി,നിശ്രമത്തോ
ഖോരാതെ മന്നടയമാനസഭൃംഗമേ'നീ

എം. കെ. ഗോവിന്ദപ്പിള്ള. അയിരൂർ.

ശ്രീ'നാരായണ,ഗുരുവാം—യതിയുടെതൃപ്പാദപങ്കജാല്ഭുതം
വിശ്രാന്തിദമധു,മാമക—മാനസവണ്ടേ!നുകന്നുവിഹരിക്കു.

വി എസ്സ് ശങ്കരക്കണിയാർ കോതമംഗലം.

സദ്യോഗി,നാണുഗുരു,വിൻ ചരണാംബുജത്തെൻ
സദ്യോനകന്നു സ..തക്ലമമൊക്കെനീക്കി
ഏന്തായിട്ടും ഭ്രമരമേ!പടലം ചരിച്ചു-
മുദ്യോഗമാർന്നിടുകമാമകമേ!സുഖം നീ

കെ. കെ. വൈദ്യൻ കോട്ടയം [൩൦]

നാരായണാഖ്യകലശാംഗുരുവിന്റെതൃക്കാൽ-ത്താരാർന്നിടുന്നമതിതപ്പ്ണമാംമര
വാടാതെനീയനുഭവിച്ചുസുഖിച്ചുപാരി-ലോടിക്കളിച്ചിടുകയെന്മനമായവണ്ടേ

പണ്ഡിതർ. ചെ. എം. കേ. കെച്ചുകുഞ്ഞുവൈദ്യൻ.

മഞ്ജരി.

ശ്രീ'നാണു,യോഗീശൻ തൻ ചേവടിയായ—ചെണ്ണാർന്ന ഹേമാംഭോജത്തിലൂറും
തേനുണ്ടുംകൊണ്ടെൻമനമായവണ്ടേ!നീ-യാനന്ദം ചെയ്തീടുക,നാലുപാടും

കെ. ഗോപാലൻ. കടവത്തുശേരി

'നാരായണഗുരു,സ്വാമി—ചരണാംഭോജമാധ്വിയെ
സേവിച്ചുക്ഷീണമെൻ ചിത്ത—ഭൃംഗമേ!നീകളിക്കുക

കെ. വേലായുധൻവൈദ്യൻ. കമ്പനാട്ട്.

ശ്രീ 'നാരായണ, സൽഗുരു—മുനിയുടെതിരുപാദസാരസപ്പൂന്തേൻ
മാനസമാകിയവണ്ടേ!-പാനം ചെയ്തിട്ടുനീകളിക്കചിരം.

കെ. പത്മനാഭൻ. പണയിൽ

പോരായ്മ മററമുനിമൗലിവിരാജിതൻശ്രീ-
'നാരായണ,ഖ്യഗുരുവിന്റെപദാംബുജത്തെൻ

നേരായ്നുകർന്നുമമ മാനസഭൃംഗമേ!നീ
പാരാതെതന്നെവിഹരിച്ചുസുഖിച്ചുകൊൾക.

കെ. കുട്ടപ്പൻ കോയിൽമുക്ക്.

പീനാദരേണമമ മാനസഭൃംഗമേ!നീ
ശ്രീനാരായണനാമഗുരുവാംമുനിപുംഗവൻെറ
ചേണാർന്നപാദകമലങ്ങളിലുള്ളനല്ല
തേനാസ്വദിച്ചധികളിക്കകവിശ്രമാർത്ഥം.

പി. എസ്സ്. നീലകണ്ഠപ്പണിക്കർ അയത്തിൽ.

യതി,മഹിമാംബുധിശ്രീഗുരുനാരാ–യണപാദതാമരസാ,മലമാധ്വീ
നിറയെനുകർന്നിളവേററുമനസ്സാം–ഭ്രമര!സദാവിളയാടുകയേ!നീ

കരമ്പാലം. കേശവപിള്ള.

ഭ്രമാവിൺഭ്രുവിലേററംവിതറിയയതികൾക്കുള്ളപൂമാലയായി
ശ്രീമാനായുള്ളനാരായണസുകൃതിവരൻതൻെറകാൽത്താർമരന്ദം
നീമാധുര്യാൽകുടിച്ചെൻവിമലഹൃദയമാകുന്നഷൾപ്പാദമേ!നി
സ്സീമാനന്ദംകളിച്ചീടുകവിരുതിനൊടുംവിശ്രമപ്രസ്സയാന്നും

തുമ്പമൺ പി. എൻ. നാരായണൻ പോററി.

ശ്രീനാരായണഗുരുവാം–മുനിവരനുടെപദപങ്കജത്തിലെപ്പൂന്തേൻ
മാനസഷൾപ്പദമേ!നീ–പാനംചെയ്തിട്ടുയാത്രചെയ്കസുഖം

ഗണകൻ കുമ്പഴ കുഞ്ഞുകുഞ്ഞാശാൻ

കേക:—മാമകമനോഹരിവണ്ടേ!“ശ്രീനാരായണ,,-
സ്വാമിയാംഗുരുവിൻെറപാദപങ്കജപ്പൂന്തേൻ
വേണ്ടപോൽനുകർന്നിട്ടുവിശ്രമിച്ചതുമൂല-
മുണ്ടാകുംപ്രസരിപ്പിൽ,നിവിഹരിച്ചീടുക!

വൈദ്യൻ. കെ. ആർ. പി. കണിയാർ

ശ്രീനാരായണഗുരുവാകിയമുനീന്ദ്രൻെറ
ചേണാർന്നപാദപത്മത്തിങ്കലെമകരന്ദം
പാനംചെയ്തിട്ടുവിഹരിച്ചുകൊൾകെനിയ്ക്കുള്ള-
മാനസമാകുംവണ്ടേ!‘വിശ്രമപ്രസരം,നീ

ആനടി കയ്ക്കൽ എം. പപ്പുപണിക്കർ.

ബ്രഹ്മശ്രീനാരായണഗുരുവാംയോഗീന്ദ്രൻെറ
ചിന്മയവിശ്രാന്തമാംതൃപ്പദച്ചെന്താർമധു
സമ്മോദം,പുലരുമാറൊരുത്താണംകുടിച്ചെങ്ങു
മെന്മനോമധുവ്രത!മിഞ്ചിനീപറക്കെടോ!

മഹോപാദ്ധ്യായൻ. എൻ. പി. പണിക്കർ.

(മഞ്ജരി)

ചിൽപ്രഭതൂകീടുംനാരായണാചാര്യർ–തൻപാദപങ്കജംതന്നിൽനിന്നും
ചിത്തമാംവണ്ടേ!നീതൃപ്തിവരുവോളം–നൽത്തേൻനുകർന്നുവിഹരിച്ചാലും

പി. കെ. കേശവൻ കോന്നിയൂർ.

(മഞ്ജരി)

നാരായണഗുരുസ്വാമിതൻതൃപ്പദ- ത്താരിൽനിന്നൊലുന്നൊരു മരന്ദം
പാനംചെയ്തിട്ടെൻറമാനസഭൃംഗമേ!- നീ, നളിച്ചീടുക താന്തിയെ

മുളക്കുളം സി. വേലുവാശാൻ.

ശ്രീനാരായണഗുരുവാം- മുനിവരനുടെ പാദപത്മമകരന്ദം
ആനന്ദദമാണതു മ- ന്മാനസമധുകര! കുടിച്ചു കളിയാടൂ.

വള്ളക്കുളം സി. എൻ. പത്മനാഭൻ.

കേക:—നാരായണാഖ്യഗുരുസ്വാമിതൻതൃച്ചേവടി
ത്താരിൽനിന്നൂറിടുന്നൊരു മരന്ദം തന്നെ സ്വാ
എന്നന്തരംഗഭൃംഗപുംഗവ! സമാസ്വാദി
ച്ചുന്നതാനന്ദമോടു വിഹരിച്ചാലുമേറ്റം.

കയ്പ്പുഴ പി. കെ. കുഞ്ഞുരാമൻ.

നാരായണശ്രീമുനിവര്യപാദ- ത്താരാൎന്നമിന്നുന്ന മരന്ദസാരം
സ്വൈരം നുകൎന്നെൻമനമായ വണ്ടേ! - നേരായമട്ടിൽകളിയാടി വാഴ്

മുൻഷി. മാമല്ലൂർ എൻ. കേശവക്കണിയാർ.

സ്വാമികളാം നാരായണഗുരു- മാമുനിതൻതൃപ്പാദാംബുജപ്പൂന്തേൻ
ഹേ! മനമാകും വണ്ടേ! - നീ മടിയാതാസ്വദിച്ചു വിഹരിക്കൂ

വക്കം വി. ആർ. വേലുവൈദ്യൻ.

ഗുരുവാം ശ്രീനാരായണ- വരമുനിപദപത്മമാൎന്ന മധുപൂരം
എന്മനമായൊരു വണ്ടേ! - ഉണ്മയിലുണ്ടൊന്നു നീ കളിച്ചാലും

ആലയിൽ കെ. കേശവൻ

മാമുനിവരൻശ്രീനാരാണഗുരുദേവ- നുടെ പാദപത്മത്തേനതു യഥേ
ഹേ! മമ മനസ്സാം ഷട്പ്പദ! കുടിച്ചു- നീയിടവിടാതാമോദമൊടു നിത്യ

പി. ലീലാംബായി.

നാരായണഗുരുസ്വാമി— പാദത്താരിൻതേൻനുകൎന്നു നീ
എന്മനോഭൃംഗമേ! സ്വൈരം— വിഹരിച്ചാലുമെങ്ങുമേ.

ആറന്മുള, എം. എൻ. നാരായണൻ നായർ

തങ്കം ശ്രീചേൎന്ന നാരായണ പരമഗുരുസ്വാമിതൻ പാദപത്മ-
ത്തിങ്കൽ ചേൎന്നുള്ള പുത്തൻ മധുരമതിലുള്ളൊന്നൊരു മാധ്വീരസത്തെ
ശങ്കാഹീനം നുകൎന്നിട്ടമിതസുഖരസം പൂണ്ടു നീ വിശ്രമിച്ചാ-
തങ്കം മാററി കളിച്ചീടുക, കുളുർമയെഴുന്നെൻ മനസ്സായ വണ്ടേ!

വി. കെ. കൊച്ചുരാമൻ ജോത്സ്യർ (തുമ്പമൺ)

ശ്രീനാരായണഗുരുവാം— യതിവരനുടെ പാദപങ്കജപ്പൂന്തേൻ
എന്മനമാം വണ്ടേ!! നീ— തളച്ചു തീരെക്കുടിച്ചു വിഹരിക്ക

ജോത്സ്യൻ വല്യതറയിൽ ജി. കൊച്ചുകൃഷ്ണപ്പണിക്കർ

(കേക.)

നാരായണാചാൎയ്യമുനീന്ദ്രപാദ-ത്താരാൎന്നപൂന്തേൻവഴിയേതകന്ന്
എഞ്ചിത്തമാകുന്നൊരുപുഷ്പലിട്ടേ-ചഞ്ചൊത്തുനിതാന്തിവെട്ടിഞ്ഞുവാഴ്ക

ചാവർകോട്ടു കെ. എൻ കുഞ്ഞുശങ്കരൻവൈദ്യൻ

**മഞ്ജരി**

ധന്യശ്രീനാരായണാചാൎയ്യസ്വാമികൾ-തന്നുടെദിവ്യമാംപാദപത്മം
ഭംഗ്യാചൊരിയുന്നതേൻനുകൎന്നെൻമനോഭൃംഗമേ! യാശ്വസിച്ചാനന്ദിയ്ക്ക

വക്കീൽ. കെ. എൻ. കേശവൻ (മാവേലിക്കര)

ശ്രീനാരായണബുധൻെറ-കാൽത്താർതേനുണ്ടുസസ്പൃഹം
കളിയ്ക്കുമനമാംവണ്ടേ-നീണാൾവിശ്രാന്തിസുന്ദരം

പി. ഹംസലത (പഞ്ചവടി)

---

ഉചിതനിയമനം—തിരുവനന്തപുരം സംസ്കൃത കാളേജിൽ അദ്ധ്യാപകനായിരിക്കുന്ന മഹോപാദ്ധ്യായൻ ചങ്ങനാശേരി എൻ. പി. പണിക്കർ അവർകളെ ഇപ്പോൾ ആ കാളേജിൽ ഒരു പണ്ഡിററ്, ആയിനിയമിച്ചു എന്നറിയുന്നതിൽ വളരെ സന്തോഷിക്കുന്നു.

തെററുതിരുത്തൽ—മൂന്നാം ലക്കത്തിൽ വന്നിട്ടുള്ള അച്ചടി തെററുകൾ താഴെ കാണുംപ്രകാരം തിരുത്തി വായിക്കാനപേക്ഷ.

'സിംഹളകഷ്ചിൽ, സിംഹളകക്ഷിൽ എന്നും പ്രസ്ഥാവിച്ചു, പ്രസ്താവിച്ചു എന്നും ദുർദ്ദിഷ്ടകചേഷ്ടിതങ്ങൾ 'ദുർദ്ദിഷ്ടകചേഷ്ടിതങ്ങൾ, എന്നും പ്രാധാന്യത്വം, പ്രാധാന്യം എന്നും 'ആശാസ്യജനകം, ആശാസ്യംഎന്നും ലോകചഷ്ചുസ്സ്, 'ലോകചക്ഷുസ്സ എന്നും 'ശിഷ്യശ്രീ, ശിഷ്ടശ്രീഎന്നും 'ജോതിരംഗണം, 'ജോതിരിംഗണംഎന്നും കലിദ്ധ്യ, കുലാഢ്യ എന്നും 'മകരാക്ഷസ, മകരാക്ഷരാക്ഷസ എന്നുംതിരുത്താനുള്ളവയാണു.

---

കൈപ്പററി :— ശ്രീമാൻ ആലങ്ങാട്ടു എം. കെ. ശങ്കരപ്പിള്ള അവർകൾ അഭിപ്രായത്തിനായി അയച്ചുതന്നിട്ടുള്ള 'ശ്രീശുകൻ, വിദ്വാൻ കെ. ഈ നീലകണ്ഠൻ അവർകൾ അയച്ചുതന്ന 'വിദ്യാൎത്ഥി ദൎപ്പണം, വിദ്വാൻ എം. കെ. ശങ്കരൻ അവർകൾ അയച്ചുതന്ന 'വിചിത്രവീൎയ്യൻ, എന്നീ പുസ്തകങ്ങൾ കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

**Reg: No :T 163.**

# പ്രബുദ്ധസിംഹളൻ.

**സാഹിത്യപ്രധാനമായ മാസിക.**

പ്രസിദ്ധപണ്ഡിതന്മാരായ ഗദ്യകൃത്തുക്കളുടേയും, പദ്യകൃത്തുക്കളുടേയും രസപ്രദ്ധ്യയസ്ഥങ്ങളായ ഗദ്യപദ്യങ്ങൾ കൊണ്ടു, മാസികയുടെ എല്ലാലക്കങ്ങളും പരിഭൂഷിതങ്ങളായിരിക്കും.

കവിഭാരതം, കവിരാമായണം, കവിമൃഗാവലി എന്നീഗ്രന്ഥങ്ങളേപ്പററിയും മററും, മലയാളി, കേരളചന്ദ്രിക, സൽപ്പുത്രമിത്രം, മലയാളമനോരമ, സുജിനാനന്ദിനി, എന്നീ പത്രങ്ങൾ വഴിയായി കവികൾ പരസ്പരം നടത്തിയിട്ടുള്ള രസപ്രദങ്ങളായ വാദപ്രതിവാദപദ്യങ്ങൾ, ഛായാപദ്യങ്ങൾ, ഖണ്ഡകവനങ്ങൾ, സന്ദിഷ്ടശ്ലോകങ്ങൾ, ഒററശ്ലോകങ്ങൾ. എന്നിവകളെക്കൊണ്ടു ഈ മാസികയുടെ ഉപഗ്രന്ഥമായ 'കൈരളീമുരളി, വായനക്കാൎക്കു വിനോദവും കൗതുകവും അനുസ്യൂതമായികൊടുക്കുന്നതായിരിക്കും.

വരിസംഖ്യ ഒരു കൊല്ലത്തേക്കു മുൻകൂർ. ക. ൩. ൦ ൦
ആറുമാസത്തേക്കു. ക. ൪. ൮. ൦ „ തപാലിൽ ക. ൩. ൮. ൦
പരസ്യക്കൂലി. ഒരു കൊല്ലത്തേക്കു പേജു ഒന്നിനു. ക. ൩൰ ൦ ൦
അരപ്പേജിനു. ക. ൨൦ ൦ ൦ കാൽപേജിനു. ക. ൪൦ ൦ ൦

കുറഞ്ഞകാലത്തേക്കുള്ള പരസ്യക്കൂലി വിവരം മാനേജരോടാവശ്യപ്പെട്ടാൽ അറിയാവുന്നതാണു. പരസ്യക്കൂലി എപ്പോഴും മുൻകൂർ. വിവാഹം, മരണംമുതലായ ഗൃഹസംഭവങ്ങൾ രേഖപ്പെടുത്തുന്നതിനു ഓരോരുപാമാത്രം.

<u>സൂചനകൾ,</u> ൧. പ്രബുദ്ധസിംഹളൻ പ്രതിമാസം ൨൭-ാം നു-ക്കു കൃത്യമായി പുറപ്പെടുന്നതാണു. മാസിക കിട്ടാത്തവർ അടുത്തമാസം ൭-ാം നു-ക്കകം വിവരം മാനേജരെ അറിയിക്കേണ്ടതാകുന്നു.

൨. മാസികസംബന്ധമായി വരിക്കാർ അയയ്ക്കുന്ന എല്ലാകത്തുകളിലും കവറിൽ അവരവരുടെ പേരിനുമുമ്പായി കൊടുത്തിട്ടുള്ള റജിസ്റ്റർ നമ്പർ കൂടി കാണിച്ചിരിക്കണം. അല്ലാത്തുള്ളവയെ ഗൗനിക്കാൻ നിവൃത്തിയില്ല,.

൩. അഭിപ്രായാർത്ഥം അയയ്ക്കുന്ന പുസ്തകങ്ങൾ, മാററപ്പത്രങ്ങൾ, കവിതകൾ, ലേഖനങ്ങൾ മുതലായവ,

എസ്സ് പി. പണിക്കർ—കേരളവൎമ്മസൗധം
[illegible]ഴിക്കാല[illegible] A. O.—കോഴഞ്ചേരി. P. O. തിരുവതാംകൂർ
എന്നമേൽവ[illegible]ർ പത്രത്തിനുള്ള അപേക്ഷകൾമണിയാർഡറുകൾ, പത്രത്തെസംബന്ധിച്ചമറെറഴുത്തുകത്തുകൾ, മുതലായവ താഴെകാണുന്ന മേൽവിലാസത്തിലും. അയച്ചുതരേണ്ടതാകുന്നു.

മാനേജർ ഇ. കെ. കുഞ്ഞുരാമൻ—പ്രബുദ്ധസിംഹളൻ ആഫീസു,
ആനന്ദഭൂതേശ്വരക്ഷേത്രം മെഴുവേലി—കുഴിക്കാലാ. A. O.
കോഴഞ്ചേരി P. O.—തിരുവിതാംകൂർ

---

Printed and Published by C. M. Krishnan at the B. V. Press. Kozhencherry, for the Gangadhara Grantha Sala, Ananda Bhootheswaram [illegible]hetra yogam, Mezhuveli–Kuzhikala.